മി. സ്പീക്കർ: ഈ പ്രമേയം ഇന്ന ചർച്ച ചെയ്യണമോ, എന്ന കാര്യമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. അതേ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് നാളെ മതിയെന്നുണ്ടെങ്കിൽ നാളെയാക്കുന്നതിൽ വിരോധമുണ്ടെന്നും തോന്നുന്നില്ല.

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻനായർ): ഇതു നാളെയാക്കുന്നതിൽ എനിക്ക വിരോധമില്ല. പക്ഷേ ഇതു അത്ര എതിർപ്പുള്ള കാര്യമാണെന്നു ഞാൻ പ്രതീക്ഷിച്ചില്ല.

Mr. Speaker: We will take it up tomorrow Now we may pass on to the next item.

THIRD REPORT OF THE COMMITTEE OF PRIVILEGES, 1969

Shri. P. Ravindran: Sir, I move that the Third Report of the Committee of Privileges, 1969 be taken into consideration.

Shri T. A. Majid: I Second it.

The motion was Put and carried.

Shri. P. Ravindran: Sir, I move that the Report be adopted.

Shri. T. A. Majid: I second it.

The motion was put and carried.

LEGISLATIVE BUSINESS.

KERALA PANCHAYATI RAJ BILL, 1967

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ. പഞ്ചായത്തിരാജ് ബില്ലിനെപ്പറ്റി കൂലങ്കഷമായി പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു സെലക്ട് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ആ സെലക്ട് കമ്മിറ്റി കാഞ്ഞങ്ങാട്, കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം മുതലായ സ്ഥലങ്ങളിൽ ചുറ്റിനടന്നു അവിടെ കണ്ടതും കേട്ടതുമായ തെളിവുകൾ ശേഖരിച്ചു പഠിച്ചുവന്നതിനുശേഷം, പിന്നെ അവർ മഹാരാഷ്ട്ര, ആന്ധ്രപ്രദേശ്, രാജസ്ഥാൻ മുതലായ സ്ഥലങ്ങളിൽപോയി പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കുന്നതിനു വേണ്ടി ഒരാഴ്ച്ച സഞ്ചരിച്ചു എന്നും കാണുന്നു. ഏതായാലും കേരളത്തിലെ സകല പട്ടണങ്ങളിലും പോയി പഠനമെല്ലാം കഴിഞ്ഞു, പിന്നെ മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, രാജസ്ഥാൻ മുതലായ സ്ഥലങ്ങളിൽപോയി വിദഗ്ദ്ധമായി പഠിച്ചിട്ടാണ് സെലക്ട് കമ്മിറ്റി റിപ്പോർട്ട് വന്നിരിക്കുന്നത്. ഇവിടെ, കേരളത്തിൽ, ആദ്യം പഠിക്കാൻ പോയതു തേക്കടിയിലാണ്. തേക്കടിയിലുള്ള കാട്ടാന, കരിംകുരങ്ങ് മുതലായ മൃഗങ്ങളുടെയിടയിൽ പഞ്ചായത്തിരാജ് നടപ്പിലാക്കാൻ വേണ്ടി ഈ സെലക്ട കമ്മിറ്റി ആദ്യംപോയതു തേക്കടിയിലാണ്. തേക്കടിയിൽ കാട്ടാനകളെ കൂട്ടമായി കാണാം.

[Mr. Deputy Speaker in the Chair]

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: മൃഗങ്ങളിൽ ഉൾപ്പെട്ട കുരങ്ങ് നമ്മുടെ പൂർവ്വികനാണെന്നല്ലേ പറയുന്നത്. സത്യവും അതല്ലേ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: നമ്മുടെ കാരണവന്മാർ കുരങ്ങന്മാരാണോ എന്നു എനിക്കറിവില്ല. ഏതായാലും തേക്കടിയിൽ പോയി ഇതെല്ലാം കണ്ടു പഠിച്ചു അവിടെയും ഇതെല്ലാം നടപ്പാക്കാൻ വേണ്ടിയുള്ള കാര്യത്തിനായിരിക്കാം

LIBRARY ARCHIVES Kerala Legislative Assembly

പോയതെന്നു് തോന്നുന്നു, അവരേയും നമ്മുടെ പഞ്ചായത്തുരാജിൽ ഉൾപ്പെടുത്തി അവർക്കും വേണ്ടസൗകര്യം ചെയ്തുകൊടുക്കാൻ പോയതായിരിക്കുമെന്നു തോന്നുന്നു. എന്നിരുന്നാലും ഇതെല്ലാം കഴിഞ്ഞതിനുശേഷമാണു് രാജസ്ഥാൻ, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് മുതലായ സ്ഥലങ്ങളിൽ പോയതു്. അവിടെ ചെന്നിട്ടു് ഇവർ അവിടെയുള്ള

"പുഷ്പ ഫല ലേപൂണ്ണ വല്ലീ തരു
ശഷ്പ രമണീയ കാനന മണ്ഡലെ
രമ്യ കദളീ ബകുളപനസങ്ങ—
ളാമ്രീത കാഞ്ജന നാഗപുന്നാഗങ്ങളം
കുരപൂഹങ്ങളും കോപീദാരങ്ങളും,,

ഇതെല്ലാം കണ്ടു് അവിടെ പലയിടത്തും ചുറ്റിനടന്നു് പഞ്ചായത്തുരാജ് കേരളത്തിൽ എങ്ങനെയാണു് നടപ്പിലാക്കേണ്ടതെന്നു പഠിച്ചു. അവിടെ നിന്നും പുറപ്പെട്ടു്

"ഭൃംഗാദി നാനാ വിഹംഗനാദങ്ങളും
തുംഗമാതംഗ ഭുജംഗ പ്ലവംഗ
കുരംഗാദി നാനാമൃഗ പ്രാതലീലയും,,

എല്ലാം കണ്ടും കേട്ടും ധാരാളം പഠിച്ചുകൊണ്ടാണു് സെലക്ട് കമ്മിറ്റിക്കാർ റിപ്പോർട്ടു് എഴുതിയിട്ടുള്ളതു്. ആ റിപ്പോർട്ടു് സമർപ്പിക്കപ്പെട്ടതിൽ ഒരു വിശേഷത കാണുന്നുണ്ടു്. ആ റിപ്പോർട്ടിൽ വിയോജന കുറിപ്പു് ഉണ്ടു്. നാലു് കോൺഗ്രസു് മെമ്പറന്മാരും, രണ്ടു് കേരളാകോൺഗ്രസു് മെമ്പറന്മാരുമാണു് വിയോജനകുറിപ്പു് എഴുതിയിരിക്കുന്നതു്. ഇത്ര ബ്രഹ്മാണ്ഡമായ രീതിയിൽ ബില്ലിനെപ്പറ്റി പഠിച്ചുവന്നിട്ടു് പാർട്ടി അടിസ്ഥാനത്തിൽ വിയോജനക്കുറിപ്പു് എഴുതിയിരിക്കുന്നതു് പരിതാപകരമായിരിക്കുന്നു. ഇവിടത്തെ അഷ്ടകക്ഷി മുന്നണിയിലെ പാർട്ടി മെമ്പറന്മാരും പ്രതിപക്ഷ പാർട്ടികളിലെ മെമ്പറന്മാരും, സ്വതന്ത്രന്മാരും എല്ലാവരുംകൂടി ഒന്നിച്ചു് ഈ രാജ്യങ്ങളെല്ലാം ചുറ്റിനടന്നിട്ടു്, ഇത്രയും നായ ഒന്നിച്ചു് നടന്നിട്ടു്, ഒരു യോജിപ്പിൽ എത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു് പ്രത്യേകം പരിഗണിക്കേണ്ട സംഗതിയാണു്.

ശ്രീ. കെ. ടി. ജോർജ്ജ്: ഒന്നിച്ചു് സഞ്ചരിച്ചതു കൊണ്ടുമാത്രം ഇക്കാര്യത്തിൽ യോജിപ്പിൽ എത്തണമെന്നില്ലല്ലോ. എന്നുമാത്രമല്ല, ഒന്നിച്ചു സഞ്ചരിച്ചതിനുശേഷം തയ്യാറാക്കിക്കൊണ്ടു വന്ന ഭൂപരിഷ്ക്കരണഭേദഗതി നിയമത്തിൽ ഭരണകക്ഷിയിലുള്ള അഷ്ടകക്ഷിയിൽപ്പെട്ടവരും വിയോജനക്കുറിപ്പെഴുതുമെന്നറിയാമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഭൂപരിഷ്ക്കരണ ഭേദഗതി നിയമമല്ല ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതു്. പഞ്ചായത്തു് രാജ് ബില്ലാണു് ചർച്ച ചെയ്തു കൊണ്ടിരിക്കുന്നതു്. അതുകൊണ്ടു് അതിനെപ്പറ്റി ഇപ്പോൾ പറഞ്ഞാൽ മതി;

ശ്രീ. കെ. ടി. ജോർജ്ജ്: ഒന്നിച്ചു സഞ്ചരിച്ചിട്ടും പ്രതിപക്ഷത്തുള്ളവർ വിയോജനക്കുറിപ്പെഴുതിയതിനെക്കുറിച്ചു പറഞ്ഞതു കൊണ്ടാണു് ഞാനിപ്പോൾ അതു് പറഞ്ഞതു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: അങ്ങനെ ഭരണകക്ഷിയിലുള്ളവർ വിയോജനക്കുറിപ്പെഴുതുമെങ്കിൽ അതു് വളരെ നല്ലതാണു്, അങ്ങനെ എഴുതണമെന്നു തന്നെയാണു് എന്റെ ആഗ്രഹവും.

ശ്രീ. കെ. എം. ജോർജ്ജ്: ഒരു പാർട്ടിയിലുള്ള നാലുപേർതന്നെ ഈ ബില്ലിൽ നാലുവിധത്തിലുള്ള വിയോജനക്കുറിപ്പെഴുതിയിട്ടുള്ളതു് ഒരു സവിശേഷതയാണെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാടൻ: അതൊരു സവിശേഷതതന്നെ. നാലുപേരും കൂടി നാനാവിധത്തിലെഴുതിയിരിക്കുകയാണു്.

പിന്നൊന്നു എനിക്കു പറയുവാനുള്ളതു് ഇന്നത്തെ പ്രോഗ്രാമിൽ ഭൂപരിഷ്ക്കരണ ഭേദഗതി ബിൽ അവതരിപ്പിക്കാൻ പോകുന്നതായി പറഞ്ഞിരിക്കുന്നു. ഇവിടെയുള്ള മന്ത്രിമാർ രാമേശ്വരത്തു പോയിട്ടുണ്ടെന്നുള്ളതിനു് യാതൊരു സംശയവുമില്ല രാമേശ്വരത്തു പോയിയെന്നു് പറയുന്നതിന്റെ കാരണമെന്താണെന്നു് വച്ചാൽ മാറുള്ളിടത്തുള്ളതിനെക്കാൾ രാമേശ്വരത്തിനു് ഒരു പ്രത്യേകതയുണ്ടു്. അവിടെരാളെ വിളിച്ചു ഒരു വശം ചെരുച്ചും, എന്നിട്ടു് അയാളെ മാറിനിറുത്തും, രണ്ടാമതൊരാളെ വിളിച്ചു് അയാളുടെ ഒരു വശം ചെരുച്ചും, എന്നിട്ടു് അയാളെയും മാറിനിർത്തും അതു കഴിഞ്ഞിട്ടു് മൂന്നാമതൊരാളെ വിളിച്ചു് അയാളുടെയും ഒരു വശം ചെരുച്ചും, എന്നിട്ടു് അയാളെയും മാറിനിറുത്തും ഇങ്ങനെ ഉച്ചവരെ ഓരോരുത്തരെയും വിളിച്ചു് ഒരുവശം ചെരുച്ചിട്ടു് മാറിനിറുത്തും. ഉച്ചയ്ക്കു ശേഷം ആദ്യത്തെയാളിനു് വിളിച്ചു് രണ്ടാമത്തെ വശം കൂടി ചെരുച്ചുകൊടുക്കും. ഇതാണു് രാമേശ്വരത്തുള്ള പ്രത്യേകത.

ശ്രീ. എൻ. ഗണപതി: രാമേശ്വരത്തു മാത്രമല്ല തിരുപ്പതിയിലും ഇങ്ങനെയാണു് നടത്തുന്നതെന്നു് അറിയാമോ?

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഈസംപ്രദായം തിരുപ്പതിയിലും ഉണ്ടോ? അതും ഞാൻ മനസിലാക്കിയിട്ടില്ല. രണ്ടു സ്ഥലത്തുണ്ടെന്നു മനസിലാക്കിയതിൽ സന്തോഷമുണ്ടു്. പഞ്ചായത്തു് രാജു് ബിൽ ഈ നിയമസഭയിൽ അവതരിപ്പിച്ചു, ഈ സഭയിലെ മിക്ക അംഗങ്ങളും വകുപ്പുവകുപ്പായി ഇതിലെ കാര്യങ്ങളെ സംബന്ധിച്ചു് ദീർഘമായി പ്രസംഗിക്കുകയും, ഈ ബിൽ കഴിയുന്നതും വേഗം വേണ്ട ഭേദഗതികളോടുകൂടി പാസാക്കണമെന്നു് താൽപര്യം പ്രദർശിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണു് ഇന്നത്തെ പ്രോഗ്രാമിൽ ഭൂപരിഷ്ക്കരണ ഭേദഗതി ബിൽ അവതരിപ്പിക്കുന്നതിനു വേണ്ടി കൊണ്ടുവരുമെന്നു് പറഞ്ഞിരിക്കുന്നതു്. നാലഞ്ചു ദിവസം തുടർച്ചയായി ജനറൽ ഡിസ്കഷൻ നടത്തിയ പഞ്ചായത്തു് രാജു് ബിൽ തീരുന്നതിനുമുമ്പു ഭൂപരിഷ്ക്കരണ ഭേദഗതി നിയമം കൊണ്ടുവന്നതു് കണ്ടപ്പോഴും, ഈ ഗവണ്മെന്റിനു് ഒരു ബില്ലും ഈ നിയമസഭയിൽ പാസാക്കിയെടുക്കരുതെന്നു് ഉദ്ദേശം ഉള്ളതുപോലെ തോന്നുന്നു. പഞ്ചായത്തു് രാജു് ബിൽ വളരെ പ്രധാന്യമുള്ള ഒരു ബില്ലെന്നുള്ള നിലയ്ക്കു് നാലഞ്ചു ദിവസം അതിനെപ്പറ്റി വിമർശനം നടത്തിയിട്ടു് അതു പാസാക്കാതെ രാമേശ്വരത്തെ ക്ഷൗരംപോലെ മാറ്റി വയ്ക്കുന്നതെന്തിനാണു്? ഈ ബിൽ വളരെ ആവശ്യമുള്ളതാണു്, ഇതു് ഏറ്റവും വേഗം പാസാക്കേണ്ട ഒരു ബില്ലാണു്, അതു് പാസാക്കുന്നതിനുവേണ്ടി നാലഞ്ചു ദിവസം ഈ നിയമ സഭയുടെ സമയം ചെലവഴിച്ചതാണു്, ഈ സഭയിലെ മിക്ക അംഗങ്ങളും അവരുടെ അഭിപ്രായങ്ങളും രേഖപ്പെടുത്തിയതാണു്. അങ്ങനെയുള്ള ഒരു ബില്ലു ചർച്ച ചെയ്തു പാസാക്കുന്നതിനുമുമ്പു ഭൂപരിഷ്ക്കരണ നിയമം കൊണ്ടുവന്നതു് ഈ ബിൽ പാസ്സാക്കി നടപ്പിലാക്കേണ്ടയെന്നു് വിചാരിച്ചാണോ? ഇതെന്തു നടപടിയാണു്? എനിക്കത്ഭുതം തോന്നുന്നു. ഇന്നു രാവിലെ തന്നെ ഒരു മണിക്കൂർ ചോദ്യോത്തരസമയത്തു ശ്രദ്ധിച്ചപ്പോഴും ചോദിച്ച ചോദ്യങ്ങൾക്കെല്ലാംതന്നെ സാമ്പത്തിക പരാധീനത, സാമ്പത്തിക പരാധീനത എന്ന മറുപടി പറയുന്നതുകേട്ടു. ഈ രാജ്യത്തെ കാര്യങ്ങൾ നടപ്പിലാക്കുന്നതിനു് ഏറ്റവും പ്രയോജനമുള്ള ഈ ബിൽ പാസാക്കി നടപ്പിൽ വരുത്താൻ ശ്രമിക്കാതെ നാലഞ്ചു ദിവസം ചർച്ച ചെയ്തതിനുശേഷം മാറുള്ള ബില്ലുകൾ കൊണ്ടുവരുന്നതു് ഈ ബിൽ പാസ്സാക്കാതെ മാറ്റി വയ്ക്കാനുള്ള ശ്രമമല്ലേയെന്നു് സംശയിക്കേണ്ടിയിരിക്കുന്നു.

സർ, ഞാൻ ഇനി ഈ ബില്ലിനകത്തേക്കു് പ്രവേശിക്കുകയാണു്. ഈ ബില്ലിന്റെ മൂന്നാം അദ്ധ്യായത്തിൽ ജില്ലാ കൗൺസിലിന്റെ പ്രവൃത്തികളേയും അധികാരങ്ങളേയും പറ്റി വിവരിക്കുന്നുണ്ടു്. ഈ ബില്ലിന്റെ 44-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതു് ഞാൻ വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

"ജില്ലാകൗൺസിലിന്റെ അധികാരങ്ങളും പ്രവൃത്തികളും—1 ഈ ആക്ടിന്റെ വ്യവസ്ഥകൾക്ക് വിധേയമായി, ഒന്നാം പട്ടികയിൽ വിവരിക്കുന്ന സംഗതികളെ സംബന്ധിച്ച് ഒരു ജില്ലയിലെ ഭരണം ജില്ലാ കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നതാണ്"".

ഒന്നാം പട്ടികയിൽ ഈ ബില്ലനുസരിച്ച് ജില്ലാകൗൺസിലുകൾക്ക് കൊടുക്കുന്ന അധികാരങ്ങൾ എന്തൊക്കെയാണെന്നു വിവരിക്കുന്നുണ്ട്. നമുക്ക് ഒന്നാം പട്ടിക നോക്കാം. ഒന്നാം പട്ടിക പുറം 75, അതിൽ കൗൺസിലിനു നോക്കേണ്ട കാര്യങ്ങൾ പറഞ്ഞിരിക്കുകയാണ്. "(1) ഭൂനികുതി ഭരണം, (2) കൃഷി, (3) മൃഗപരിപാലനം" അതാണ് സെലക്ട് കമ്മറ്റി അംഗങ്ങൾ തേക്കടിയിലും ആന്ധ്രപ്രദേശിലും മറ്റും പോയത്. തേക്കടിയിൽ ചെന്ന് കാട്ടാന, കടുവ, കരിമന്തി മുതലായവയ്ക്ക് എന്തുതീറ്റിയാണ് കൊടുക്കേണ്ടത് അവയെ സംരക്ഷിക്കേണ്ടത് എങ്ങനെയാണെന്നെല്ലാം നോക്കി പഠിച്ചു ആന്ധ്ര പ്രദേശിൽ പോയി അവിടെയുള്ള കഴുതകളെ എങ്ങനെയാണ് കുളിപ്പിക്കുന്നത് അവയ്ക്ക് തവിടാണോ ആഹാരമായി കൊടുക്കുന്നത് അതോ മറ്റുവല്ലതുമാണോ കൊടുക്കുന്നത് എന്നെല്ലാം നോക്കി. "(4) സിവിൽ പ്രതിരോധം, (5) സാമൂഹ്യവികസനം, (6) തീപിടിത്ത നിയന്ത്രണം തീപിടിച്ചാൽ എങ്ങനെയാണ് നിയന്ത്രിക്കേണ്ടത് എന്നുനോക്കുന്നതിനുവേണ്ടിയാണ് സെലക്ട് കമ്മറ്റി അംഗങ്ങൾ ആന്ധ്ര, മഹാരാഷ്ട്ര, രാജസ്ഥാൻ മുതലായ സ്റ്റേറ്റുകളിൽപോയത്" "(7) മോട്ടോർ വാഹനങ്ങളുടെ നിയന്ത്രണം" മോട്ടോർ വാഹനങ്ങൾ ഏതു വശത്തുകൂടെ പോകണം, സ്റ്റീയറിംഗ് എങ്ങനെ പിടിക്കണം, നാലുചക്രങ്ങളുള്ള വണ്ടികളാണോ മൂന്നുചക്രങ്ങളുള്ള വണ്ടികളാണോ ഇതിനെപ്പറ്റിയെല്ലാം പഠിക്കുന്നതിനു വേണ്ടിയാണ് സെലക്ട് കമ്മറ്റി അംഗങ്ങൾ രാജ്യം മുഴുവൻ ചുറ്റിനടന്നത് "(8) തൂക്കങ്ങളുടേയും അളവുകളുടേയും നിയന്ത്രണം" ഈ സംസ്ഥാനത്തേയും മറ്റുള്ള സംസ്ഥാനങ്ങളിലേയും തൂക്കങ്ങൾക്കും അളവുകൾക്കും തമ്മിൽ വ്യത്യാസം ഉണ്ടോയെന്നും ഒരുപോലെയാണോയെന്നും നോക്കുന്നതിനു വേണ്ടിയാണ് അവർ ചുറ്റിസഞ്ചരിച്ചത് "(9) ക്ഷീരോൽപാദന വികസനം" പാൽ കറക്കുന്നത് എങ്ങനെയാണ്, പാൽ കൂടുതൽ കിട്ടുന്നതിനു എന്തു ചെയ്യണം എന്നെല്ലാം നോക്കുന്നതിനു വേണ്ടിയാണ് കേരളം ഒട്ടുക്കും മറ്റും സംസ്ഥാനങ്ങളിലും പോയത് "(10) ഉൾനാടൻ മത്സ്യവ്യവസായ വികസനം" അപ്പോൾ കടലിലുള്ള മത്സ്യം ഇല്ല. കണ്ടത്തിലും, കുളത്തിലും, തോടുകളിലും പുഴകളിലുമുള്ള മത്സ്യം പിടിക്കുന്നതിനു ശാസ്ത്രീയമായ ഗവേഷണം നടത്തി ആവശ്യമായ വികസനം നടപ്പിൽ വരുത്തണം "(11) വിദ്യാഭ്യാസം (കോളേജ് വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും ഒഴികെ) (12) എക്സൈസും പിരിവും ലൈസൻസും നൽകലും (13) ഹരിജനക്ഷേമം (14) ഭവനനിർമ്മാണവും കുടിയേറിപ്പാർപ്പും (15) വൻപദ്ധതികളൊഴികെയുള്ള ജലസേചനം (16) പൊതുകെട്ടിടങ്ങളും, റോഡുകളും, പാലങ്ങളും എന്നിവ ഉൾപ്പെടെയുള്ള പൊതുമരാമത്തും (എന്നാൽ കേന്ദ്രസംസ്ഥാന ഗവണ്മെന്റുകളോ പബ്ലിക് കോർപ്പറേഷനോ മറ്റു സ്വയം ഭരണാധികാരമുള്ള പൊതുഅധികാര സ്ഥാപനമോ ആവശ്യപ്പെടുന്ന കെട്ടിടങ്ങളും അതിലുള്ള ദേശീയസംസ്ഥാനങ്ങളും ഹൈവേകളും ഒഴികെ)" അപ്പോൾ എൻ. എച്ച്. 47 തൊടാൻ പാടില്ല. ജില്ലാ കൗൺസിലുകൾ റോഡുകൾ നന്നാക്കാൻ ചെല്ലുമ്പോൾ N. H. 47 തൊടാൻപാടില്ല " (17) പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് (18) പാശ്ചാത്യവും ഭാരതീയവുമായ സംപ്രദായങ്ങളിൽ കൂടി ആരോഗ്യസേവനങ്ങൾ ചെയ്യുകൊടുക്കൽ" അലോപ്പതിയും ഹോമിയോപ്പതിയും പാശ്ചാത്യ സംപ്രദായത്തിൽപ്പെടും. ആയുർവേദം പൗരസ്ത്യ സംപ്രദായത്തിൽപ്പെടും, പിന്നെ യുനാനി ഏതിൽ വരുമെന്നറിഞ്ഞുകൂടാ "(19) എംപ്ലായ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പൊതുജനങ്ങൾക്ക് തൊഴിലുണ്ടാക്കികൊടുക്കുന്നതിനു സഹായം ചെയ്തു കൊടുക്കൽ (20) സാമൂഹ്യപെൻഷനുകളും ദുരിതാശ്വാസനടപടികളും ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം (21) മണ്ണ് സംരക്ഷണം (22) തട്ടേ

LIBRARY ARCHIVES Kerala Legislative Assembly

ശ്രവണ്മെന്റുകളുടെ മേൽനോട്ടം'' ഇതുയും അധികാരങ്ങളാണ്. ഒന്നാം പട്ടിക അനുസരിച്ച് ജില്ലാ കൗൺസിലുകൾക്ക് വിട്ടുകൊടുത്തിട്ടുള്ള പ്രവൃത്തികളും അധികാരങ്ങളും.

ഇതിനു പുറമെ രണ്ടാം പട്ടികയിൽ ചില അധികാരങ്ങളെല്ലാം കൊടുക്കുന്നുണ്ട്. രണ്ടാം പട്ടിക പേജ് 76. "(1) നികുതി പിരിവു് (2) സഹകരണപ്രസ്ഥാനം (3) വ്യാവസായിക വികസനം (4) ഫാക്ടറികളുടേയും ബോയിലറുകളുടേയും പരിശോധന (5) റവന്യൂ റിക്കാർഡുകളും വെച്ചു പോരൽ" വെച്ചു പോരൽ ഇതിന്റെ ഇംഗ്ലീഷ് വാക്ക് എന്തോന്നാണ്? , ഇതെന്തോന്ന വാക്കാണ്? ഇതു് തർജ്ജിമ ചെയ്തതാരാണ്. ഇവിടെയുള്ള ആരെങ്കിലുമാണോ തർജ്ജിമചെയ്തതു്? എങ്കിൽ സ്റ്റുപ്പിഡ് അപ്പു്. "(6) പോലീസ് ഭരണം (7) ജയിലുകളുടെ ഭരണം (8) തൊഴിലാളിക്ഷേമം. അഭിവൃദ്ധിപ്പെടുത്തൽ (9) പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങളും (10) ലേഖനസാമഗ്രികളും വിലയ്ക്കുവാങ്ങുകയും വിതരണം ചെയ്യുകയും ചെയ്യൽ". അതായതു് പത്രങ്ങളും മറ്റും എഴുതുന്ന ലേഖനങ്ങളും വിലയ്ക്കു വാങ്ങിച്ചിട്ടു് അവയെല്ലാം വിതരണം ചെയ്യണം അല്ലേ? അതോ ലേഖന സാമഗ്രികളും എന്നു് പറയുമ്പോൾ ലേഖനം എഴുതാൻ ഉപയോഗിക്കുന്ന മഷിയും പെൻസിൽ, ഫൗണ്ടൻപേന മുതലായവ വാങ്ങിക്കുകയും അതു് വിതരണം ചെയ്യുകയുമാണോ? (11) രേഖകളും രജിസ്റ്റർ ചെയ്യൽ ഇതെല്ലാമാണു് വിട്ടുകൊടുത്തിരിക്കുന്ന അധികാരങ്ങളും. ഇനിയും ഉണ്ടു് കുറെ പട്ടികകളും.

മി. ഡെപ്യൂട്ടി സ്പീക്കർ: അതെല്ലാം വായിക്കണമോ?

ശ്രീ. ജോസഫ് ചാഴിക്കാടൻ: വായിക്കണം, വായിക്കണം. സെലക്ട്കമ്മറി അംഗങ്ങളും രാജ്യം മുഴുവൻ ചുറ്റി സഞ്ചരിച്ചു പഠിച്ചതിനുശേഷം തയ്യാറാക്കി കൊണ്ടുവന്നിരിക്കുന്ന പട്ടികകളെല്ലാം വായിക്കണം. എങ്കിലേ അതിൽ ഇനി വല്ലതും ചേർക്കണമോ, വല്ലതും വെട്ടിക്കുറക്കണമോയെന്നു് അറിയാൻ സാധിക്കുകയുള്ളൂ.

അടുത്തതായി എനിക്ക് പറയുവാനുള്ളതു് 6-ാം പട്ടികയെ സംബന്ധിച്ചാണ്. 6-ാം പട്ടിക പുറം 102. നോക്കേണ്ടവർ നോക്കി എടുത്തോ? അതിൽ പറഞ്ഞിരിക്കുന്നതു് ഭൂനികുതി പിരിക്കൽ. ഗവണ്മെന്റു പിരിവിനുവേണ്ടി പഞ്ചായത്തിനെ ഏൽപ്പിക്കുന്ന നികുതി പിരിക്കൽ. ഗ്രാമക്കോടതികളുടേയും, അവയുടെ സംരക്ഷണത്തിന്റെയുംചെലവു വഹിക്കൽ 15,000 രൂപയിൽ താഴെ ചെലവു വരുന്ന ജലസേചനപ്പണികളുടെ നിർമ്മാണവും സംരക്ഷണവും. അപ്പോൾ പതിനായിരം രൂപയായി പോയാൽ അതിൽ ജില്ലാകൗൺസിലുകൾക്ക് തൊടാൻ പാടില്ല. അടുത്തതു് ഗവണ്മെൻറു അപ്രകാരം തരംതിരിക്കണം ഗ്രാമറോഡുകളുടെനിർമ്മാണവും സംരക്ഷണവും. സർ,ഇതു് ട്രാൻസ്ലേറ്റു ചെയ്തിരിക്കുന്നതത്രയും തെറ്റാണു്. അപ്പടി അബദ്ധമാണു് സർ ഇതിൽ എഴുതിയിരിക്കുന്നതു്. ആരാണു് തർജ്ജിമ ചെയ്തതെന്നു് അന്വേഷിച്ചാൽ കൊള്ളാം.

ശ്രീ. കെ. ടി. ജോർജ്ജ്: വായിച്ചു പോയാൽ മാത്രം പോര. ഓരോന്നിനെ സംബന്ധിച്ചും എന്താണഭിപ്രായമെന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. ജോസഫ് ചാഴിക്കാടൻ: പറയാം പറയാം. പിന്നെ ഗ്രാമ റോഡുകളുടെ നിർമ്മാണവും സംരക്ഷണവും.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: ബഹുമാനപ്പെട്ട ചാഴിക്കാടൻ ഈ ബില്ല് വായിച്ചിട്ടില്ലെന്നു തോന്നുന്നു. ഇതു് വായിച്ചിട്ടു് നാളെ സംസാരിക്കാം. കൂടുതൽ സമയവും ഈ ബില്ല് വായിച്ചു കളയുന്നതു ശരിയല്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഇന്നു പറയാവുന്നിടത്തോളം പറയാം. തീർന്നില്ലെങ്കിൽ നാളെ പറയാം ഞാൻ വായിക്കാതെയാണോ സഭാതിനും നോട്ടീസ് പോലും കൊടുത്തു വച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർപ്രധാനപ്പെട്ടതുമാത്രം പറഞ്ഞാൽമതി.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ശിശുക്ഷേമം. അതു വിടാമോ?

നമ്മുടെ പിള്ളേരുടെ കാര്യം. അതു വിട്ടാൽ ചുറ്റിപ്പോകും. കാന്നുകാലി, കോഴി വളർത്തൽ അതു വിടാമോ. പിന്നെ ഡ്രെയിനേജും ശുചീകരണവും. ശവം അടക്കുകയും ദഹിപ്പിക്കുകയും ചെയ്യുന്നതിനുള്ള സ്ഥലങ്ങളും തുറക്കലും അവയുടെ സംരക്ഷണവും. ഇപ്പോൾ ശവം അടക്കുകയല്ല, ദഹിപ്പിക്കുകയാണ്. ദഹിപ്പിച്ചാൽ മതി എന്ന ഒരു അഭിപ്രായം വരുന്നുണ്ട്. അതുകൊണ്ട് അതൊന്ന് കൺസിഡർ ചെയ്യണം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അങ്ങനെ ഒരു ഭേദഗതി ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ചാൽ കൊള്ളാമായിരുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഓഹോ ഇപ്പോൾ തന്നെ അവതരിപ്പിച്ചേക്കാം. ശ്മശാനം എന്നു പറഞ്ഞു ശവം അടക്കുന്ന സ്ഥലമുണ്ട്. മനുഷ്യനെ ദഹിപ്പിക്കുകയോ കുഴിച്ചിടുകയോ ചെയ്യുന്ന സ്ഥലത്തിനു ശ്മശാനമെന്നാണു പറയുന്നത്. ശ്മശാനത്തിനു ചുറ്റും മതിൽ കെട്ടേണ്ട ആവശ്യമില്ലെന്നു ഒരു കവി എഴുതിയിട്ടുണ്ട്. ഇംഗ്ലീഷിൽ ഒരു വലിയ കവിയാണു അങ്ങനെ എഴുതിയിരിക്കുന്നത്. കാരണം ശ്മശാനത്തിനകത്തു നിന്നു മരിച്ചവരാരും ഇറങ്ങിപ്പോവുകയില്ല. അതു കൊണ്ട് മതിൽ കെട്ടേണ്ട ആവശ്യമില്ല. രാത്രിയോ പകലോ ആരും ഒളിച്ചു ചെന്നു കയറിക്കളയുകയുമില്ല. ഇതു പറഞ്ഞ കവിയുടെ പേരു ഞാൻ ഓർക്കുന്നില്ല. പേരറിഞ്ഞില്ലെങ്കിലും സംഗതി അറിഞ്ഞാൽ മതി.

പിന്നെ മാർക്കറ്റുകൾ, കശാപ്പുശാലകൾ, ബസ്സ് സ്റ്റാൻറുകൾ, വണ്ടി ത്താവളങ്ങൾ, ഇറങ്ങുന്നതിനുള്ളസ്ഥലങ്ങൾ, തങ്ങുന്നതിനുള്ളസ്ഥലങ്ങൾ. 'തങ്ങുക' എന്നു വച്ചാൽ എന്താണു. ഈ സംഗതി അസംബ്ലി ഒന്നു പ്രത്യേകം ശ്രദ്ധിക്കണം. ഇംഗ്ലീഷിൽ നിന്നു മലയാളത്തിലേക്കു തർജ്ജിമ ചെയ്തു കൊണ്ടു വരുമ്പോൾ ഇംഗ്ലീഷും മലയാളവും നല്ല ഗന്ധമുള്ള ആളുകളെ വേണം വയ്ക്കേണ്ടതു. ഇതു വളരെ ആവശ്യമായി വന്നിരിക്കുന്നു. കടത്തുകൾ, കുളിക്കുന്നതിനും കഴുകുന്നതിനുമുള്ളസ്ഥലങ്ങൾ ഇവ സ്ഥാപിക്കലും നടത്തിപ്പോരലും അവയ്ക്കു ലൈസൻസ് കൊടുക്കലും. പോരലും എന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണു. അതു പോലെ തങ്ങുന്നതിനുള്ള സ്ഥലം വെയിറ്റിംഗ് ഷെഡ് എന്നു ഇട്ടാൽ മതിയല്ലോ. അതു കൊണ്ട് ഇങ്ങനെ തർജ്ജിമ ചെയ്യാതെ കൂടെക്കൂടി നല്ല നിലയിൽ തർജ്ജിമ ചെയ്യുന്നതിനു പരിശ്രമിക്കണം. ചന്തകളും, ഉത്സവസ്ഥലങ്ങളും നിയന്ത്രിക്കൽ, കന്നുകാലി കോഴി പ്രദർശനങ്ങളും വിളമൽസരങ്ങളും നടത്തിക്കൽ, ശിശുക്ഷേമം, വയോജനങ്ങൾക്കും ദുർബലന്മാർക്കും, വികലാംഗർക്കും സഹായം നൽകൽ.

ശ്രീ. പി. എം. അബൂബക്കർ: വയോവൃദ്ധന്മാർക്കുള്ള സഹായത്തിൽ ബഹുമാനപ്പെട്ട മെമ്പറും ഉൾപ്പെട്ടുമോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: നോക്കട്ടെ. വല്ല സഹായവുമുണ്ടെങ്കിൽ ഇങ്ങു തന്നേരെ. എന്നെ വേണ്ടതു പോലെ നിങ്ങളെല്ലാം സഹായിക്കണം.

ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ മെമ്പറന്മാരെനോക്കി സംസാരിക്കാതെ ചെയറിനെ നോക്കി സംസാരിക്കണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഇത്തരം ചോദ്യം ചോദിച്ചാൽ മെമ്പറെ നോക്കിയല്ലാതെ എങ്ങനെ പറയാനാണ്. പിന്നെ വായനശാലകളും ഗ്രന്ഥശാലകളും. ഇതിന്റെ വ്യത്യാസമെന്താണു. വായനശാല എന്നു പറഞ്ഞാൽ ഗ്രന്ഥശാല, ഗ്രന്ഥശാല എന്നു പറഞ്ഞാൽ വായനശാല. ലൈബ്രറി ആൻറ് റീഡിംഗ് റൂംസ്. അതു ശരി. വായനശാലകളും ഗ്രന്ഥശാലകളും, വിനോദകേന്ദ്രങ്ങളും, ശിശുക്ഷേമ

LIBRARY ARCHIVES Kerala Legislative Assembly

ക്കായുള്ള ഉദ്യാനങ്ങളും സ്ഥാപിക്കലും നടത്തിപ്പോരലും അവക്ക് പ്രോൽസാഹനം നൽകലും. സെക്കൻററി സ്കൂളുകളോട് ചേർന്നതല്ലാത്ത പ്രൈമറി സ്കൂളുകളും നടത്തിപ്പോരൽ.

ശ്രീ. കെ. ടി. ജോർജ്ജ്: പട്ടിക വായിച്ചു പോകുമ്പോൾ ഇതോരോന്നും പെടുത്തണമോ അല്ലെങ്കിൽ വേണ്ടയോ, അതോ ഭേഗതി വേണമോ എന്നുള്ളതിനെ സംബന്ധിച്ച് മെമ്പറുടെ വിദഗ്ദ്ധമായ അഭിപ്രായംകൂടി പറഞ്ഞാൽ കൊള്ളാം..

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഇന്നതു് ആവശ്യമുണ്ടു്, ഇന്നതു് ആവശ്യമില്ല എന്നു് പിന്നീടു് പറയാം.

ശ്രീ. എ. വി. കുഞ്ഞമ്പു: പഞ്ചായത്തുരാജ്ജ് ബില്ലിനെ സംബന്ധിച്ച് ആദ്യം മുതൽ അവസാനംവരെ വായിച്ചു് ഈ രൂപത്തിൽ സമയം നഷ്ടപ്പെട്ടുന്നതു് ഓർഡറിലാണോ?

ഡെ: സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യം പ്രസക്തമാണു്. അതുകൊണ്ടു് കുഴിയുന്നതും മുഴവൻ വായിക്കാതെ കാര്യം പറയുന്നതാണു് നല്ലതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഞാൻ ഇതേപ്പററി സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ അതിനിടക്കു് കേറി ചോദ്യം ചോദിച്ചു് സമയം അപഹരിക്കുകയും ചെയ്തിട്ടു് സമയം കൂടുതൽ എടുക്കുന്നു എന്നു പറയരുതു്. കലയിലും നാടകത്തിലും, പ്രസംഗത്തിലും, കളികളിലും, കായികവിനോദങ്ങളിലും സ്കൂൾ വിദ്യാർത്ഥികൾക്കു വേണ്ടി മൽസരങ്ങൾ നടത്തൽ.....

ശ്രീ. പി. എൻ. ചന്ദ്രസേനൻ: കലയും കായികവിനോദവും തമ്മിലുള്ള വ്യത്യാസമെന്താണു്?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഒന്നു കളിയും ഒന്നു കാര്യവും. ഇങ്ങനെ പിന്നെയും ധാരാളമുണ്ടു്. കന്നുകാലി പൗണ്ടുകൾ നിയന്ത്രിക്കൽ, അലഞ്ഞു തിരിയുന്ന നായ്ക്കളെയും ഉടമസ്ഥനില്ലാത്ത കന്നുകാലികളെയും കയ്യൊഴിക്കൽ. ഇതെല്ലാം കൗൺസിലറന്മാർ ചെയ്യണം പോലും. ഡിസ്ട്രിക്ട് കൗൺസിലിലെ മെമ്പറന്മാർ അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിച്ചു കൊണ്ടു വരുക. അതു് അവർക്കു വേണ്ട. സർക്കാരിനു തന്നെ ഇരിക്കട്ടെ. അലഞ്ഞു തിരിയുന്ന കന്നുകാലികളെ കയ്യൊഴിക്കൽ എന്നു പറഞ്ഞാൽ അത്മെന്താണെന്നു് മനസിലായില്ല. അതും കൗൺസിലിനു കൊടുക്കേണ്ട. ശ്രീ. ജോർജ്ജ് പറഞ്ഞതിനോടു് ഞാനും യോജിക്കുന്നു. ഓരോന്നും വേണമോ വേണ്ടയോ എന്നു പറഞ്ഞു പറഞ്ഞു പോകാം. അതായിരിക്കും നല്ലതു്.

ശ്രീ. കെ. ടി. ജോർജ്ജ്: പട്ടിയെ അവർ പിടിച്ചില്ലെങ്കിൽ ആരെക്കൊണ്ടു പിടിപ്പിക്കണമെന്നാണു് മെമ്പർ പറയുന്നതു്?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: വേറെ പട്ടികൾ നാട്ടിൽ കാണും. അവർ പിടിച്ചു കൊള്ളും. നമ്മൾ പിടിക്കണമോ. നാമൊക്കെ കൗൺസിലറന്മാരാകാനുള്ള വരാണു്. പിന്നെ അനാഥപ്രേതങ്ങളേയും ജന്തുക്കളുടെ ശവശരീരങ്ങളെയും കയ്യൊഴിക്കൽ. ഇതിന്റെ അർത്ഥവും എനിക്കു മനസിലായില്ല. കയ്യൊഴിക്കൽ. എന്നു പറഞ്ഞാൽ ഡിസ്പോസൽ ആണല്ലേ. അനാഥ പ്രേതങ്ങളെ നീക്കാനും മറവുമാണോ ഒന്നാംതരം ഡി. എ. യും ശമ്പളവും, കാറും ഒക്കെ കൊടുക്കാൻ പോകുന്നതു്. ഇതു് ഡിസ്ട്രിക്ട് കൗൺസിലറന്മാരുടെ അന്തസ്സിനു നിരക്കാത്തതാണു്. ഇനിയും ഒരുപാടുണ്ടു്. 7-ാം പട്ടിക സാരമില്ല. അതിൽ കുറച്ചു കാര്യങ്ങളെ പറഞ്ഞിട്ടുള്ളൂ.

ഇനി എനിക്കു് ഇപ്പോൾ പ്രധാനമായിട്ടു് പറയാനുള്ള ചില സംഗതികളിൽ ഒന്നു് വകുപ്പു് 8, പേജു് 32 നെക്കുറിച്ചാണു്.

LIBRARY ARCHIVES Kerala Legislative Assembly

അംഗത്വത്തിനുള്ള യോഗ്യത. ഒരാൾ (എ) അയാൾ ജില്ലയിലെ ഏതെങ്കിലും വാർഡിലേക്കുള്ള സമ്മതിദായകനായിരിക്കുകയും, റിട്ടേണിംഗ് ആഫീസറുടെയോ ഇലക്ഷൻ ഡയറക്ടർ അതിലേക്ക് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ആളുടേയോ മുമ്പാകെ ആ ആവശ്യത്തിലേക്ക് മൂന്നാം പട്ടികയിൽ കൊടുത്തിട്ടുള്ള ഫോറമനുസരിച്ച് സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യുകയും വേണ്ടതാണ്. അയാൾക്ക് 25 വയസ്സിൽ കുറവില്ലാത്ത പ്രായവും ഉണ്ടായിരിക്കണം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: തിരഞ്ഞെടുപ്പിനു നിൽക്കുന്നതിനു പരമാവധി ഇത്ര വയസിൽ കൂടുതൽ പാടില്ലെന്ന ഒരു വ്യവസ്ഥ വയ്ക്കണമെന്നു പറയുന്നതിനോട് യോജിക്കുന്നുണ്ടോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: 25 വയസ്സു എന്നു വച്ചിരിക്കുന്നതു വളരെ കൂടുതലാണ്. പ്രായപൂർത്തിയാകാൻ 18 വയസ്സുമാത്രം മതി. പിന്നെ സാധാരണ ഗതിയിൽ വോട്ടു ചെയ്യാൻ 21 വയസ്സു മതി. മാസിഡോനയിലെ മഹാനായ അലക്സാണ്ടർ, ചക്രവർത്തിയായപ്പോൾ അദ്ദേഹത്തിനു 18 വയസ്സേ ഉണ്ടായിരുന്നുള്ളു. ഇംഗ്ലണ്ടിലെ ഒരു പ്രധാനമന്ത്രിക്ക് പ്രധാനമന്ത്രിയായപ്പോൾ 21 വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. അതിനെക്കുറിച്ചു ഏറ്റവും വലിയ ഒരു മഹാകവി പറഞ്ഞിരിക്കുന്നതു ''Kingdom at present is entrusted to a school-boy's care''. ഇങ്ങനെയാണു്. അതു കൊണ്ടു് ഈ വയസ്സു് 25 എന്നുള്ളതു് കുറച്ചു് 21 വയസ്സു് എന്നാക്കണമെന്നു് എനിക്കഭിപ്രായമുണ്ടു്.

ശ്രീ. എം. കെ. ദിവാകരൻ: സർ ഒരു പോയിന്റു് ഓഫ് ഓർഡർ. വെറുതെ മുറുക്കി കൊണ്ടു് ഈ സഭയിൽ ഇരിക്കാമോ; അങ്ങനെ ഇരിക്കാമെങ്കിൽ പുകവലി തടയുന്നതു് വിവേചനമല്ലേ?

ഡെ: സ്പീക്കർ: പാടില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഞാൻ മുറുക്കി സംസാരിക്കുന്നു എന്നേയുള്ളു. അതു് വേഗത്തിൽ കാര്യം പറഞ്ഞുതീരാൻ വേണ്ടിയുമാണു്. അല്ലാതെമറേറതു് ഞാൻ ചെയ്യുകയില്ല.

ഡെ: സ്പീക്കർ: ബഹുമാനപ്പെട്ടമെമ്പറെ സംബന്ധിച്ചല്ല, മറാരെയോ സംബന്ധിച്ചാണു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അതുശരി, അപ്പോൾ 25 വയസ്സു് എന്നുള്ളതു കുറച്ചു് പതിനെട്ടു വയസ്സു് എന്നാക്കണം, അല്ലെങ്കിൽ 21 വയസ്സു് എന്നെങ്കിലുമാക്കണം.

അതുപോലെ തന്നെ കൗൺസിൽ മെമ്പറാകുന്നതിനു് 25 വയസ്സിൽ കുറയാതെ എന്നു പറയുന്നതിനോടൊപ്പം തന്നെ 80, 85, 90 വയസ്സിൽ കവിഞ്ഞു് പ്രായമുള്ളവർക്കു് കൗൺസിൽ മെമ്പറായിരിക്കുവാൻ പാടില്ലെന്നുകൂടി നിയമത്തിൽ പറയണം. ഇതിൽ എവിടംവരെ ആകാമെന്നു പറയുന്നില്ല. അതിനു് ഒരു പരിധി വയ്ക്കണം. ചുമ്മാതെ അങ്ങു ജീവിച്ചിരിക്കുന്നിടത്തോളം കാലം എന്നു വയ്ക്കാൻ പാടില്ല. പ്രത്യേകിച്ചും ശരാശരി വയസ്സു് കേരളത്തിൽ കൂടിയിട്ടുള്ള സ്ഥിതിക്കു് .....

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: 65 വയസ്സിൽ കൂടുതൽ പ്രായമുള്ളവർക്കു് മെമ്പറായിരിക്കാൻ പാടില്ല എന്നു വയ്ക്കണമെന്നു് ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗം കേട്ടപ്പോൾ തോന്നുന്നുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: നിങ്ങൾ അവിടംവരെ വരുമ്പോൾ അറിയാം. 65 വയസ്സിലെത്തുമ്പോൾ അപ്പോഴറിയാം, നിങ്ങളുടെ മനസ്സിലിരിക്കുന്ന അഭിപ്രായം എന്താണെന്നു്. ബഹുമാനപ്പെട്ട മെമ്പർ 65 വരെ ചെല്ലുമോ എന്നെനിക്കു സംശയ

LIBRARY ARCHIVES Kerala Legislative Assembly

മുണ്ട്. ചെറുപ്പകാലത്തെ ജീവിതരീതി അനുസരിച്ചാണ് കൂടുതൽകാലം ജീവിച്ചിരിക്കുന്നത്. ചെറുപ്പകാലത്തു് മദ്യമടക്കം ജീവിച്ചാൽ 85-90 വയസ്സുവരെ ഒരുകിലും ഇരിക്കാം. അല്ലാതുള്ളവർ 65 വയസ്സുവരെപ്പോലും ചെല്ലുകയില്ല. ഏതായാലും ഒരു പരമാവധി ഇത്ര വയസ്സുവരെ മെമ്പറായിരിക്കാമെന്ന പ്രത്യേകം നിയമമുണ്ടായിരിക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. കേരളത്തിലെ ശരാശരി വയസ്സ് മുൻപു് 30 ആയിരുന്നു. അതിപ്പോൾ കൂടിയിട്ടുണ്ട്. 45 വയസ്സാണ് ഇപ്പോഴത്തെ ശരാശരി, ആ സ്ഥിതിക്കു് ഏതു നിലയിലും 90 വയസ്സിൽ കൂടുതൽ പ്രായമുള്ളവർക്കു് കൗൺസിലർമാർ ആകാൻ അവകാശമില്ലെന്നു പറയണം.

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: 90-ാമത്തെ വയസ്സിലും മി. ഗ്ലാഡ്സ്റ്റൺ ബ്രിട്ടീഷു് പ്രധാനമന്ത്രിയായിരുന്നില്ലേ? അപ്പോൾ കാര്യക്ഷമതയ്ക്കു് എന്തെങ്കിലും കുറവുണ്ടായിരുന്നോ?

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: ഇതെവിടെ നിന്നു കിട്ടിയ വിവരമാണു്? അതിനു് എന്തെങ്കിലും അതോറിട്ടി ഉണ്ടോ?

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: ഉണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: എന്നാൽ ഗ്ലാഡ്സ്റ്റൺ 90-ത്തെ വയസ്സിൽ പ്രധാനമന്ത്രിയായിരുന്നില്ല. അതു തെറ്റാണു്.

ഡെപ്യൂട്ടി സ്പീക്കർ: അതേപ്പറ്റി ഇവിടെ ഡിസ്കസ് ചെയ്യണ്ട.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: ശരി. അടുത്തതായി വകുപ്പ് 29, പേജ് 43-ൽ പറയുന്നതു;

"(എ) ഓരോ ജില്ലാ കൗൺസിലിലും താഴെ പറയുന്ന സ്ഥിരം കമ്മിറ്റികളും ഉണ്ടായിരിക്കുന്നതാണു്, അതായതു്:—

(എ) എസ്റ്റാബ്ലിഷ്മെൻറ് സംബന്ധിച്ച സംഗതികളും, എംപ്ലോയ്മെൻറ് സർവ്വീസു്, ഫയർസർവ്വീസു്, ഹോംഗാർഡുകളും, നിയമപരമായ സംഗതികളും, തദ്ദേശാധികാരസ്ഥാപനങ്ങളും, റവന്യൂ, ട്രഷറികളും അളവുകളും, രണ്ടാം പട്ടികയിലെ എല്ലാ സംഗതികളും, എല്ലാ പലവകയും ശേഷിച്ചതുമായ സംഗതികളും കൈകാര്യം ചെയ്യുന്ന പൊതുവായ സ്ഥിരം കമ്മിറ്റി;

(ബി) ധനകാര്യം കൈകാര്യം ചെയ്യുന്ന ധനകാര്യ സ്ഥിരംകമ്മിറ്റി;

(സി) കൃഷി, മൃഗപരിപാലനം, സാമൂഹ്യവികസനം, ക്ഷീരോല്പാദന വികസനം, ഉൾനാടൻ മീൻപിടുത്തം, മണ്ണുസംരക്ഷണം എന്നിവ കൈകാര്യം ചെയ്യുന്ന വികസനപരമായ സ്ഥിരംകമ്മിറ്റി;

(ഡി) ഹരിജനക്ഷേമവും ആരോഗ്യപരമായ സർവ്വീസുകളും, നാട്ടുചികിത്സകളും, സാമൂഹ്യക്ഷേമവും കൈകാര്യം ചെയ്യുന്ന ക്ഷേമപരമായ സ്ഥിരംകമ്മിറ്റി;

(ഇ) പ്രധാന പദ്ധതികളും ഒഴികെയുള്ള ജലസേചനവും മോട്ടാർവാഹനങ്ങളും, പബ്ലിക് ഹെൽത്തു് എഞ്ചിനീയറിംഗു് റോഡുകളും കെട്ടിടങ്ങളും പാലങ്ങളും കൈകാര്യം ചെയ്യുന്ന പൊതുമരാമത്തു സംബന്ധിച്ച സ്ഥിരംകമ്മിറ്റി;

(എഫ്) വിദ്യാഭ്യാസം കൈകാര്യം ചെയ്യുന്ന വിദ്യാഭ്യാസംസംബന്ധിച്ച സ്ഥിരംകമ്മിറ്റി;" ഇത്രയും കമ്മിറ്റികളാണു് പറയുന്നതു്.

ജില്ലാ കൗൺസിലിന്റെ ഭരണത്തിനുവേണ്ടി ആറു കമ്മിറ്റികളെ ഉണ്ടാക്കുന്നതു് അനാവശ്യമാണു്. ചെയർമാൻ ഉൾപ്പെടെ ഏഴംഗങ്ങളും ഓരോ കമ്മിറ്റിയിലും ഉണ്ടായിരിക്കണമെന്നാണു്. ആറു സ്ഥിരം കമ്മിറ്റികളും വച്ചുകഴിയുമ്പോൾ 42 പേർ കമ്മിറ്റിയംഗങ്ങളായി വരും, അവരുടെ യാത്രപ്പടി, ബത്തകളും തുടങ്ങിയുള്ള എല്ലാംകൂടി വളരെയധികം ചെലവുകളുണ്ടു്. ഇന്നു നമ്മൾ രാവിലെ 8 മണി മുതൽ

LIBRARY ARCHIVES Kerala Legislative Assembly

9 മണിവരെ കേട്ടതു് ഗവണ്മെൻറിൻെറ സാമ്പത്തികമായ പരാധീനതയെപ്പറ്റിയാണു്. ഈ ഏഴു കമ്മിറ്റികൾക്കുകൂടി ഇത്രയധികം രൂപ ചെലവാക്കുകയാണെങ്കിൽ പഞ്ചായത്തുരാജിന്നും പ്രായോഗികമായി നടപ്പിലാക്കുവാൻ പോകുന്നില്ല. ഇറിഗേഷൻ പണികൾക്കു് വളരെ കുറച്ചു പണമേ കിട്ടിയിട്ടുള്ള എന്നു് ഇറിഗേഷൻ മന്ത്രി പരാതി പറയുന്നതുപോലെ ബഹുമാനപ്പെട്ട പഞ്ചായത്തുമന്ത്രിയും ഇക്കാര്യം പരിഗണിക്കേണ്ടതാണു്. ഈ ആറു കമ്മിറ്റികൾ എന്നുള്ളതു് മാറ്റി മുന്നു സ്ഥിരം കമ്മിറ്റികളായിട്ട കുറവു ചെയ്യണം. അങ്ങനെ കുറവു ചെയ്തില്ലെങ്കിൽ നമുക്കു് വലിയ നഷ്ടമുണ്ടാകും, കാര്യം നടത്താനും സാധിക്കുകയില്ല. അതുപോലെ ഇങ്ങനെ കമ്മിറ്റികൾ വർദ്ധിക്കുന്നതിൻെറ ഫലമായിട്ടു് ഒന്നാം കമ്മിറ്റിയുടെ പല കാര്യങ്ങളും മൂന്നാം കമ്മിറ്റിയിൽ വരും മൂന്നാം കമ്മിറ്റിയുടേതു് രണ്ടാം കമ്മിറ്റിയിൽ വരും. കമ്മിറ്റികളുടെ വിഷയങ്ങളും പലപ്പോഴും അങ്ങോട്ടുമിങ്ങോട്ടും മാറേണ്ടിവരും. അല്ലെങ്കിൽ അതിനെപ്പറ്റി തർക്കമുണ്ടാകും. ഇപ്പോൾ ഇവിടെയാണെങ്കിൽ പി. കെ. കുഞ്ഞിൻെറ കൈയ്യിൽനിന്നും ധനകാര്യം ചീഫു് മിനിസ്റ്റർ എടുത്തു. അതിപ്പോൾ ആർക്കു കൊടുക്കണമെന്നുള്ളതിനെപ്പറ്റി തർക്കമാണു്. അതുകൊണ്ടാണു് കമ്മിറ്റികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ചു് കുഴപ്പവും വർദ്ധിക്കുമെന്നു ഞാൻ പറയുന്നതു്. അല്ലെങ്കിൽ ശനിയാഴ്ച സന്ധ്യയാകുമ്പോൾ ശ്രീ. ദേശായിയുടേ കൈയ്യിൽനിന്നും ധനകാര്യം ശ്രീമതി ഇന്ദിരാഗാന്ധി വാങ്ങിച്ചതുപോലെ വേണ്ടിവരും. തിങ്കളാഴ്ചയാണെങ്കിൽ പാർലമെൻറുകൂടും. അപ്പോൾ പാർലമെൻറിൽ കാണിക്കുകയോ പറയുകയോ ചെയ്യണം. അതിനു നിവൃത്തിയില്ലാത്തതുകൊണ്ടു് മാത്രമാണു് ശനിയാഴ്ച വൈകുന്നേരം ബാങ്കു് നാഷണലൈസു് ചെയ്തുകൊണ്ടു് ഓർഡിനൻസു് പുറപ്പെടുവിച്ചതു്. വളരെ ബുദ്ധിപൂർവ്വമാണു് അങ്ങനെ ചെയ്തതു്.

<u>ശ്രീ. എ. വി. ആര്യൻ:</u> ബാങ്കു് ദേശവൽക്കരണത്തെ സംബന്ധിച്ചു് ഇപ്പോൾ ഇവിടെ സംസാരിക്കുന്നതു് ശരിയാണോ?

<u>ശ്രീ: ജോസഫു് ചാഴിക്കാട്ടു്:</u> ഞാൻ വളരെ വിസ്തരിച്ചു പറഞ്ഞുതരാം. ഞാൻ നേരത്തേ ഇവിടെ വായിച്ച ആറു കമ്മിറ്റികളും സ്ഥിരമായി ഉണ്ടായാൽ വളരെയധികം പണച്ചെലവുണ്ടാകും. ചില വിഷയങ്ങളും ഒരു സ്ഥിരംകമ്മിറ്റിയിൽനിന്നു മറെറാരു കമ്മിറ്റിയിലേയ്ക്കു് മാറ്റാൻ വഴക്കും ബഹളവും ഉണ്ടാകും. അങ്ങനെ വരുമ്പോൾ ഇന്ദിരാഗാന്ധി ചെയ്തതുപോലെ ചെയ്തില്ലെങ്കിൽ വളരെ കുഴപ്പങ്ങളും കൗൺസിലിൽ ഉണ്ടാകും. അതുകൊണ്ടു് കമ്മിറ്റികളുടെ എണ്ണം കുറയ്ക്കണം. ഒരൊറ്റ സ്ഥിരം കമ്മിറ്റി മാത്രം മതിയാകും. അതിൽ പത്തോ പതിനൊന്നോ മെമ്പറന്മാരെ വച്ചാൽമതി. ഒരൊറ്റ സ്ഥിരം കമ്മിറ്റി ഉണ്ടാക്കുകയും ഈ പട്ടികയിൽ പറഞ്ഞിരിക്കുന്ന എല്ലാ വിഷയങ്ങളും ആ സ്ഥിരം കമ്മിറ്റിയുടെ പരിഗണനയിൽ വരത്തക്കവണ്ണം പ്രൊവിഷൻ ഇതിൽ ചേർക്കുകയും ചെയ്താൽ അതായിരിക്കും നല്ലതു്. പിന്നെ സെലക്ടു കമ്മിറ്റിയിൽ ഉണ്ടായിരുന്ന ആളുകൾ യോഗ്യന്മാരും മാന്യന്മാരുമാണു്. ഈ ബിൽ കൊണ്ടുവന്നതു് യോഗ്യന്മാരും മാന്യന്മാരുമാണു്. അതുകൊണ്ടു് അവരോടുള്ള ബഹുമാനത്തിനുവേണ്ടി ആറു സ്ഥിരം കമ്മിറ്റികൾ എന്നുള്ളതു് മുന്നു കമ്മിറ്റികളാക്കിയാലും മതിയെന്നാണു് എൻെറ ഒടുവിലത്തെ അഭിപ്രായം. അല്ലെങ്കിൽ കാര്യങ്ങളൊന്നും നടക്കുകയില്ല. ആളുകളുടെ എണ്ണവും കമ്മിറ്റികളുടെ എണ്ണവും കൂടുതലാകുന്നതുകൊണ്ടു് സാമ്പത്തിക പരാധീനത കൂടുന്നു. വിഷയങ്ങൾ കൂടുന്നതുകൊണ്ടു കാലതാമസമുണ്ടാകുന്നു; വിഷയങ്ങൾ അങ്ങോട്ടുമിങ്ങോട്ടും മാറുന്നതിനെസംബന്ധിച്ചു് തർക്കങ്ങളുണ്ടാകുന്നു. ഇതെല്ലാം ഒഴിവാക്കുന്നതിനുവേണ്ടി എണ്ണം കുറയ്ക്കേണ്ടതാണു്.

ശ്രീ. എൻ. ഗണപതി: ஆங்கலோ இந்தியருக்கு பிரதிநித்துவம் நியமனம் மூலமோ மற்று விதத்திலாவது கொடுக்கவேண்டாமா ?

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. എൻ. കണപതി: பாங்குகள் இல்லாமல் பஞ்சாயத்து ராஜ்பில் செயல் பட முடியுமா ?

ഡെപ്യൂട്ടി സ്പീക്കർ: അതിവിടെ പ്രശ്നമല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ബാങ്ക് വേണമെന്നില്ല. ഇതെല്ലാം നടത്താൻ പണമുണ്ടായിരുന്നാൽ മതി. ചെലവു കുറയ്ക്കുന്നതിനുവേണ്ടിയാണ് കമ്മിറ്റിയുടെ എണ്ണം കുറയ്ക്കണമെന്ന് പറഞ്ഞതു്. അതുകൊണ്ട് ഒരൊറ്റ കമ്മിറ്റിയായാലും മതിയാകും. ഞാൻ അധികം ദീർഘിപ്പിക്കുന്നില്ല. ഈ ബില്ലിന്റെ ഒടുവിൽ സർവ്വ അധികാരങ്ങളും ഗവണ്മെന്റിനു് കൊടുത്തിരിക്കുകയാണു്. എല്ലാ കൺട്രോളും ഗവണ്മെന്റിന്റെ കൈയിലാണു്. ഇതു് ജനങ്ങളിലേയ്ക്കു് അധികാരം പകർന്നു കൊടുക്കുന്ന ഒരു ബില്ലാണെന്നുള്ള ഒരു ധാരണയിൽ ഇപ്പിടെ കൊണ്ടുവരികയും പാസ്സാക്കി നടപ്പിലാക്കാൻ പോകുകയും ചെയ്യുന്ന ഈയവസരത്തിൽ സക്കാർ ഉദ്യോഗസ്ഥന്മാരുടെ അനുവാദംകൂടാതെ സ്വതന്ത്രമായി ഈ ബില്ലിലെ നിയമങ്ങൾ പ്രയോഗിക്കുവാൻ പാടില്ലാത്ത ഒരവസ്ഥ വന്നുചേരുമെന്നാണു് ഗവണ്മെന്റിന്റെ അധികാരങ്ങൾ വായിച്ചുനോക്കിയപ്പോൾ എനിക്കു തോന്നിയതു്.

എന്നാൽ ഒരു ഉപശാന്തി ഇതിനകത്തു കൊടുത്തിട്ടുള്ളതു് വകുപ്പു് 74, പേജു് 65 ലാണു്.

"ചട്ടങ്ങൾ ഉണ്ടാക്കാൻ ഗവണ്മെന്റിനുള്ള അധികാരം. (1) ഗവണ്മെന്റിനു് ഈ ആക്ടിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നായി, ഗസറ്റിൽ പരസ്യംമൂലം, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണു്" ഇവിടെ മെമ്പറന്മാരാരും ചെല്ലുന്നില്ല. നിയമം ഉണ്ടാക്കിയിട്ടു് എല്ലാ കാര്യങ്ങളും നടത്തിക്കൊള്ളണം. എന്നാൽ അടുത്ത സബ്ബു് ക്ലാസിൽ അല്പം വ്യത്യാസം കാണുന്നുണ്ടു്.

"(2) ഈ വകുപ്പുപ്രകാരമുണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കൂടിയുടനെതന്നെ നിയമസഭ യോഗംചേർന്നിരിക്കുമ്പോൾ അതിന്റെമുമ്പാകെ, ആകെ മുപ്പതു ദിവസത്തേയ്ക്കു്—അതു് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാം—വയ്ക്കുണ്ടതും അതു് അപ്രകാരം ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിനു തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പു്, നിയമസഭ ആ ചട്ടം ഒന്നുകിൽ ഭേദഗതി ചെയ്യണമെന്നോ അല്ലെങ്കിൽ റദ്ദാക്കണമെന്നോ തീരുമാനിക്കുന്നപക്ഷം ചട്ടത്തിനു് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ ഭേദഗതിപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുന്നതും അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതൊരു ഭേദഗതിയോ റദ്ദാക്കലോ, ചട്ടപ്രകാരം നേരത്തെചെയ്ത യാതൊന്നിന്റെയും സാധുതയ്ക്കു് ദൂഷ്യം വരുത്താത്തവിധത്തിലായിരിക്കേണ്ടതുമാകുന്നു" ഗവണ്മെന്റിനു് ഇങ്ങനെ അധികാരം വച്ചിട്ടുണ്ടെങ്കിലും ആ അധികാരമുപയോഗിച്ചുണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയിൽകൂടി പാസ്സാക്കേണ്ടതാണെന്നുള്ള ഒന്നു വച്ചിട്ടുള്ളതുകൊണ്ടു് പൊതുജനങ്ങൾക്കുള്ള അധികാരങ്ങൾക്കും അവകാശങ്ങൾക്കും കോട്ടം സംഭവിക്കത്തക്കനിലയിൽ ഗവണ്മെന്റു് നിയമം കൊണ്ടുവന്നാൽ അതിനെ മാറുന്നതിനോ ഭേദഗതിചെയ്യുന്നതിനോ നിയമസഭാംഗങ്ങൾക്കു് അവസരം കിട്ടുന്നതാണു്. അങ്ങനെ കൊണ്ടുവരുന്ന നിയമങ്ങൾ സാധാരണക്കാർക്കെതിരാകുമ്പോൾ, പൊതുജനങ്ങളുടെ അവകാശങ്ങൾക്കെതിരാകുമ്പോൾ അതു ജനോപകാരപ്രദമാക്കിത്തീർക്കത്തക്കവണ്ണം ഭേദഗതി ചെയ്യാനും പുനഃപരിശോധന ചെയ്യാനും ഈ 74—ാം ക്ലാസ്സു് ഉപകരിക്കുന്നതാണു്. അതുകൊണ്ടു് അതു കൊള്ളാവുന്ന ഒരു വകുപ്പാണു്. ഈ കാര്യത്തിൽ വരുത്തേണ്ട മാറ്റങ്ങൾ എല്ലാവർക്കുംകൂടി ഇരുന്നു് ആലോചിച്ചു് മാറ്റണമെന്നും ഭേദഗതി വരുത്തണമെന്നുമാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കണപതി: *സർ, ഇപ്പോൾ 5-ൽ ഉള്ളപടി ജില്ലാവുക്കു ഒന്നു ഇരുപ്പതെ മാറ്റി ഹരിജനങ്കൾ, മലൈജാതിയാരുക്കു ജനത്തൊകൈ അടിപ്പടൈയിൽ പിരതിനിതിത്തുവം വഴങ്കപ്പടുമാ ?*

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അതിനെപ്പറ്റി എന്റെ അഭിപ്രായം ഞാൻ പറയാം. ഈ ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ട ആളുകളും എല്ലാ ഡിസ്ട്രിക്റ്റിലും ഒരേ നിലയിലും ഒരേതോതിലുമല്ല താമസിക്കുന്നതു്. ഇതിൽ ഒരു ഡിസ്ട്രിക്റ്റിൽ അൻപതിനായിരം ആളുകളുണ്ടെങ്കിൽ അവരുടെ ഒരു പ്രതിനിധിയെ വയ്ക്കാമെന്നാണു് പറഞ്ഞിരിക്കുന്നതു്. അപ്പോഴും 50,000 ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ടവർ ഉണ്ടെങ്കിൽ ഒരംഗത്തിനു് ജില്ലാ കൗൺസിലിലേയ്ക്കു് വരാം. എന്റെ അഭിപ്രായത്തിൽ 50,000 പേരില്ലെങ്കിലും അവരുടെ ഒരു പ്രതിനിധിയെങ്കിലും ജില്ലാ കൗൺസിലിൽ ഉണ്ടായിരിക്കണം. ചിലപ്പോഴും ഒരു ഡിസ്ട്രിക്റ്റിൽ അതുയും ആളുകളും ഉണ്ടായെന്നു വരികയില്ല. 50,000 അംഗങ്ങളും ഉണ്ടായിരിക്കണമെന്നുള്ളതിനു പകരം ഒരു നാലായിരമോ അയ്യായിരമോ അല്ലെങ്കിൽ ഏറ്റവും കുറഞ്ഞതു് ഒരു പതിനായിരമോ ആളുകളുണ്ടെങ്കിൽ, ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ട ആളുകളുണ്ടെങ്കിൽ അവരുടെ ഒരു പ്രതിനിധിയെ എടുക്കണം. കാരണം ഒരു ഡിസ്ട്രിക്റ്റിൽ അൻപതിനായിരം ആളുകളെ കിട്ടിയെന്നു വരികയില്ല. അതുകൊണ്ടു് ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ട ആളുകളുടെ പരാധീനതകളും വൈഷമ്യങ്ങളും പരിഹരിക്കുന്നതിനും അവ ഡിസ്ട്രിക്റ്റു് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഒരു ജില്ലാ കൗൺസിലിൽ ഒരാളെയെങ്കിലും നാമനിർദ്ദേശം ചെയ്യുകയോ തെരഞ്ഞെടുക്കുകയോ ചെയ്യണം. അങ്ങനെ ചെയ്തു് അവരുടെ പ്രശ്നങ്ങളും പരിഹരിക്കാൻ നാം തയ്യാറാകുന്നില്ലെങ്കിൽ താഴെക്കിടക്കുന്നവൻ താഴെത്തന്നെ കിടക്കും മുകളിൽ കിടക്കുന്നവൻ മുകളിൽത്തന്നെ കിടക്കും. അതിനു നമ്മളും ഇടകൊടുത്തുകൂടാ. ഈ പരിഷ്ക്കരണങ്ങൾ കൊണ്ടുവരുമ്പോഴും എല്ലാ നിലയിലുള്ള അന്തരവും നാം കണക്കിലെടുക്കണം. തിരുവിതാംകൂർ–കൊച്ചിയും മലബാറും തമ്മിൽ ഇന്നു് വലിയ വ്യത്യാസമുണ്ടു്. വിദ്യാഭ്യാസത്തിന്റെ കാര്യം നോക്കുകയാണെങ്കിൽ തിരുവിതാംകൂർ–കൊച്ചി ഭാഗത്തു് 50 ശതമാനത്തോളം ആളുകൾക്കു് എഴുത്തും വായനയും അറിയാം. എന്നാൽ ഒരു കണക്കനുസരിച്ചു് മലബാർ ഭാഗത്തു് എഴുത്തും വായനയും അറിയാവുന്നവർ 20 ശതമാനമാത്രമേ ഉള്ളുവെന്നാണു് മനസ്സിലാകുന്നതു്. അതുകൊണ്ടു് വിദ്യാഭ്യാസകാര്യത്തിൽ മലബാറിനെ ഉയർത്തിക്കൊണ്ടുവരണമെന്നു പറയുന്നതുപോലെതന്നെ ജനസംഖ്യയും മറ്റും അനുസരിച്ചു് ആവശ്യമായ സൗകര്യവും മറ്റു് ഏർപ്പാടുകളും ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ട ആളുകളുടെ കാര്യത്തിലും ചെയ്തുകൊടുക്കണം. ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ട ആളുകൾക്കു് എല്ലാ കാര്യത്തിലും ശരിയായ പ്രാതിനിധ്യം കൊടുക്കണം. ഇപ്പോൾ ഒരു പുതിയ ജില്ലകൂടി വന്നല്ലോ, മലപ്പുറം ജില്ല. ഈ മലപ്പുറം ജില്ല വിദ്യാഭ്യാസത്തിൽ വളരെ താഴെയാണു്., അവിടെയുള്ള ഷെഡ്യൂൾഡ് കാസ്റ്റുകാർക്കും മുസ്ലീങ്ങൾക്കും മറ്റുള്ളവർക്കും ഉയർന്നവരാനുള്ള എല്ലാ സൗകര്യവും ചെയ്തുകൊടുക്കണം. ഇത്രമാത്രമാണു് എനിക്കു പറയാനുള്ളതു്.

ശ്രീ. എൻ. കണപതി: *കോട്ടയം ജില്ലാവിൽ ഇരണ്ടു ഹരിജന എം. എൽ. ഏ.-ക്കൾ ഇച്സപൈയിൽ ഇരുക്കുമ്പോതു ജില്ലാ സപൈയിൽ ഒന്റുവീതം കുത്തകൈ മാതിരി ഇരുപ്പതു സരിതാനു?*

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഒരു ലക്ഷം ആളുകളുണ്ടെങ്കിൽ രണ്ടു സീറ്റു കിട്ടണം. ഒരു ഡിസ്ട്രിക്റ്റിൽ 50000 ആളുകളുണ്ടെങ്കിൽ ഒരാളെ എടുക്കാമെന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് ഒരു ലക്ഷമുണ്ടെങ്കിൽ രണ്ടാളെ എടുക്കണം. അതിൽ സംശയമുണ്ടാകേണ്ട കാര്യമില്ല. രണ്ടു സീറ്റു കിട്ടണം.

LIBRARY ARCHIVES, Kerala Legislative Assembly

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത് എം. എൽ. എ. മാർ ഡിസ്ട്രിക്റ്റ് കൗൺസിലിലെ അംഗങ്ങളായിരിക്കണമെന്നും വോട്ടവകാശമുണ്ടായിരിക്കുകയില്ലെന്നും ആണ്. 75000 ആളുകളുടെ പ്രതിനിധികളായ എം. എൽ. എ. മാരെ ജില്ലാ കൗൺസിലിലെ വോട്ടവകാശമുള്ള അംഗമാക്കുന്നതിനെ സംബന്ധിച്ച് അങ്ങയുടെ പരിപക്വമായ അഭിപ്രായമെന്താണ് ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഞാൻ അത് വായിച്ചിട്ട് വളരെനേരം ഇരുന്ന് ആലോചിച്ചു. ഈ നിയമത്തിൽ ഈ നിയമസഭയിലെ മെമ്പർക്ക് അവിടെ ബാൽക്കണിയിൽപോയി ഇരിക്കാം, അഭിപ്രായം പറയാൻ പാടില്ല, വോട്ടിംഗിൽ പങ്കെടുക്കാൻ പാടില്ല എന്നൊക്കെയാണ് പറഞ്ഞിരിക്കുന്നത്. വെറുതേ ഇരിക്കാമെന്നാണ് പറയുന്നത്. അത് ശരിയാണെന്ന് എനിക്കഭിപ്രായമില്ല. ഇപ്പോൾതന്നെ ഡിസ്ട്രിക്റ്റ് നിലവാരത്തിലുള്ള മിക്കവാറും എല്ലാ കമ്മിറ്റികളിലും എം. എൽ. എ. മാർ അംഗങ്ങളാണ്. നിയമസഭവഴി ചെയ്യാവുന്ന കാര്യങ്ങളേക്കാൾ കൂടുതൽ കാര്യങ്ങൾ ജനങ്ങൾക്കുവേണ്ടി പെട്ടെന്ന ചെയ്യാൻകഴിയുന്നത് ഡിസ്ട്രിക്റ്റ് കൗൺസിലുകൾക്കാണ്. അതുകൊണ്ട് ഈ എം. എൽ. എ. മാരെക്കൂടി വോട്ടിംഗവകാശമുള്ള അംഗങ്ങളാക്കി വയ്ക്കുന്നത് നല്ലതാണെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഏകദേശം ഒരു ലക്ഷം ആളുകളെ പ്രതിനിധീകരിക്കുന്നവരാണ് എം. എൽ. എ. മാർ. ഇരുപതിനായിരത്തോളം ആളുകളുടെ പ്രതിനിധ്യത്തോടുകൂടി വരുന്ന ആളുകൾക്കുള്ള അവകാശങ്ങളും അതിനേക്കാൾ ആളുകളുടെ പ്രതിനിധ്യത്തോടുകൂടി വരുന്ന എം. എൽ. എ. മാർക്കും കൊടുക്കുന്നതു നന്നായിരിക്കും. ഞാൻ അതിനെക്കുറിച്ച് ഒന്നു പഠിച്ചു. എന്നിട്ട് ഇതു പറയാതിരുന്നത്, എം. എൽ. എ. മാർക്ക് എല്ലാ സ്ഥലങ്ങളിലും കടന്നുകൂടാൻവേണ്ടി പറയുകയാണെന്ന ചിലർക്കു തോന്നുമെന്ന കരുതിയാണ്. ഞാൻ അതിനെക്കുറിച്ച് നോട്ടുകുറിച്ചിട്ടുണ്ട്. പക്ഷേ, അതു് ഇവിടെ ഗൗരവമായിട്ട പറയാതിരുന്നതു് അതു നമ്മളാണോ പറയേണ്ടതു എന്ന സംശയമുണ്ടായതുകൊണ്ടാണ്. ഏതായിരുന്നാലും എം. എൽ. എ. മാർ എല്ലാ സ്വാതന്ത്ര്യത്തോടുംകൂടി ഇതിൽ ഉണ്ടായിരിക്കണമെന്നുള്ളതുതന്നെയാണ് എന്റെ പരിപക്വമായ അഭിപ്രായം.

ശ്രീ. എൻ. കണപതി: பார்லிமென்டிலும் அசெம்பிளியிலும் இருப்பதுபோல ஜில்லா சபையில் ஆங்கிலோ இந்திய பிரதிநிதிகளை நியமனம் செய்யவேண்டும். நியமன அதிகாரம் யாருக்கு கொடுப்பது எப்பதற்கு அபிப்பிராயம் என்ன ?

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ബഹുമാനപ്പെട്ട മെമ്പർ ഈ ബില്ലിനെസംബന്ധിച്ചു പറയാനുള്ളതു് പറഞ്ഞു് ഇരുന്നുകഴിഞ്ഞു അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞു് ഇരിക്കുന്നതിനുമുമ്പു് ഇതുമാതിരിയുള്ള അഭിപ്രായങ്ങളും ചോദിക്കുന്നെങ്കിൽ മനസ്സിലാക്കാമായിരുന്നു. അദ്ദേഹത്തിനു് പറയാനുള്ള അഭിപ്രായങ്ങളും എല്ലാം പറഞ്ഞുകഴിഞ്ഞു് ഇരുന്നതിനുശേഷം അദ്ദേഹം പറയാത്ത കാര്യങ്ങളെ സംബന്ധിച്ചു് ചോദ്യങ്ങളും ചോദിക്കുന്നതു ശരിയാണോ?

ഡെപ്യൂട്ടി സ്പീക്കർ: ശരിയല്ല.

ശ്രീ. എം. കെ. ദിവാകരൻ: സർ, ഞാൻ നേരത്തെ അങ്ങയോടു് ഒരു റൂളിംഗ് ആവശ്യപ്പെട്ടു. ശ്രീമാൻ ചന്ദ്രസേനൻ ഇതിനകത്തു മുക്കിക്കൊണ്ടിരിക്കുകയാണെന്. അതു ശരിയാണോ?

ശ്രീ. പി. എൻ. ചന്ദ്രസേനൻ: സർ, ഞാൻ മുക്കിയിട്ടില്ല. മുമ്പു് ഇതുസംബന്ധിച്ചു് ഒരു റൂളിംഗ് ഉണ്ടായിട്ടുണ്ട്. ശ്രീമാൻ ശങ്കരനാരായണൻതമ്പി സ്പീക്കറായിരുന്നകാലത്തു് ബഹുമാനപ്പെട്ട മുണ്ടശ്ശേരി മുക്കിക്കൊണ്ടു് സഭയിൽ വന്നു. അപ്പോൾ മുക്കുന്നതിൽ വിരോധമില്ല തുപ്പരുതെന്നാണ് അന്നു റൂം ചെയ്തതു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. മീതിയൻ: സർ, സെലക്ഷൻ കമ്മിറ്റി റിപ്പോർട്ടചെയ്ത ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണു്. സെലക്ഷൻ കമ്മിറ്റി എല്ലാം പരിശോധിച്ചകഴിഞ്ഞതാണു് അതുകൊണ്ടു് ഇതിൽ കുറഞ്ഞതും കുറവുകളും ഒന്നുമില്ലാ എന്ന ഉദ്ദേശത്തോടുകൂടിയല്ല ഞാൻ ഇതിനെ അനുകൂലിക്കുന്നതു്. ഇതിൽ ചില അപാകതകളും പാകപ്പിഴകളുമെല്ലാം സംഭവിച്ചിട്ടുണ്ടു്. എന്നിരുന്നാൽകൂടിയും സെലക്ഷൻ കമ്മിറ്റിവളരെ ഗൗരവതരമായും വിശാലമായും പരിശോധിച്ചകഴിഞ്ഞ ഒരു ബില്ലാണെങ്കിലും ഇതിൽ തെറ്റുകളും കുറഞ്ഞുമുണ്ടെങ്കിൽ അതു് ഈ അസംബ്ലിയിൽ നടക്കുന്ന ചർച്ചകളുടെ ഫലമായി തിരുത്താൻകഴിയുമെന്നുള്ളതുകൊണ്ടാണു് ഞാൻ ഇതിനെ അനുകൂലിക്കുന്നതു്. നമ്മുടെ രാജ്യത്തു് അധികാരവികേന്ദ്രീകരണത്തെക്കുറിച്ചു പറഞ്ഞുതുടങ്ങിയിട്ടു് കാലങ്ങളും വളരെയായി. പക്ഷെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ചു് എല്ലാ നേതാക്കന്മാരും പ്രസംഗിക്കുകയെന്നുള്ളതിൽ കവിഞ്ഞു് ഈ കാലമത്രയും യാതൊന്നും നടന്നിട്ടില്ല. ഇൻഡ്യക്കു് സ്വാതന്ത്ര്യംകിട്ടി ഇത്രയും വർഷം കഴിഞ്ഞിട്ടും അധികാരവികേന്ദ്രീകരണം നടപ്പാക്കുന്നതിന്റെ പേരിൽ നടന്നുകൊണ്ടിരിക്കുന്നതു് അധികാരകേന്ദ്രീകരണമാണു്. അതിൽനിന്നൊരു മാറ്റം ഉണ്ടാക്കാൻ അല്പമെങ്കിലും ഉപകരിക്കുന്ന വ്യവസ്ഥകളും ഇതിൽ ഉൾക്കൊള്ളുന്നുഎന്നുള്ളതുകൊണ്ടാണു് ഞാൻ ഇതിനെ അനുകൂലിക്കുന്നു എന്നു പറഞ്ഞതു്. ഇതിനെപ്പറ്റി പറയുമ്പോൾ കഴിഞ്ഞ ഒരുദിവസം ബഹുമാനപ്പെട്ട ശ്രീ. കെ. ടി. ജോർജ്ജ് പഞ്ചായത്തുരാജ് സംവിധാനം ഇൻഡ്യയിൽ ഇതരസ്റ്റേറ്റുകളിലെല്ലാം നടപ്പാക്കിക്കഴിഞ്ഞിരിക്കുന്നു; അഞ്ചാറു സംസ്ഥാനങ്ങളിൽ നടപ്പാക്കിക്കഴിഞ്ഞിരിക്കുന്നു എന്നു പറയുകയുണ്ടായി. ഏതാണ്ടു് അതുപോലെയുള്ളതോ അതിൽനിന്നു് അല്പം മാറ്റമുള്ളതോ ആയ ഒരു നിയമനിർമ്മാണംപോലും കൊണ്ടുവരാൻ ഇവിടത്തെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയോ മറ്റാളുകളോ തയ്യാറില്ലാ എന്നു് ഒരു ദുസൂചന നൽകിക്കൊണ്ടു സംസാരിക്കുകയുണ്ടായി. സർ, അതിനെപ്പറ്റി പറയുമ്പോൾ ഇൻഡ്യയിൽ മറ്റു സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുരാജ് സംവിധാനം ഇന്നു്. നാം വിഭാവനചെയ്തിട്ടുള്ള ഈ ബില്ലുപോലയോ അധികാരം താഴെക്കിടയിലേക്കു് പകർന്നുകൊടുക്കുന്ന രീതിയിലോ ഉള്ളതല്ലെന്നു് ഞാനും ഖേദേഹം ഉൾക്കൊള്ളുന്ന സെലക്ഷൻ കമ്മിറ്റിയും സന്ദർശിച്ചിട്ടുള്ള സംസ്ഥാനങ്ങളിൽനിന്നെല്ലാം മനസ്സിലാക്കിയിട്ടുണ്ടു്. അവിടെയെല്ലാം അധികാരവികേന്ദ്രീകരണമെന്നു പറയുന്നതു് വികസനരംഗത്തിനുമാത്രമുള്ള അധികാരവികേന്ദ്രീകരണമാണു്. അതാണു് അവിടങ്ങളിൽ നടപ്പാക്കിയിട്ടുള്ളതു്. എന്നാൽ നമ്മുടെ അസംബ്ലിയിൽ ചർച്ചചെയ്തുകൊണ്ടിരിക്കുന്ന നിയമനിർമ്മാണം അതല്ല. വികസനരംഗം മാത്രമല്ല രേണപരമായ രംഗത്തുകൂടി ജനങ്ങളിലേക്കു് അധികാരം പകർന്നുകൊടുക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു നിയമത്തെക്കുറിച്ചാണു് നമ്മളം ചർച്ചചെയ്തുകൊണ്ടിരിക്കുന്നതു്. അതു നടപ്പാക്കുന്ന സന്ദർഭത്തിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുകാർ അതിനെതിരാണെന്നു സൂചിപ്പിക്കുന്നതു ശരിയല്ല. അങ്ങനെ അധികാരവികേന്ദ്രീകരണം നടപ്പാക്കുന്നകാര്യത്തിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി എപ്പോഴും മുൻപന്തിയിലാണു് നിൽക്കുന്നതു്. എപ്പോഴും മുൻപന്തിയിൽതന്നെ ഉണ്ടാകുമെന്നുള്ളകാര്യത്തിൽ യാതൊരു സംശയവും വേണ്ട.

സർ, 1960-ൽ പാസാക്കിയ, അധികാരവികേന്ദ്രീകരണത്തിന്റെ പേരിൽ പാസാക്കിയ പഞ്ചായത്തുരാജ് ബില്ലിന്റെ കാര്യം നമുക്കറിയാം. അന്നു് പാസാക്കിയിട്ടുള്ള പഞ്ചായത്താക്ടു് എടുത്തു പരിശോധിച്ചാൽ വളരെയധികം അധികാരം പഞ്ചായത്തുകൾക്കു് കൊടുത്തിട്ടുള്ളതായി കാണാം. പക്ഷെ, അതു പ്രവർത്തനഫലത്തിൽ എത്തിക്കാൻ ചെല്ലുമ്പോഴാണു് ഈ അധികാരം പഞ്ചായത്തുകൾക്കില്ല, മറ്റു ബന്ധപ്പെട്ട ചില ഡിപ്പാർട്ടുമെന്റുകൾക്കുണ്ടെന്നു് നമുക്കു ബോദ്ധ്യമാകുക. അപ്പോൾ അതുപോലെയുള്ള ഒരു ബിൽ എഴുതിയുണ്ടാക്കി അവതരിപ്പിച്ചതുകൊണ്ടു് അധികാരവികേന്ദ്രീകരണം നടപ്പാകുകയില്ല. അധികാരവികേന്ദ്രീകരണം നടപ്പാക്കാൻ നാം ശ്രമിക്കുമ്പോൾ, അതായതു് ജനങ്ങളിലേക്കു് അധികാരം പകർന്നുകൊടുക്കുമ്പോൾ അതു് ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുമോ എന്നു പരിശോധി

ച്ചുകൊണ്ടായിരിക്കണം അധികാരവികേന്ദ്രീകരണം നടത്തേണ്ടതു്. അതിനുള്ള ചർച്ചയിൽ പങ്കെടുത്തു സംസാരിക്കുമ്പോൾ സംസാരിക്കുന്നവരെല്ലാം ഈ ബില്ലിനെതിരായി സംസാരിക്കുന്നവരാണു്, ഈ ബിൽ ഇല്ലായ്മചെയ്യാൻവേണ്ടി സംസാരിക്കുന്നവരാണു് എന്നു് സൂചിപ്പിക്കുന്നതു് ശരിയല്ലെന്നു് ഓർമ്മപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണു്. സർ, കഴിഞ്ഞ സമ്മേളനത്തിൽ ഈ ബില്ലിനെപ്പറ്റി ചർച്ചനടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ഈ രീതിയിലുള്ള അധികാരങ്ങളെല്ലാം താഴെക്കിടയിലുള്ളവർക്കു പകർന്നുകൊടുത്താൽ, അതായതു് ഈ ബിൽ പാസായാൽ ഒൻപതു ഗവണ്മെൻറുകളും വന്നുപോകും അല്ലെങ്കിൽ 11 ഗവണ്മെൻറുകളും വന്നുപോകും എന്നു് ചില ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിക്കുകയുണ്ടായി. ആ അഭിപ്രായത്തോടു തീർച്ചയായിട്ടും യോജിക്കാൻ നിവൃത്തിയില്ല. ഈ ബിൽ പാസാകുന്നതുവഴി 9 ഗവണ്മെൻറുകളുണ്ടാകും അല്ലെങ്കിൽ 11 ഗവണ്മെൻറുകളുണ്ടാകും എന്നുള്ള സൂചന ശരിയല്ല. ഈ രാജ്യത്തെ ആളുകൾക്കു് എന്തെങ്കിലും കാര്യം നടത്തണമെങ്കിൽ അതിനു് സെക്രട്ടേറിയറ്റിൽവന്നു് കെട്ടിക്കിടന്നാൽ മാത്രമേ സാധിക്കുകയുള്ളൂ, അല്ലെങ്കിൽ ഒരു ഫയൽ സെക്രട്ടേറിയറ്റിൽവന്നു് മന്ത്രി ഫയലിൽ ഒപ്പിട്ടാൽമാത്രമേ സാധിക്കുകയുള്ളൂ എന്നുള്ള പരിതഃസ്ഥിതിക്കു് അല്പമെങ്കിലും ഒരാശ്വാസം നൽകുന്നതിനുവേണ്ടി അധികാരങ്ങൾ ഡിസ്ട്രിക്റ്റു് ലെവലിൽ നൽകണമെന്നാണു് ഈ ബില്ലിൽ വ്യവസ്ഥചെയ്തിട്ടുള്ളതു്. അതുകൊണ്ടു് ഈ ബിൽ വരുന്നതിന്റെ ഫലമായി 11 ഗവണ്മെൻറുകൾ ഉണ്ടാകുന്നില്ല. കാരണം ജില്ലാ കൗൺസിലിന്റെ ബഡ്ജറ്റുകളും ജില്ലാ കൗൺസിൽ എടുക്കുന്ന തീരുമാനങ്ങളും പരിശോധിക്കാനുള്ള അധികാരം ഈ ബിൽ ഗവണ്മെൻറിനു നൽകിയിട്ടുണ്ടു്. അതുകൊണ്ടു് 11 ഗവണ്മെൻറുകളുണ്ടാകുമെന്നുള്ള അഭിപ്രായം തെറ്റാണെന്നാണു് എന്റെ അഭിപ്രായം. സർ, അതോടൊപ്പംതന്നെ മറ്റു ചില കാര്യങ്ങളും പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ ബില്ലിലെ വകുപ്പുകളെപ്പറ്റി പറയുമ്പോൾ ആദ്യമായി എനിക്കു പറയാനുള്ളതു് എം. എൽ. എ. മാർക്കു് ഈ ബില്ലിൽ കൊടുത്തിട്ടുള്ള അവകാശത്തെപ്പറ്റിയാണു്. തീർച്ചയായും എം. എൽ. എ. മാർക്കു് ഈ അവകാശം കൊടുക്കാൻ പാടില്ലെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. കാരണം എം. എൽ. എ. മാർ തിരഞ്ഞെടുക്കപ്പെടുന്നതു് നിയമനിർമ്മാണം നടത്താൻവേണ്ടിയാണു്. അതല്ലാതെ ആ പ്രദേശത്തെ കാര്യങ്ങളും ഓരോരുത്തരോരുത്തരായി നടത്താൻവേണ്ടിയല്ല. നിയമനിർമ്മാണം നടത്താൻവേണ്ടി തിരഞ്ഞെടുക്കപ്പെടുന്ന എം. എൽ. എ. മാർക്കു് അവരുടെ ഉത്തരവാദിത്വങ്ങളും കൃത്യമായി നിർവ്വഹിക്കണമെങ്കിൽ, ആ രംഗത്തു് വേണ്ടത്ര ജാഗ്രത പുലർത്താൻ അവസരം നൽകണമെങ്കിൽ തീർച്ചയായും അവർ ഡിസ്ട്രിക്റ്റു് കൗൺസിലിൽ അംഗമാകാൻ പാടില്ലെന്നുള്ള വ്യവസ്ഥ ഉണ്ടാക്കണം. എന്റെ അഭിപ്രായത്തിൽ അവർ അംഗങ്ങളാകാൻപാടില്ലെന്നുമാത്രമല്ല അവർ തിരഞ്ഞെടുപ്പിൽനിന്നു മത്സരിക്കാനും പാടില്ല. അഥവാ തിരഞ്ഞെടുപ്പിൽനിന്നു മത്സരിച്ചു് പാസായിക്കഴിഞ്ഞാൽ ഒന്നുകിൽ എം. എൽ. എ. സ്ഥാനമോ അല്ലെങ്കിൽ ഡിസ്ട്രിക്റ്റു് കൗൺസിലിലെ അംഗത്വമോ രാജിവയ്ക്കണമെന്നുള്ള ഒരു വ്യവസ്ഥകൂടി ഉൾപ്പെടുത്തണമെന്നാണു് എനിക്കു് പറയാനുള്ളതു്. അതല്ലാതെ ഈ രണ്ടു് അവകാശങ്ങളും ഒരുമിച്ചായാൽ അവർ ഏറെറടുക്കുന്ന ഉത്തരവാദിത്വങ്ങൾ ശരിക്കു് നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും. അതുകൊണ്ടു് അതിനു് ഇടകൊടുക്കരുതെന്നാണു് എന്റെ അഭിപ്രായം.

മറെറാരു പ്രധാനകാര്യം പറയാനുള്ളതു് ഈ ബില്ലിനകത്തുള്ള ഒരു കുറവിനെ സംബന്ധിച്ചാണു്. ഈ ബില്ലിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും നൽകിയിട്ടുള്ള സംവരണം വളരെ കുറച്ചുമാത്രമേയുള്ളൂ ഒരു ജില്ലാ കൗൺസിലിൽ ഒരു മെമ്പർ പട്ടികജാതിക്കാരനായിരിക്കണമെന്നാണു് ബില്ലിൽ വ്യവസ്ഥചെയ്തിട്ടുള്ളതു്. തീർച്ചയായും അതു പോരെന്നാണു് എന്റെ അഭിപ്രായം. കാരണം ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയിട്ടു് പത്തിരുപതുകൊല്ലമായെങ്കിലും ഇന്നും അവരുടെ അവശതകൾ വേണ്ടത്ര പരിഹരിക്കപ്പെടാത്തതുകൊണ്ടു് വളരെയധികം കഷ്ടതയനുഭവിക്കുന്ന വിഭാഗമാണു് അവർ. അവർക്കു് തിരഞ്ഞെടുപ്പിൽനിന്നു് മത്സരിച്ചു് സ്ഥാനത്തുവരാ

LIBRARY ARCHIVES Kerala Legislative Assembly

മെന്നുള്ള വാദമുഖങ്ങളുണ്ടെങ്കിൽക്കൂടി അങ്ങനെ വരാൻകഴിയുകയില്ലെന്നുള്ളതു് ഇന്നു് അനുഭവത്തിൽക്കൂടി നമുക്കു മനസിലാക്കാൻ കഴിയും. അതുകൊണ്ടു് അവർക്കു് നിശ്ചയിച്ചിട്ടുള്ള സംവരണം ഒരു കൗൺസിലിൽ പത്തുശതമാനത്തിൽ കുറയാൻ പാടില്ലെന്ന വ്യവസ്ഥ ചെയ്യണമെന്നാണു് എനിക്കു പറയാനുള്ളതു്.

ശ്രീ. എൻ. ഗണപതി: ആംഗ്ലോ ഇൻഡ്യൻസിനു് നോമിനേഷനോ റിസർവേഷനോ എതാണു് കൊടുക്കേണ്ടതു്?

ശ്രീ. എം. മീതിയൻ: ആംഗ്ലോ ഇൻഡ്യൻസിനെ സംബന്ധിച്ചിടത്തോളം തീർച്ചയായിട്ടും നോമിനേഷൻ കൊടുക്കുന്നതായിരിക്കും നല്ലതു്. കാരണം നമ്മുടെ രാജ്യത്തെ എല്ലാ സ്ഥലങ്ങളിലും അവർ കാണുകയില്ല. അപ്പോൾ ഇലക്ഷൻ നടത്താതെ നോമിനേറു ചെയ്യുന്നതായിരിക്കും നല്ലതു്.

അതുപോലെതന്നെ ഈ ബില്ലിലെ 13–ാംവകുപ്പിനെ സംബന്ധിച്ചു് എനിക്കു് ഒരു ചെറിയ അഭിപ്രായവ്യത്യാസമുണ്ടു്. കാരണം ഈ വകുപ്പുപ്രകാരം ഏതെങ്കിലും വ്യവസായമോ മറേറാ ചെയ്തു് കടബാദ്ധ്യതയുള്ള ആൾക്കു് സ്ഥാനാർത്ഥിയായി നിൽക്കാൻ അവകാശമില്ല. ഒരാൾ കടംകൊണ്ടു് പാപ്പരായിത്തീർന്നു് കോടതിയിൽ അഭയം തേടിക്കഴിഞ്ഞാൽ ആ മനുഷ്യനു് സ്ഥാനാർത്ഥിയായി നിന്നു് മത്സരിക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥിതി തീർച്ചയായും ശരിയല്ലെന്നാണു് എന്റെ അഭിപ്രായം. പഴഞ്ചൻ സംമ്പ്രദായത്തിനുമാത്രമേ ഈ വ്യവസ്ഥിതി നിലനിറുത്താനാകൂ എന്നാണു് എനിക്കു പറയാനുള്ളതു്.

മറെറാരുകാര്യം എനിക്കു പറയാനുള്ളതു് ഡിസ്ട്രിക്റ്റു് കൗൺസിലിലെ പ്രസിഡൻറിന്റെ അധികാരത്തെ സംബന്ധിച്ചാണു്. സ്വതന്ത്രമായ അധികാരങ്ങളും പ്രസിഡൻറിനു കൊടുത്തുകൂടെന്നാണു എനിക്കു പറയാനുള്ളതു്. അങ്ങനെ കൊടുക്കുകയാണെങ്കിൽ പഞ്ചായത്തുകളിലേക്കു് അധികാരം പകർന്നുകൊടുക്കുമ്പോൾ സേച്ഛാധിപതിയായ പ്രസിഡൻറു് ഉണ്ടാകും. സേച്ഛാധിപതിയായ പ്രസിഡൻറു് ഉണ്ടായാൽ ജനങ്ങളുടെ താല്പര്യങ്ങളും സംരക്ഷിക്കാൻ കഴിയുകയില്ല. അതിനു് ഞാൻ നിർദ്ദേശിക്കുന്നതു് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാന്മാരും പ്രസിഡൻറും വൈസു് പ്രസിഡൻറും ഉൾക്കൊള്ളുന്ന ഒരു അഡ്മിനിസ്ട്രേറ്റീവു് കമ്മിറ്റി ഉണ്ടാക്കി ഭരണപരമായ കാര്യങ്ങളും നടത്തണമെന്നാണു്, ആ അഡ്മിനിസ്ട്രേറ്റീവു് കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങളായിരിക്കണം നടപ്പാക്കേണ്ടതു്. അല്ലാതെ പ്രസിഡൻറു് ഒറ്റയ്ക്കു് എടുക്കുന്ന തീരുമാനങ്ങളും നടപ്പാക്കാനുള്ള അധികാരം കൊടുക്കുന്നതു് ശരിയായിരിക്കുകയില്ല.

സർ, അധികാരവികേന്ദ്രീകരണം അധികാരവികേന്ദ്രീകരണം എന്നു നാം പറഞ്ഞു് അവസാനം അധികാരകേന്ദ്രീകരണമാണു് നടക്കാൻ പോകുന്നതെന്നു് ഞാൻ ഇവിടെ നേരത്തെ സൂചിപ്പിച്ചു. അതു് ഈ ബില്ലിൽത്തന്നെ കാണാൻ കഴിയും. 1960-ലെ പഞ്ചായത്തു് ആക്റ്റു് 57–ാംവകുപ്പിൽ പഞ്ചായത്തുകൾക്കു് നൽകിയിരുന്ന അധികാരങ്ങളിൽ കുറെയെല്ലാം വെട്ടിക്കുറയ്ക്കുകയാണു് ഈ ബിൽ കൊണ്ടു ചെയ്തിട്ടുള്ളതു്. വെട്ടിക്കുറച്ചു എന്നു പറയുമ്പോൾ അന്നു പഞ്ചായത്തുകൾക്കു നൽകിയിരുന്ന അധികാരങ്ങൾ എല്ലാം പഞ്ചായത്തുകൾക്കു നിർവ്വഹിക്കാൻ കഴിയാത്തതുകൊണ്ടു് കഴിയുന്നതുമാത്രം കൊടുത്താൽമതി എന്നുദ്ദേശിച്ചുകൊണ്ടാണു് വെട്ടിക്കുറച്ചതെന്നു് വാദഗതികളുണ്ടാകാം. പക്ഷെ അതു ശരിയല്ല. പഞ്ചായത്തുകൾക്കു് അന്നു് നിർവ്വഹിക്കാൻ കഴിയാതിരുന്നതു് നിയമനിർമ്മാണങ്ങളിൽ ആവശ്യമായ ഭേദഗതികളും വരുത്താത്തതുകൊണ്ടും സാമ്പത്തികമായ കഴിവില്ലാതിരുന്നതുകൊണ്ടുമാണു്. അതുകൊണ്ടു് ആ അധികാരങ്ങളിൽ കുറെയെല്ലാം ജില്ലാ പരിഷത്തിലേക്കു് മാറുക എന്നുള്ളതു് തീർച്ചയായും അധികാരവികേന്ദ്രീകരണത്തിനുപകരം അധികാരകേന്ദ്രീകരണത്തിലേക്കേ എത്തുകയുള്ളൂ. അതുകൊണ്ടു് ആ അധികാരങ്ങളും യാതൊരു കാരണവശാലും കുറയ്ക്കാൻ പാടില്ലെന്നുള്ള ഉറച്ച അഭിപ്രായം എനിക്കുണ്ടു്. ഈ ആക്റ്റിലെ 45–ാംവകുപ്പു് 1–ാംഉപവകുപ്പുപ്രകാരം പഞ്ചായത്തിനു നൽകിയിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

അധികാരങ്ങൾതന്നെ ജില്ലാ പരിഷത്തിനും നിർവ്വഹിക്കാനുള്ള അധികാരമുണ്ട്". അതു ശരിയല്ല. പഞ്ചായത്തിനുകൊടുത്തിട്ടുള്ള അധികാരങ്ങളും നിർവ്വഹിക്കാനുള്ള സ്വാതന്ത്ര്യവും പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കണം. ജില്ലാ കൗൺസിലിനു് പഞ്ചായത്തുകളെ സൂപ്പർവൈസു് ചെയ്യാനുള്ള അധികാരം കൊടുക്കാം. പഞ്ചായത്തിനുള്ള അധികാരം പഞ്ചായത്തിനും ജില്ലാകൗൺസിലിനുള്ള അധികാരം ജില്ലാകൗൺസിലിനും നിലനിറുത്താൻ കഴിയണം.

സർ, മറെറാരുകാര്യം പറയാനുള്ളതു് പഞ്ചായത്തുകളുടെയും ജില്ലാകൗൺസിലുകളുടെയും ധനപരമായ കഴിവിനെസംബന്ധിച്ചു് ഈ ബില്ലിലുള്ള വ്യവസ്ഥയെ സംബന്ധിച്ചാണു്. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥ അനുസരിച്ചാണെങ്കിൽ അതാതുകാലം ഭരിക്കുന്ന ഗവണ്മെൻറിൻെറ ഇഷ്ടാനിഷ്ടത്തിനു് വിധേയമായിട്ടായിരിക്കും ജില്ലാ കൗൺസിലിനു് സാമ്പത്തികസഹായം ലഭിക്കുക. അങ്ങനെയുള്ള ഒരു സ്ഥിതിയുണ്ടായാൽ ജില്ലാകൗൺസിലുകൾക്കു് ഭരണം നടത്താൻ ആ വരുമാനം മതിയായിരിക്കുകയില്ലെന്നാണു് എൻെറ അഭിപ്രായം. ഇന്നു നിലവിലുള്ള നികുതിയിനങ്ങളിൽ ഇന്നയിന്ന നികുതിയിനങ്ങളും പഞ്ചായത്തുകൾക്കു് ഇന്നയിന്ന നികുതിയിനങ്ങളും ജില്ലാകൗൺസിലുകൾക്കു് എന്നു് ഒരു വ്യവസ്ഥകൊണ്ടുവരാൻ കഴിഞ്ഞാൽമാത്രമേ ജില്ലാകൗൺസിലിനു് സാമ്പത്തികശേഷി നിലനിറുത്താനും സ്വതന്ത്രമായി ഭരിക്കാനും കഴിയുകയുള്ളൂ. അതുകൊണ്ടു് അതിനുള്ള വ്യവസ്ഥ ഈ ബില്ലിൽ കൊണ്ടുവരണമെന്നാണു് എനിക്കു പറയാനുള്ളതു്.

സർ, പഞ്ചായത്തുരാജു് നടപ്പാകുന്നതിൻെറ ഫലമായി വളരെയധികം അധികച്ചെലവുവരുമെന്നുള്ള ആക്ഷേപം ഇവിടെ പലരും ഉന്നയിക്കുകയുണ്ടായി. അങ്ങനെ വളരെയധികം അധികച്ചെലവുവരേണ്ട കാര്യമുണ്ടെന്നു് എനിക്കു തോന്നുന്നില്ല. ഇന്നു് ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളിലുള്ള ഉദ്യോഗസ്ഥന്മാരെ വേണ്ടവിധത്തിൽ പഞ്ചായത്തുരാജു് സംവിധാനത്തിനനുസരണമായി ഒന്നു പുനഃസംഘടിപ്പിച്ചാൽ തീർച്ചയായും വലിയ അധികച്ചെലവൊന്നും ഉണ്ടാകുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല അതേസമയത്തു് ഈ അധികാരങ്ങളൊന്നും വിട്ടുകൊടുക്കാതിരിക്കുകയും ഇന്നു നിലവിലുള്ള ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളും അതേരീതിയിൽ നിലനിറുത്തുകയും പ്രത്യേകിച്ചു് ഒരു പഞ്ചായത്തുസിസ്റ്റം കൊണ്ടുവരികയും ചെയ്താൽമാത്രമേ വളരെക്കൂടുതൽ ഉദ്യോഗസ്ഥന്മാരും അധികച്ചെലവും വരികയുള്ളൂ. അങ്ങനെയായാൽ നാം ഉദ്ദേശിക്കുന്ന അധികാരവികേന്ദ്രീകരണം നടപ്പിലാകുകയുമില്ല. അതുകൊണ്ടു് ജില്ലാകൗൺസിലിൽ ആവശ്യംവരുന്ന ഉദ്യോഗസ്ഥന്മാരെ ഇന്നുള്ള ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളെ ഏകീകരിപ്പിച്ചു് തിരഞ്ഞെടുക്കണം. എങ്കിൽമാത്രമേ അധികാരവികേന്ദ്രീകരണം ഫലപ്രദമായി ഉപയോഗിക്കാൻകഴിയൂ. അതിനുള്ള വ്യവസ്ഥകൂടി ഈ ബില്ലിൽ ഉൾക്കൊള്ളിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. ഈ ബിൽ കാലതാമസംകൂടാതെ എത്രയും വേഗം പരിഷ്കരിച്ചെടുക്കാനുള്ള നടപടികളെടുക്കണമെന്നും അതിനുവേണ്ടി എല്ലാഭാഗത്തുമുള്ള അംഗങ്ങളും സഹകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

11 a. m.] ശ്രീ. ആർ. എസ്സു്. ഉണ്ണി: സർ, പഞ്ചായത്തുരാജു് ബില്ലിനെ സംബന്ധിച്ചിടത്തോളം സെലക്ടുകമ്മിറ്റി ആവശ്യമായ ഭേദഗതികൾവരുത്തി, ജില്ലാ കൗൺസിൽ ബില്ലു് എന്ന നാമകരണം ചെയ്തു് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലിൻെറ അടിസ്ഥാനത്തിൽ നടന്ന ചർച്ചകളും ഞാൻ വളരെ സശ്രദ്ധം ശ്രവിച്ചിരിക്കുകയായിരുന്നു.

ഈ ബില്ലു് വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണു്. വ്യക്തിപരമായി പറഞ്ഞാൽ എൻെറ നിയമസഭാപ്രവർത്തനത്തിൽ അഭിമാനപൂർവ്വം തിരിച്ചുപോയി ജനങ്ങളെ അഭിമുഖീകരിക്കുവാൻ മാനസികമായ ഒരു സന്തോഷം നൽകുന്ന നിയമനിർമ്മാണമാണു് ഇതെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്. സർ, നമ്മുടെ രാജ്യത്തു് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ജനാധിപത്യവൽക്കരണം സംബന്ധിച്ചും അധികാര

LIBRARY ARCHIVES Kerala Legislative Assembly

വികേന്ദ്രീകരണം സംബന്ധിച്ചും മറ്റെ പലതലങ്ങളിലും ചർച്ചകളും തീരുമാനങ്ങളും ഉണ്ടായിട്ടുണ്ട്. ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ക്രമാനുഗതമായ മാറ്റങ്ങൾക്കു് വിധേയമായ ഒരു നിലയാണു് ഇപ്പോഴും സാമാന്യേന ഇൻഡ്യയുടെ മാപിയിൽ താൽപ്പര്യമുള്ള കക്ഷികളും സ്വീകരിച്ചുകൊണ്ടിരിക്കുന്നതു് എന്നുള്ളതു് നിഷേധിക്കാനാവാത്ത ഒരു പരമാർത്ഥമാണു്. ഈ ബില്ലു് മറേറതു സംസ്ഥാനത്തു നടപ്പിലാക്കിയിട്ടുള്ള അധികാരവികേന്ദ്രീകരണ ജനാധിപത്യവൽക്കരണനിയമത്തിൽ നിന്നും വ്യത്യസ്ഥമായി കാര്യമായ പരിഷ്ക്കാരങ്ങളും ഉള്ള ഒരു ബില്ലാണു ഇതെന്നുള്ളതു്. എതു നിഷേധിച്ചാലും നിഷേധിക്കാനാവാത്ത ഒരു സത്യമാണു്. ഈ ബില്ലിനു് രൂപം നൽകുന്ന കാര്യത്തിൽ സെലക്ററു കമ്മിററി അംഗങ്ങളെല്ലാം കക്ഷി പരിഗണനയ്ക്കു് അതീതമായി അതിന്റെ ചെയർമാനുമായി പൂർണ്ണമായി സഹകരിച്ചിട്ടുണ്ടു്. ഏതേയും തുറന്ന ചർച്ചകളിൽ പങ്കെടുക്കാനും ഒന്നുരണ്ടു് ഭേദഗതി പ്രായക്കുറിപ്പുകളും ഇതിനകത്തു് ഉണ്ടെങ്കിലും ഭേദഗതികളും അംഗീകരിക്കുന്നതിൽ ഒരു യോജിപ്പു് പ്രകടമാക്കാനും അംഗങ്ങൾ തയ്യാറായിരുന്നു എന്നുള്ളതു് ഒരു സത്യമാണു്. ഇത്രമാത്രം ഒരുമിച്ചു് ഒരു സെലക്ററുകമ്മിററിയിലെ അംഗങ്ങൾ ഏകാഭിപ്രായത്തോടെ ഒരു ബില്ലിനു രൂപം നൽകുകയെന്നുള്ളതു് ഈ സഭയുടെ പരിധിയിൽ ഉണ്ടോ എന്നുള്ള കാര്യം സംശയമാണു്. വിവിധ കക്ഷികളിൽപ്പെട്ട സെലക്ററുകമ്മിററി അംഗങ്ങൾ അവരുടെ അഭിപ്രായങ്ങൾ തുറന്നു പറഞ്ഞിട്ടുണ്ടു്. ഇതിനെസംബന്ധിച്ചിടത്തോളം വിവിധ കക്ഷികളിൽനിന്നും ഈ സഭയിൽ പ്രതിഫലിപ്പിക്കപ്പെട്ടിട്ടുള്ള അഭിപ്രായങ്ങളും സെലക്ററു കമ്മിററിയിൽ കണ്ട യോജിപ്പിൽനിന്നും അൽപ്പസ്വൽപ്പം വ്യതിചലിപ്പിച്ചിട്ടുണ്ടെന്നു മുണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണു്.

ഭരണഘടന ഇത്തരത്തിലുള്ള ഒരു ബിൽ രൂപം നൽകുന്ന കാര്യത്തിൽ എത്രമാത്രം തടസ്സമായിനിൽക്കുന്നു എന്നതിനെ സംബന്ധിച്ചു് എതു ആലോചിച്ചിട്ടും എനിക്കു മനസ്സിലാകുന്നില്ല. ഇന്നു് നിലവിലുള്ള ഭരണഘടന പല കാര്യങ്ങളിലും രാജ്യത്തിന്റെ പുരോഗതി കൈവരിക്കുന്ന കാര്യത്തിൽ സത്വരവും ഫലപ്രദവുമായ നടപടികളും സ്വീകരിക്കാൻ ഉള്ള വേഗതയെ സംബന്ധിച്ചിടത്തോളം ഒരു വിഘാതമായി നിൽക്കുന്നുണ്ടെന്നു പറയാൻ എനിക്കു മടിയില്ല. ഭരണഘടന ഭേദഗതി ചെയ്യേണ്ടതാണു്. ഭരണഘടന ഭേദഗതിചെയ്യാൻ കഴിയുമോ എന്നുള്ളതിൽ സംശയമില്ല. അതു് എപ്പോഴും ചെയ്യണം, എങ്ങനെചെയ്യാൻകഴിയും എന്നുള്ളതിനെ സംബന്ധിച്ചു് ഒരു തർക്കംമാത്രമെ ഉള്ളു.

<u>ശ്രീ. എ. എസ്., എൻ. നമ്പീശൻ:</u> ഈ ബിൽ പാസ്സാകുന്നതുകൊണ്ടു യഥാർത്ഥ ജനാധിപത്യം ഉണ്ടാകുകയില്ല. അതിനു് ഭരണഘടനയിൽ ഉള്ള പല തടസ്സങ്ങളും നീക്കേണ്ടതുണ്ടു് എന്നാണോ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം.

<u>ശ്രീ. ആർ. എസ്. ഉണ്ണി:</u> യഥാർത്ഥ ജനാധിപത്യം പുലരുന്നതു് സോഷ്യലിസം നടപ്പായി കഴിഞ്ഞേ സാധിക്കുകയുള്ളു എന്നു് പറയാൻ എനിക്കു് മടിയില്ല. പ്രധാനമായും അധികാരവികേന്ദ്രീകരണം അനുവദിച്ചുകൊടുത്തിട്ടുള്ള ഒരു ബില്ലാണിതു്. ഇന്നു് ഏതു പരിഷ്ക്കാരങ്ങളും ഏർപ്പെടുത്തുന്നതിനുവേണ്ടിയും അവ പരിപൂർണ്ണമായും ഫലപ്രദമായും നടപ്പാക്കുന്ന കാര്യത്തിൽ, വിഘാതമായിനിൽക്കുന്നതു് ഉദ്യോഗസ്ഥമേധാവിത്വമാണു് എന്നാണു പറയുന്നതു്. അതു് ഒട്ടൊക്കെ ശരിയാണു്. ഉദ്യോഗസ്ഥമേധാവിത്വം അവസാനിപ്പിക്കണമെന്നുണ്ടെങ്കിൽ ഫലപ്രദമായി ഈ പ്രശ്നം പരിഹരിക്കണമെന്നുണ്ടെങ്കിൽ ഭരണമണ്ഡലങ്ങളും പുനഃസംഘടിപ്പിച്ചു് ഫലപ്രദമായി ജനങ്ങൾക്കു് ഭരണാധികാരം കൈകാര്യം ചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കുകയും ഉദ്യോഗസ്ഥന്മാരെ ജനാധിപത്യ സംവിധാനത്തിനു് വിധേയരാക്കിത്തീർക്കുകയും ചെയ്യേണ്ടതാണു്. ആ സമീപനരീതി തികച്ചും അംഗീകരിച്ചിട്ടുള്ള ഒരു ബില്ലാണിതു്. ആ പ്രത്യേകതയാണു ഈ ബില്ലിനുള്ളതു്. ഉദ്യോഗസ്ഥ മേധാവിത്വത്തിനു് ഭരണമണ്ഡലങ്ങളിൽ വിളയാടാൻ കഴിയാത്ത ഒരു സാഹചര്യം ഉണ്ടാക്കാൻ ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നു. ഉദ്യോഗസ്ഥന്മാരെ

LIBRARY ARCHIVES Kerala Legislative Assembly

നിലയ്ക്ക് നിത്താനുള്ള ഒരു പ്രക്രിയ ഈ ബില്ലിൽ അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ ബില്ല് മറ്റെല്ലാ സംസ്ഥാനങ്ങളിലും നിലവിലിരിക്കുന്ന ജില്ലാ പരിഷത് നിയമസംവിധാനങ്ങളിൽനിന്നും വ്യത്യസ്തമാണ്.

അതുപോലെതന്നെ ജനങ്ങൾക്ക് അധികാരം കൊടുക്കുന്ന കാര്യത്തെസംബന്ധിച്ചിടത്തോളം നേരിട്ടുള്ള തിരഞ്ഞെടുപ്പ് സംപ്രദായമാണ്, നേരത്തെ അവതരിപ്പിച്ചിട്ടുള്ള ബില്ലിൽനിന്നും വ്യത്യസ്തമായി ഈ ബില്ലിൽ വ്യവസ്ഥചെയ്തിട്ടുള്ളത്. നേരിട്ടുള്ള തിരഞ്ഞെടുപ്പാണ് ജില്ലാ കൗൺസിൽ രൂപീകരണത്തിന്റെ അടിസ്ഥാനമായി സെലക്ഷൻകമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്. പൂർണ്ണമായും തിരഞ്ഞെടുക്കപ്പെടുന്ന ഒരു സമിതിയായിരിക്കും ജില്ലാ കൗൺസിൽ എന്നാണ് പറയുന്നത്. അതുപോലെതന്നെ പ്രസിഡണ്ടിനും വൈസ്പ്രസിഡണ്ടിനും എക്സിക്യൂട്ടീവ് അധികാരങ്ങൾ നൽകിയിട്ടുണ്ട്. ജനാധിപത്യ ഭരണത്തിൽ ഏറ്റവും താണ മണ്ഡലമായ പഞ്ചായത്തുകൾക്ക്, പൂർണ്ണമായ അധികാരം നൽകി ഫലപ്രദമായി പ്രവർത്തിക്കാൻ ഉതകുന്ന ഒരു ഭരണമണ്ഡലമെന്നുള്ള നിലയിൽ നിലനിർത്താനുതകുന്ന അടിസ്ഥാനപരമായ ഒരു മാറ്റം ആവശ്യമാണെന്നുള്ളതാണ് നാം വളരെക്കാലമായി പറയുന്ന കാര്യമാണ്. 1960-ലെ പഞ്ചായത്ത് ആക്ടിൽ വിപുലമായ അധികാരങ്ങൾ പഞ്ചായത്തിന് കൊടുത്തിട്ടുണ്ടെന്നാണ് പറയുന്നത്. ആ അധികാരങ്ങൾ പഞ്ചായത്തുകൾക്ക് വിനിയോഗിക്കാൻ കഴിയാത്ത ഒരു സ്ഥിതി വിശേഷമുണ്ട്. എക്സിക്യൂട്ടീവ് അധികാരങ്ങൾ ഉദ്യോഗസ്ഥന്മാർക്കാണ് നൽകിയിട്ടുള്ളത്. പല തീരുമാനങ്ങളും പഞ്ചായത്തുകൾ എടുത്തുകഴിഞ്ഞാൽ അത് നടപ്പാക്കാൻ ഒട്ടേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണത്തിന് വിധേയമായല്ലാതെ, പഞ്ചായത്ത് ഡയറക്ടറും പഞ്ചായത്ത് ഇൻസ്പെക്ടറും ഡിസ്ട്രിക്റ്റ് പഞ്ചായത്താഫീസറും നിയന്ത്രിക്കുന്ന ഏർപ്പാടിലല്ലാതെ, പഞ്ചായത്തുകളുടെ പ്രവർത്തനം നടത്താൻ കഴിഞ്ഞിട്ടില്ല ആ സ്ഥിതി ഈ ബില്ലിൽ അംഗീകരിച്ചിട്ടുള്ള ഭേദഗതികൾവഴി ഇല്ലാതാക്കിയിട്ടുണ്ട്. ചുമതലപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ നിവ്വഹിക്കുന്നതിനും പൂർണ്ണമായ അധികാരങ്ങൾ പഞ്ചായത്തുകൾക്ക് നൽകി ആ സ്ഥിതിവിശേഷത്തിനും മാറ്റം വരുത്തിയിട്ടുണ്ട്. അതുപോലെതന്നെ ജില്ലാ കൗൺസിൽ പ്രസിഡണ്ടിനും വൈസ്പ്രസിഡണ്ടിനും സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കും അവരുടെ അധികാരങ്ങൾ കൈകാര്യം ചെയ്യാനുള്ള സ്വാതന്ത്ര്യം ഇതിനകത്തുതന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഈ സമിതികൾക്ക് പൂർണ്ണമായി അധികാരം പകർന്നുകൊടുക്കുന്നകാര്യത്തിൽ ഗവണ്മെന്റിനും പൂർണ്ണമനസ്സ് ഉണ്ടാകുന്ന കാര്യത്തിൽ ഇവിടെ സംസാരിച്ച മെമ്പർമാർ എല്ലാം സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. അതു ശരിയല്ല. പൂർണ്ണമായ മനസ്സോടുകൂടി ഈ ബില്ലിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിയിൽ അധികാരം പകർന്നുകൊടുക്കുവാൻ ഉള്ള സമീപനം ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്കുപറയാനുള്ളതു്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: കേന്ദ്ര ഗവണ്മെന്റും, സംസ്ഥാനഗവണ്മെന്റുകളും തമ്മിലുള്ള ബന്ധത്തിന്റെ മാതൃകയിൽ ആയിരിക്കണം സ്റ്റേറ്റുഗവണ്മെന്റും ജില്ലാ കൗൺസിലും തമ്മിലുള്ള ബന്ധം എന്നാണോ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം?

ശ്രീ. ആർ. എസ്. ഉണ്ണി: ഈ ബില്ലിൽ ജില്ലാകൗൺസിലിനെ നിയന്ത്രിക്കാനുള്ള അധികാരം സംസ്ഥാനഗവണ്മെന്റിനു് ഉണ്ട്. ഈ അവസരത്തിൽ അത്രമാത്രം പോയാൽ മതി. അധികാരം പൂർണ്ണമായി ജില്ലാകൗൺസിലിനു് കൊടുക്കുന്നതിൽ ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, ഉദാഹരണമായി പോലീസിന്റെ അധികാരം ഉടനെ കൊടുക്കുന്നതിനെ സംബന്ധിച്ചു് തർക്കങ്ങൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതു് കൈകാര്യം ചെയ്യാനുള്ള കാര്യശേഷി ജില്ലാകൗൺസിലുകൾക്കു് ഉണ്ടു് എന്നു് ഗവണ്മെൻറിനു ബോധ്യമായതിനുശേഷം കൊടുത്താൽമതി. ഭാവിയിൽ അങ്ങനെ ചെയ്യാൻവേണ്ടി ഒരു ഭേദഗതി ഈ ബില്ലിൽ വരുത്തേണ്ടയാവശ്യമില്ല. ഈ വിധത്തിൽതന്നെയാണു് ആ കാര്യം വിഭാവനം ചെയ്തിരിക്കുന്നതു്. ഇതു് പറയുമ്പോഴും ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയെസംബന്ധിച്ചും ജനങ്ങളുടെ ബോധത്തെ സംബന്ധിച്ചും അവരുടെ കഴിവിനെസംബന്ധിച്ചും ഫ്യൂഡലിസ്റ്റു ശക്തികൾക്കു ജനതാമദ്ധ്യത്തിലുള്ള സ്വാധീനത്തെ സംബന്ധിച്ചും ഒക്കെ വളരെ പരാമർശിക്കപ്പെട്ടതാണു്. നമ്മുടെ സാമൂഹ്യമണ്ഡലത്തിൽ സ്ഥാപിതതാല്പര്യക്കാരുടെ സ്വാധീനം നിലനിൽക്കുന്നുവെന്നുള്ളതു് സത്യമാണു്. എന്നാൽ അങ്ങനെയുള്ള സ്വാധീനശക്തി നമ്മുടെ തിരഞ്ഞെടുപ്പുകളിൽ എത്രമാത്രം പ്രതിഫലിപ്പിക്കുന്നുണ്ടു് എന്നുള്ളതു് ഒരു വിവാദവിഷയമാണു് സർ; ഈ നിയമസഭതന്നെ അതിനൊരു പ്രതീകമാണെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. 1957–ൽ കമ്മ്യൂണിസ്റ്റുപാർട്ടി തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽവന്ന ഒരു സംസ്ഥാനമാണു് കേരളം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ മുതലാളിത്ത സ്വാധീനമാണു് നടമാടിയിരുന്നതു്. അങ്ങനെയുള്ള ഒരു സംസ്ഥാനത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടിക്കും കമ്മ്യൂണിസ്റ്റുപാർട്ടി ഉൾക്കൊള്ളുന്ന കൂട്ടുകെട്ടിനും വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി വീണ്ടും അധികാരത്തിൽ വരാൻ കഴിഞ്ഞിരിക്കുന്നു. ഇതു പ്രത്യേകത പരിഗണിക്കപ്പെടേണ്ട ഒരു കാര്യമാണു്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: ബാലറ്റുപെട്ടിവഴി ജനപ്രതിനിധികളും ഒരുതിർത്തിവരെ തിരഞ്ഞെടുക്കപ്പെട്ടാലും, സർക്കാരിൻറെയായാലും ജില്ലാകൗൺസിലിൻറെയായാലും എക്സിക്യൂട്ടീവധികാരത്തോടുകൂടി ചുമതലകളും കൈകാര്യം ചെയ്യുന്ന വ്യക്തികളെ പണമുള്ളവർക്കു് സ്വാധീനിക്കാൻ കഴിയുമെന്ന സ്ഥിതി വിശേഷമില്ലേ?

ശ്രീ ആർ. എസ്. ഉണ്ണി: അവനവൻറെ ചാരിത്ര്യത്തെക്കുറിച്ചുള്ള വിശ്വാസക്കുറവാണു് ഇതിൽ പ്രധാനമായി ഉള്ളതു്. ചട്ടപ്രകാരമുള്ള തിരഞ്ഞെടുക്കപ്പെട്ട ജനാധിപത്യസമിതികൾക്കു് ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കാൻ സ്വാതന്ത്ര്യമുണ്ടു്. അവർക്കു് ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കാൻ കഴിയണം; കഴിയുമെന്നാണു എൻറെ വിശ്വാസം. ഇന്നത്തെ ചൂറ്റുപാടുകളിൽ അധികാരവികേന്ദ്രീകരണം നടത്തിയാൽ അതുകൊണ്ടു സോഷ്യലിസമോ കമ്മ്യൂണിസമോവരുത്താമെന്ന വ്യാമോഹമൊന്നും ആർക്കുമില്ല. സാധാരണക്കാരുടെ സംഘടിതമായ ശക്തിസമാഹരിക്കാനും തിരഞ്ഞെടുപ്പിലൂടെഇന്നുള്ള പരിമിതമായ സൗകര്യങ്ങളുപയോഗിച്ചു ഭൂരിപക്ഷം നേടാനുംകഴിയുന്ന സാഹചര്യം പരമാവധി വിനിയോഗിക്കാൻകഴിയണം. അങ്ങനെ വിനിയോഗിക്കാൻ കഴിഞ്ഞാൽ സ്ഥാപിതതാൽപര്യക്കാരെയും ഫ്യൂഡലിസ്റ്റു മുതലാളിത്ത ശക്തികളേയും ഫലപ്രദമായി നേരിടാൻ കഴിയുകയും അതിൻറെ ഫലമായി സാധാരണക്കാരായ ജനവിഭാഗങ്ങളുടെ നില അഭിവൃദ്ധിപ്പെടുത്താൻകഴിയുകയും ചെയ്യുമെന്നാണു്, എൻറെ വിശ്വാസം. സ്ഥാപിതതാൽപര്യങ്ങളെ മുകളിൽനിന്നും താഴെനിന്നും എതിർക്കാൻ കഴിയും, അവരുടെ ശക്തി ശിഥിലമാക്കാനോ തളർത്താനോ കഴിയുമെന്നു വിശ്വസിക്കുന്നയാളാണു് ഞാൻ. അതിനുള്ള സാധ്യത ഇന്നുള്ളതു് പൂർണ്ണമായി വിനിയോഗിക്കാൻ നമുക്കു് കഴിയണം. 1958–ലെ ഭരണപരിഷ്ക്കാരകമ്മിറ്റി ഒരു സമീപനം സ്വീകരിച്ചിട്ടുണ്ടു്. ജില്ലാ ഭരണത്തെ സംബന്ധിച്ചുള്ള താത്വികവും പ്രായോഗികവുമായ കാര്യങ്ങളും പഠിച്ചു് അവർ തയ്യാറാക്കിയ റിപ്പോർട്ടു് നമ്മുടെ മുൻപിലുണ്ടു്. ഈ ബില്ലിൽ പ്രധാനമായി വരുത്തിയ മാറ്റങ്ങളും 1958–ലെ ഭരണപരിഷ്ക്കാരകമ്മിറ്റി സ്വീകരിച്ച സമീപനത്തിനു പൂർണ്ണമായും അനുരോധമാണെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണു്. 1959–ൽ ഒരു ബിൽ അവതരിപ്പിച്ചിരുന്നു. അതിൽ ഒരു സമീപനം ഉണ്ടു്. 1958–ലെ ഭരണ പരിഷ്ക്കാരകമ്മിറ്റി റിപ്പോർട്ടിലും അതിനു ശേഷം അവതരിപ്പിക്കപ്പെട്ട ബില്ലിലും ഉള്ളതിൽനിന്നും സല്പം വ്യത്യസ്തമായ

LIBRARY ARCHIVES Kerala Legislative Assembly

രൂപത്തിലുള്ള സമീപനമാണു് ഈ ബില്ലിൽ ഉള്ളതു്. അതായതു് കഴിഞ്ഞ പത്തു കൊല്ലത്തെ അനുഭവവും പത്തുകൊല്ലത്തെ പുരോഗതിയും പത്തു കൊല്ലത്തെ മാറ്റങ്ങളും അനുസരിച്ചുള്ള വ്യത്യാസങ്ങളാണു വരുത്തിയിട്ടുള്ളതു്. 1959—ലെ ബില്ലിൽ ഒരു എലക്ടറൽ കോളേജു് വിഭാവനം ചെയ്തിട്ടുണ്ടു്. എങ്കിലും കഴിയുമെങ്കിൽ നേരിട്ടുള്ള തിരഞ്ഞെടുപ്പുകൂടി വഴി ജില്ലാസമിതികളും രൂപീകരിക്കണം എന്നാണു് 1958—ലെ ഭരണപരിഷ്ക്കാരകമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു്. അതുപോലെ, ജില്ലാ കൗൺസിലിനു് കഴിയുന്നത്ര അധികാരം കൊടുക്കണം, അങ്ങനെ കഴിയുന്നത്ര അധികാരവികേന്ദ്രീകരണമെന്നും കമ്മിറ്റി പറഞ്ഞിട്ടുണ്ടു്. കൂടാതെ പഞ്ചായത്തുകൾക്കു് പൂർണ്ണമായ അധികാരം കൊടുക്കണമെന്നാണു്. പഞ്ചായത്തുകൾക്കു് അധികാരം പകർന്നു കൊടുക്കാൻ 60—ലെ ബില്ലുകൊണ്ടു് കഴിഞ്ഞിട്ടില്ല എന്നതാണു് നേരു്. 1959—ലെബില്ലിൽ ജില്ലാസമിതികൾക്കു് മൂന്നു് ഘട്ടങ്ങളായി അധികാരം പകർന്നുകൊടുക്കാനുള്ള സമീപനമാണുള്ളതു്. ആദ്യത്തെ രണ്ടു ഘട്ടങ്ങളും ബില്ലിൽ ഒന്നിച്ചു ചേർത്തിട്ടുണ്ടു്. രണ്ടു ഘട്ടങ്ങളിൽ ആദ്യത്തേതു് വികസനപരമായ പ്രവർത്തനങ്ങളാണു്. സോഷ്യൽ സർവ്വീസു്, സാമൂഹ്യവികസനം മുതലായവയുള്ള അധികാരങ്ങളും പിന്നെ കൊടുക്കാനാണു് അന്നത്തെ സമീപനം. എന്നാൽ ഈ ബില്ലിൽ സ്വീകരിച്ചിരിക്കുന്ന സമീപനം, വികസനപരകാര്യങ്ങൾക്കും സാമൂഹ്യസേവനപരമായ കാര്യങ്ങൾക്കുമുള്ള അധികാരങ്ങളും ഒരുമിച്ചു കൊടുക്കുകയും ആവശ്യമെന്നുവന്നാൽ, ഫലപ്രദമെന്നും പ്രായോഗികമെന്നും കണ്ടാൽ കാമൺ ലിസ്റ്റനുസരിച്ചുള്ള പുതിയ അധികാരങ്ങളുംകൂടി പുറകെ കൊടുക്കുക എന്നതുമാണു്.

പൊതുവായി പറഞ്ഞാൽ ഈ സമീപനം, ഇതിനെപ്പറ്റി ആധികാരികമായ അഭിപ്രായം പറയത്തക്ക സമിതികളും പുരോഗമനപരമായി നമ്മുടെ രാജ്യത്തു് ഫലപ്രദമായ അധികാരവികേന്ദ്രീകരണം നടത്തുന്നതിനുവേണ്ടി ഉച്ചത്തിൽ വാദിച്ചിട്ടുള്ള എല്ലാവരും അംഗീകരിച്ചിട്ടുള്ള പൊതു തത്വങ്ങളുടെ അടിസ്ഥാനത്തിൽ രൂപം നൽകപ്പെട്ടിട്ടുള്ള ഒന്നാണു്. ഇന്നത്തെ ജനാധിപത്യസംവിധാനത്തിൽ ഭരണപരമായ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടു് നടത്താവുന്ന ഏറ്റവും ഫലപ്രദമായ ഒരു സമീപനമാണിതെന്നുള്ള കാര്യത്തിൽ സംശയത്തിനവകാശമില്ല. എന്തെങ്കിലും അഭിപ്രായവ്യത്യാസം സെലക്ടുകമ്മിറ്റിയിലോ ഈ സഭയിലോ ഉണ്ടെങ്കിൽ അതു വിശദാംശങ്ങളിൽ മാത്രമാണെന്നുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണു്. ഒരു കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മിക്കുകയാണു്. സർ. സി. പി. രാമസ്വാമിഅയ്യർ തിരുവിതാംകൂറിൽ വിദ്യാഭ്യാസം ദേശസാൽക്കരിച്ചുകൊണ്ടു് ഒരു തീരുമാനമെടുത്തു. അതൊരു വലിയപ്രശ്നമായിരുന്നു. വിദ്യാഭ്യാസം ദേശസാൽക്കരിക്കുകയെന്നതു് നല്ലൊരു കാര്യമാണെന്നുള്ളതിൽ ആക്കും അഭിപ്രായവ്യത്യാസമില്ലായിരുന്നു. പക്ഷേ സർ. സി. പി. രാമസ്വാമി അയ്യർ അങ്ങനെയുള്ള നടപടി സ്വീകരിച്ചപ്പോൾ കോൺഗ്രസ്സിനു അതു അതേപടി അംഗീകരിക്കാൻ നിവൃത്തിയില്ലാതായി. അന്നു കോൺഗ്രസ്സിനു് പിൻതുണ നൽകിയിരുന്ന ശക്തമായ പ്രബലവിഭാഗങ്ങളിൽനിന്നും അതിനെ എതിർക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടു; സജീവമായ ചർച്ച നടന്നു. തലപുകഞ്ഞു ചിന്തിക്കേണ്ടതായ സ്ഥിതിവിശേഷമുണ്ടായി. സ്റ്റേറ്റുകോൺഗ്രസ്സിന്റെ വർക്കിംഗ്കമ്മിറ്റി അതുസംബന്ധിച്ചു് അതിന്റെ പ്രസിദ്ധമായ പ്രമേയം അംഗീകരിച്ചു. ആ പ്രമേയത്തിൽ ഇങ്ങനെയാണു് പറയുന്നതു് വിദ്യാഭ്യാസം ദേശസാൽക്കരിക്കുകയെന്നതു വളരെ നല്ല കാര്യമാണു്. എന്നാൽ ഒരു ഏകാധിപത്യ ഗവണ്മെന്റായ ദിവാൻഭരണം നിലവിലിരിക്കുന്ന ഒരു രാജ്യത്തു് വിദ്യാഭ്യാസംപോലുള്ള കാര്യങ്ങൾ ദേശസാൽകരിക്കാൻ കഴിയുമോ, ആ ദേശസാൽക്കരണം ഫലപ്രദമാകുമോ, എന്നു കോൺഗ്രസ്സു് സംശയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. പ്രഭാകരത്തണ്ടാർ: അന്നു് കാൺഗ്രസ്സിലുണ്ടായിരുന്നവരെ തമ്മിൽ ഭിന്നിപ്പിക്കാനുള്ള ഒരടവായിരുന്നില്ലേ അതു്?

ശ്രീ. ആർ. എസ്. ഉണ്ണി: ഞാൻ അക്കാര്യം പറഞ്ഞുവരികയാണു്. നിഗമനങ്ങളും അവരവരുടെ യുക്തംപോലെ സ്വീകരിക്കാം. എറ്റവും നല്ല കാര്യമാണെങ്കിൽപ്പോലും അതു് നടപ്പാക്കാനുള്ള അധികാരം ആരു വിനിയോഗിക്കണം, എപ്പോൾ നടപ്പാക്കണം, എങ്ങനെ നടപ്പാക്കണം എന്നുള്ളതിനും പ്രാധാന്യമുണ്ടു് എന്നുള്ളതാണു് ഈ പ്രമേയത്തിന്റെ ലോജിക്കു് എന്നു പറയാം. ഇതു താൽക്കാലികമായ ഭിന്നാഭിപ്രായമായിരുന്നു. പലരും കാൺഗ്രസ്സിൽനിന്നു വിട്ടുമാറാൻ ഇടനൽകിയ തീരുമാനമായിരുന്നു അതു്. വക്കിംഗ് കമ്മിറ്റിയിൽനിന്നു പലരും രാജിവച്ചു. ശ്രീ. എൻ. ശ്രീകണ്ഠൻ നായർ ഈ തീരുമാനത്തിൽ പ്രതിഷേധിച്ചാണു് കാൺഗ്രസ്സു് വക്കിംഗ് കമ്മിറ്റിയിൽനിന്നു രാജിവച്ചതു് എന്നാണു എന്റെ ഓർമ്മ. ദിവാൻഭരണം നിലവിലിരിക്കുന്ന ഏകാധിപത്യഭരണക്രമത്തിനു് വിദ്യാഭ്യാസം ശേഖരിക്കാനുള്ള നടപടി സ്വീകരിക്കാൻപാടില്ല എന്നുള്ളതായിരുന്നു അന്നത്തെ സമീപനം. എന്നാൽ അതിൽനിന്നു് ഒട്ടൊക്കെ വ്യത്യസ്തമായ ഒരു സമീപനം ഇന്നു നിർഭാഗ്യവശാൽ കാണുന്നുണ്ടു്. ബൂർഷ്വാ ഭരണഘടന നിലവിലുണ്ടു്, അതനുസരിച്ചു രൂപീകരിക്കപ്പെട്ടുന്ന ഭരണക്രമമുണ്ടു്, ജന്മിത്വത്തിനും മറ്റും ഒട്ടൊക്കെ സ്വാധീനംചെലുത്താൻ കഴിയുന്നുണ്ടു്, അത്തരത്തിലുള്ള ഒരു ഗവണ്മെൻറു് ജനാധിപത്യവൽക്കരണവും അധികാരവികേന്ദ്രീകരണവും നടത്തുന്നതു ശരിയാണോ എന്നൊരു വാദം ഉന്നയിക്കുന്നുണ്ടെന്നു തോന്നുന്നു. അതു ശരിശല്യ. നമുക്കു് ഇന്നുള്ള സാദ്ധ്യതകളും പരമാവധി വിനിയോഗിച്ചു് അധികാരവികേന്ദ്രീകരണം നടത്തുകയും ഉദ്യോഗസ്ഥമേധാവിത്വത്തെ, തിരഞ്ഞെടുക്കപ്പെട്ടുന്നവരുടെ അധികാരത്തിനു വിധേയമാക്കി പ്രവർത്തിക്കുകയും ചെയ്യാൻ കഴിയുമോ എന്നു പരിശോധിക്കേണ്ടതാണു്.

നമ്മുടെ രാജ്യത്തു് വികസനപ്രക്രിയകളിൽ പോരായ്മകളും വരുന്നുവെന്നുള്ളതു ശരിയാണു്. എന്തുകൊണ്ടാണു് ഈ പോരായ്മകളുണ്ടാകുന്നതെന്നു് അറിയണം. വികസനപ്രവർത്തനങ്ങളുടെ പുരോഗതിക്കു് ആവശ്യമുള്ള വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഇന്നു നടക്കുന്നില്ല. മാനുഷികപ്രയത്നം പരമാവധി ഉപയോഗിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമാണുള്ളതു്. ഇതു് അവസാനിപ്പിക്കണമെങ്കിൽ, വികസനപ്രവർത്തനങ്ങളിൽ ജനങ്ങളെ നേരിട്ടു പങ്കെടുക്കുന്നതിനും ജനശക്തി വൻതോതിൽ സമാഹരിക്കുന്നതിനും കഴിയുന്ന സംവിധാനം വേണം.

പഞ്ചായത്തുരാജ് സംവിധാനം മറ്റു പല സംസ്ഥാനങ്ങളിലും വികസനപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള പ്രക്രിയ ത്വരിപ്പിക്കുന്നതിനാവശ്യമായ കൂടുതൽ അധികാരങ്ങളും ജനാധിപത്യസമിതികൾക്കു കൊടുക്കുന്ന സമ്പ്രദായം സ്വീകരിക്കപ്പെട്ടിട്ടില്ല. മഹാരാഷ്ട്രയിൽ മാത്രമാണു് ഒട്ടൊരു വ്യത്യസ്തമായ സമീപനമുള്ളതു് അതിൽനിന്നെല്ലാം വ്യത്യസ്തമായി വന്നിച്ച പുരോഗതിയാണു് ഈ ബിൽ വിഭാവനം ചെയ്യുന്നതു് എന്നതു് ആശാവഹമായ കാര്യമാണു്.

അഭിപ്രായവ്യത്യാസമുള്ളതായികണ്ട മറ്റൊരു കാര്യം എം. എൽ. എ. മാർക്കു് ജില്ലാ കൗൺസിലിൽ എക്സ് ഒഫിഷ്യോ അംഗത്വം നൽകുന്നതാണു്. ഇതു് സെലക്ടുകമ്മിറ്റി സജീവമായി ചർച്ചചെയ്തതാണു്. മഹാരാഷ്ട്രയിൽ ഒഴികെ മറ്റെല്ലായിടത്തും എം. എൽ. എ. മാർ എക്സ് ഒഫിഷ്യോ അംഗങ്ങളോ വോട്ടു ചെയ്യാൻ അധികാരമുള്ള അംഗങ്ങളോ ആണു്. കേരളത്തെസംബന്ധിച്ചിടത്തോളം, ഇത്തരത്തിലുള്ള ഒരു ഭരണസംവിധാനം ഏർപ്പെടുത്തുമ്പോൾ എം. എൽ. എ. മാർക്കു് ജില്ലാകൗൺസിലുകളിൽ സംബന്ധിക്കാനും വോട്ടുചെയ്യാനും അവകാശമുണ്ടായിരിക്കണമോ, സ്വാതന്ത്ര്യമുണ്ടായിരിക്കണമോ, എന്നുള്ളതു് പ്രശ്നമായി. ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും, വികസനപ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിനും നയിക്കുന്നതിനും രൂപീകരിക്കപ്പെട്ടിട്ടുള്ള താൽക്കാലിക

LIBRARY ARCHIVES Kerala Legislative Assembly

ഭരണസംവിധാനങ്ങളിൽ എം. എൽ. എ. മാക്കും, വോട്ടു ചെയ്യാനുള്ള അധികാരത്തോടുകൂടി, പങ്കെടുക്കാനുള്ള അധികാരംവച്ചിരിക്കുന്ന സ്ഥിതിക്ക് കേരള സംസ്ഥാനത്തിലും എം. എൽ. എ. മാക്കുകൂടി എക്സ് ഒഫിഷ്യോ മെമ്പർമാരായി പങ്കെടുക്കാൻകഴിയണമെന്നുള്ള തീരുമാനത്തിലാണ് എത്തിച്ചേർന്നിട്ടുള്ളത്. ജില്ലാ കൗൺസിലിനു നൽകാൻപോകുന്ന വിപുലമായ അധികാരവും പ്രവർത്തനങ്ങളും പരിശോധിക്കുമ്പോൾ, ഗവണ്മെൻറും ജില്ലാ കൗൺസിലും തമ്മിലുള്ള ആരോഗ്യകരമായ ബന്ധം നിലനിറുത്താനും, നയപരമായ കാര്യങ്ങളിൽ ഗവണ്മെൻറ് എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുകയാണ് ജില്ലാ കൗൺസിലിൻെറ ജോലിയെന്നുള്ളതു് അംഗീകരിച്ചുകൊണ്ടും ഇതു രണ്ടിനുമിടയിൽ ഒരു ലെയിസോൺ നിലനിറുത്താൻവേണ്ടി, എം. എൽ. എ. മാർ ജില്ലാ കൗൺസിലിൽ എക്സ് ഒഫിഷ്യോ മെമ്പറന്മാരാകണമെന്നുള്ള നിലപാടാണ് അംഗീകരിക്കപ്പെട്ടതു്.

മറെറാരു തക്കം കാർപ്പറേഷനും മുനിസിപ്പാലിറ്റിയും ജില്ലാ കൗൺസിലിനു വിധേയമായി അതിൻെറ പരിധിക്കുള്ളിൽ നിറുത്തി പ്രവർത്തിക്കണമോ എന്നുള്ളതാണു്. ഈ ബില്ലിൽ കോർപ്പറേഷനേയും മുനിസിപ്പാലിറ്റിയേയും ജില്ലാ കൗൺസിലിൻെറ പരിധിക്കുള്ളിൽ നിറുത്തിക്കൊണ്ടുള്ള ഒരു സംവിധാനത്തിനാണു് രൂപം നൽകിയിട്ടുള്ളതു്. പ്രധാനമായും സെലക്ററു് കമ്മിറ്റിയുടെ പരിഗണനയിൽ വന്ന ഒരു പ്രശ്നം ജില്ലാ കൗൺസിലിനു് വികസനപരമായ കാര്യത്തിൽ, വിശേഷിച്ചു് കൃഷിവികസനം, കാർഷികോല്പാദനവർദ്ധനവു്, കമ്മ്യൂണിക്കേഷൻ ഫെസിലിറ്റീസ് ചികിത്സാസൗകര്യങ്ങൾ ഇവയുടെ കാര്യത്തിൽ പ്രവർത്തിക്കാവുന്നതിനെപ്പറ്റിയാണു്. നമ്മുടെ രാജ്യത്തിൻെറ ഒരു പ്രത്യേകത സെലക്ററു കമ്മിറ്റിയുടെ പരിഗണനയിൽ വരികയുണ്ടായി. നമ്മുടെ രാജ്യം ഒരു 'എക്സ്റെൻറഡ് സിറ്റി' ആണെന്നുള്ളതാണു് ആ പ്രത്യേകത. മറു രാജ്യങ്ങളിൽ ഒരു ഗ്രാമം കഴിഞ്ഞാൽപ്പിന്നെ വിദൂരമായ വിജനപ്രദേശങ്ങൾ കഴിഞ്ഞാണു് അടുത്ത ഗ്രാമം കാണുന്നതു്. നമ്മുടെ രാജ്യമാണെങ്കിൽ നെയ്യാറ്റിൻകര മുതൽ കാസർഗോഡുവരെയുള്ള ഒരു 'എക്സ്റെൻറഡ് സിറ്റി' യാണു്. അങ്ങനെയുള്ള ഈ ഭൂപ്രദേശം വളരെ മോശപ്പെട്ട വളരെ പിന്നോക്കാവസ്ഥയിലുള്ള സ്ഥിതിയിലാണെന്നു് കാണാം. അതിനെപ്പറ്റി ബഹുമാനപ്പെട്ട വടകര മെംബർ സംസാരിക്കുകയുണ്ടായി.

വടകര മുനിസിപ്പാലിറ്റി ചെയർമാനാണദ്ദേഹം. പല മുനിസിപ്പാലിറ്റികളുടെയും അധികാരാതിർത്തിക്കുള്ളിൽ വരുന്ന ചില കേന്ദ്രമൊഴികെ ബാക്കിയുള്ള പ്രദേശങ്ങൾ അധികവും ചില വില്ലേജുകളെക്കാൾ മോശപ്പെട്ട സ്ഥലങ്ങളാണു്. വിശാലമായ കൃഷിസ്ഥലങ്ങളും, പാടശേഖരങ്ങളുമുള്ള മുനിസിപ്പാലിറ്റികളുമുണ്ടു്. അതുപോലെതന്നെ മറുതർത്തിൽ വികസനങ്ങളേശാത്ത, ഇലക്ട്രിഫിക്കേഷൻ സൗകര്യങ്ങൾപോലും എത്താത്ത മുനിസിപ്പാലിറ്റി വാർഡുകളും നമ്മുടെ രാജ്യത്തുണ്ടു്. നിലവിലുള്ള കോർപ്പറേഷനുകളിൽ, കോഴിക്കോട് കോർപ്പറേഷനേറയും, കോച്ചി കോർപ്പറേഷനേറയും അധികാരാതിർത്തിക്കുള്ളിലുള്ള പല പ്രദേശങ്ങളും ഇത്തരത്തിലുള്ള വികസനം ആവശ്യമായിട്ടുള്ള പ്രദേശങ്ങളാണു്. അങ്ങനെയുള്ള പ്രദേശങ്ങൾ നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ നിന്നും ഒട്ടും വ്യത്യസ്തമായ പ്രദേശങ്ങളല്ല. അതുകൊണ്ടു് കോർപ്പറേഷൻ അധികാരാതിർത്തിപ്രദേശങ്ങളിൽ പൂരമാവധി വികസനത്തിനോ, പുരോഗമനത്തിനോ ഉതകുന്ന തരത്തിൽ ഒന്നും ചെയ്യാൻ കഴിയാത്ത ഒട്ടേറെ പരിമിതികളും ഉണ്ടെന്നാണു് അവരുടെ ആക്ഷേപം. ആ പ്രദേശങ്ങളെ വികസനപരമായ കാര്യങ്ങളിൽനിന്ന ഒഴിച്ചുനിറുത്തുന്ന സമീപനം സ്വീകരിക്കുകയാണെങ്കിൽ അതു അപകടമുണ്ടാക്കുന്നതാണു്. കോർപ്പറേഷനെയും മുനിസിപ്പാലിറ്റികളെയും ഇതിൻെറ അധികാരപരിധിക്കുവിധേയമായിത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ടു്. ഇതോടൊപ്പം ഡിസ്ട്രിക്ററു മുനിസിപ്പാലിറ്റീസ് ആക്ടിലും കോർപ്പറേഷൻ ആക്ടിലും ഭേദഗതികളും വരുത്തേണ്ടതാവശ്യമാണു്. ഈ നിയമത്തിൽ വ്യത്യസ്തമായ ഒരു നയം സ്വീകരിക്കണമെന്നാണു് എൻെറ വിനീതമായ അഭിപ്രായം. തിരുവനന്തപുരം കോർപ്പറേഷൻ, കൊച്ചിൻ കോർപ്പറേ

LIBRARY ARCHIVES Kerala Legislative Assembly

ഷൻ, കോഴിക്കോട് കാർപ്പറേഷൻ എന്നിങ്ങനെ മൂന്ന കോർപ്പറേഷനുകളാണിപ്പോ ഴുള്ളതു്. ഈ കോർപ്പറേഷനുകളെ ഈ നിയമത്തിന്റെ പരിധിയിൽനിന്നൊഴി വാക്കി നിറുത്തേണ്ടതാണു്. കോർപ്പറേഷൻ ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തി, ജില്ലാകൗൺസിലിനുള്ളതുപോലുള്ള അധികാരങ്ങളും നിലനിറുത്താൻ കഴിയുന്നതാണു്. മുനിസിപ്പാലിറ്റികളിൽനിന്ന വ്യത്യസ്തമായി ഇന്ന കോർപ്പറേ ഷനുകൾക്കുള്ള ഭരണപരമായ അധികാരങ്ങൾ കണക്കിലെടുക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. ജില്ലാ കൗൺസിലിന്റെ കീഴിൽ ജോലിചെയ്യുന്ന എക്സിക്യൂട്ടീവ് എൻജിനീയറെപ്പോലെ, ഏറെക്കുറെ തുല്യമായ അധികാരമുള്ള ഒരു എൻജിനീയർ കോർപ്പറേഷനിലുമുണ്ടു്. ഏറെക്കുറെ ഡിസ്ട്രിക്റ്റ് മെഡിക്കൽ ആഫീസറുടെ അധികാരത്തോടുകൂടി ഒരു ഹെൽത്ത് ആഫീസർ കോർപ്പറേഷനി ലുണ്ടു്. അതുകൊണ്ടു മുനിസിപ്പാലിറ്റികളിൽനിന്നു് അല്പം വ്യത്യസ്തമായി, ഏറെക്കുറെ ജില്ലാകൗൺസിലുകൾക്കു തുല്യമായ ഭരണസംവിധാനത്തിലുള്ള ഒരു സമാന്തരഭരണക്രമം കോർപ്പറേഷനിൽ നിലനിറുത്താൻ കഴിയുന്നതാണു്. കോർപ്പറേ ഷനെ ഇതിൽനിന്നൊഴിവാക്കി, കോർപ്പറേഷൻ ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നാണു് എന്റെ വിനീതമായ അഭിപ്രായം. എന്നാൽ, മുനിസി പ്പാലിറ്റികളെ ഇതിൽനിന്ന ഒഴിവാക്കേണ്ട കാര്യമില്ല. ഈ രാജ്യത്തെ മൊത്തത്തി ലുള്ള വികസനപരവും ഭരണപരവുമായ കാര്യങ്ങളിൽ മുനിസിപ്പൽ പ്രദേശത്തെ ജനങ്ങളെയും ഭാഗഭാക്കുകളാക്കിക്കൊണ്ടു് അവർക്കുകൂടി അതിനു സൗകര്യം നൽകുന്നതു നല്ലതാണെന്നാണു് എന്റെ അഭിപ്രായം.

പൊതുവെ പറഞ്ഞാൽ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം അധികാര വികേന്ദ്രീകരണകാര്യത്തിൽ ചില അഭിപ്രായ വ്യത്യാസങ്ങൾ ഇന്നു നിലവിലുണ്ടു്. ബഹുമാനപ്പെട്ട കെ. കരുണാകരനും, ശ്രീ. കെ. എം. ജോർജ്ജും, ശ്രീ. കെ. എം. മാണിയും അതുസംബന്ധിച്ച ഭിന്നാഭിപ്രായക്കുറിപ്പുകൾ എഴുതിച്ചേർത്തിട്ടുണ്ടു്. ആ അഭിപ്രായത്തെ പിൻതാങ്ങിക്കൊണ്ടു് ഭരണകക്ഷിയിലെ ചിലരും ഭരണകക്ഷി യിലെ ഘടക കക്ഷികളിൽ ചിലരും ഫലത്തിൽ യോജിച്ചിട്ടുണ്ടെങ്കിലും ഇതെല്ലാം ഉച്ചത്തിലുള്ള ചിന്തകളെ അല്ലാതെ ഇതിലെ ഭിന്നാഭിപ്രായക്കുറിപ്പുകളെ സംബന്ധിച്ചിടത്തോളം അവർ ഗൗരവതരമായ പ്രാധാന്യം നൽകിയിട്ടുള്ള തായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ രാജ്യത്തെ ഭരണമണ്ഡലത്തിൽ വൻപിച്ച മാറ്റങ്ങൾ വരുത്തുന്ന, ഇൻഡ്യയിൽ മറെറാരു സംസ്ഥാനത്തുമുണ്ടാകാത്ത രീതിയിൽ, അത്രമാത്രം പുരോഗമനാത്മകമായ ഒരു നിയമമാണിതെന്നുള്ള കാര്യ ത്തിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടാകാൻ ഇടയില്ല. ഒരു നിയമസഭാസാമാജിക നെന്ന നിലയിൽ, എന്റെ നിയമസഭാപ്രവർത്തനകാലത്തു് എനിക്കുകൂടി പങ്കെട ക്കാനും ശ്രമം നൽകാനും അവസരം കിട്ടിയ ഒരു നിയമമെന്ന നിലയിൽ, ജനങ്ങളി ലേക്കു കൂടുതൽ അധികാരം പകർന്നുകൊടുക്കാൻ വ്യവസ്ഥചെയ്യുന്ന രീതിയിൽ ശ്രമം നൽകാൻ സാധിച്ചതിൽ ഞാൻ അതീവചരിതാർത്ഥനാണു്. ഈ കാരണത്താൽ എനിക്കു അഭിമാനത്തോടുകൂടിത്തന്നെ എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളെ അഭിമുഖീകരിക്കാൻ കഴിയുമെന്നുള്ളതും വളരെ സന്തോഷകരമാണു്. അങ്ങനെ വളരെ പ്രധാനപ്പെട്ട ഈ ബിൽ ഒട്ടും അമാന്തംകൂടാതെ പാസ്സാക്കി പ്രയോഗത്തിൽ വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

ഇതുപോലെ പരമപ്രാധാന്യം അർഹിക്കുന്ന മറെറാരു ബില്ലാണു് കാർഷിക പരിഷ്കരണബിൽ. നമുക്കു അഭിമാനിക്കാൻ വകനൽകുന്ന ഒരു പ്രധാന ബില്ലാ ണിതു്. ഈ രണ്ടു നിയമനിർമ്മാണങ്ങളും, പഞ്ചായത്തുരാജുബില്ലും, കാർഷിക പരിഷ്കരണബില്ലും ഈ നിയമസഭയിൽത്തന്നെ പാസ്സാക്കി എടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു. ഈ നിയമസഭയിൽത്തന്നെ കാർഷികപരിഷ്കരണബില്ലും പരിഗണനക്കെടുത്തു പാസ്സാക്കണമെന്നുള്ള അഭ്യ ർത്ഥനയോടുകൂടി എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: സർ, ജനാധിപത്യവും, ജനാധിപത്യവൽക്കരണവും, വികേന്ദ്രീകരണവും കേരളീയർ വളരെക്കാലമായി ആശിച്ചുപോന്ന ഒരാശയമാണു്. അതിലേക്കു 1959–ലും 1964–ലും വിനീതമായ കാൽവയ്പുകൾ നടത്തിയെങ്കിലും രാഷ്ട്രീയ അനിശ്ചിതത്വംമൂലം നിർഭാഗ്യവശാൽ നിയമസഭയുടെ ആ പരിശ്രമങ്ങൾ സഫലീകരിക്കാൻ കഴിഞ്ഞിരുന്നില്ല. അതിനുശേഷം 1967–ൽ ശ്രീ. അഹമ്മദ്കുരിക്കൾ നിയമസഭയിൽ അവതരിപ്പിച്ച ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ അഭിപ്രായത്തോടുകൂടി ചർച്ചചെയ്യുമ്പോൾ, ഈ ബില്ലിനു് രൂപം നൽകിയ ശ്രീ. അഹമ്മദ്കുരിക്കളിനെ സ്മരിക്കുകയും, അദ്ദേഹത്തിന്റെ കാല്പാടുകളെ പിൻതുടരുന്ന പഞ്ചായത്തുവകുപ്പുമന്ത്രി ശ്രീ. അവുക്കാദർകുട്ടിനഹസ്സു, ഈ സഭയിൽ എല്ലാഭാഗത്തുനിന്നും ബഹുമാനപ്പെട്ട മെമ്പറന്മാർ ഉന്നയിക്കുന്ന അഭിപ്രായങ്ങളെ ആദരിച്ചുകൊണ്ടും, ഭേദഗതികളെ സ്വീകരിച്ചുകൊണ്ടും നിയമനിർമ്മാണം നടത്താനുള്ള ശക്തി ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുകയാണു്.

സർ, ജനാധിപത്യവൽക്കരണത്തെയും, വികേന്ദ്രീകരണത്തെയും സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു സംഗതി, ഇൻഡ്യയ്ക്കു സ്വാതന്ത്ര്യംകിട്ടിയെങ്കിലും, സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഏകീകൃതമായ സ്വാതന്ത്ര്യം നമ്മുടെ ഗ്രാമീണർക്കു പകർന്നുകൊടുക്കാൻ കഴിഞ്ഞ ഇരുപതു വർഷക്കാലത്തിനിടയിൽ നമുക്കു കഴിഞ്ഞിട്ടില്ലെന്നുള്ളതു ഒരു പരമാർത്ഥമാണു്. സ്വാതന്ത്ര്യത്തിന്റെ മാധുര്യം വേണ്ടവിധം ആസ്വദിക്കാൻ ഇതുവരെ ഗ്രാമീണർക്കു കഴിഞ്ഞിട്ടില്ല. ഇൻഡ്യൻ സ്വാതന്ത്ര്യത്തോടുകൂടി ജനാധിപത്യസംവിധാനത്തിൽ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം കടന്നുകൂടുകയാണുണ്ടായതു്.

ഇന്നു് രാജ്യത്തെ അധികാരമുള്ള ഓഫീസ് സ്ഥാനവും ഉദ്യോഗസ്ഥന്മാർ കൈയടക്കി വയ്ക്കുകയും, അധികാരത്തിന്റെ കുത്തക അവർക്കു ലഭിക്കുകയും ചെയ്തിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണുള്ളതു്. ആ കുത്തകവഴ്ത്തിൽ അമർന്നിരിക്കുന്ന അധികാരങ്ങളും വികേന്ദ്രീകരിച്ചുകൊണ്ടു്, സ്വാതന്ത്ര്യത്തിന്റെ മാധുര്യം സാമാന്യ ജനങ്ങളിലേക്കു് പകരുക എന്ന തത്വത്തെ ആദരിച്ചുകൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ പൊതുവെ ഞാൻ സ്വാഗതംചെയ്യുകയാണു്. എങ്കിലും, ഈ ബില്ലിനെസംബന്ധിച്ചിടത്തോളം അധികാരവികേന്ദ്രീകരണത്തെയും, ജനാധിപത്യവൽക്കരണത്തെയും സംശയദൃഷ്ടിയോടുകൂടിവീക്ഷിക്കുന്ന ചില രാഷ്ട്രീയപാർട്ടികളും ചില മെമ്പറന്മാരും ഈ നിയമസഭയിലും പുറത്തും ഉണ്ടെന്നോർക്കുമ്പോൾ വാസ്തവത്തിൽ എനിക്കു വളരെയധികം വേദനതോന്നുന്നുണ്ടു്. ഈ ബില്ലിനെസംബന്ധിച്ചിടത്തോളംഏകസ്വരത്തിൽ സംസാരിക്കാൻ ഭരണകക്ഷിക്കു കഴിഞ്ഞിട്ടില്ല. ഭരണകക്ഷിയിൽതന്നെ, മാർക്സിസ്റ്റു പാർട്ടിയെ സംബന്ധിച്ചിടത്തോളം ഈ ബില്ലിനെസംബന്ധിച്ചു പ്രത്യേകം ഒരു നിലപാടാണു് സ്വീകരിച്ചിരിക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു. സർ, കഴിഞ്ഞ ബഡ്ജറ്റു സമ്മേളനത്തിലെ ഒരു സ്റ്റേറ്റുമെന്റു ഞാൻ ഓർക്കുകയാണു്. ശ്രീ. അഹമ്മദ്കുരിക്കൾ 1967–ൽ ഈ ബിൽ നിയമസഭയിൽ അവതരിപ്പിക്കുകയും, ബിൽ നിയമസഭ സെലക്ട് കമ്മിറ്റിക്കു അയച്ചുകൊടുക്കുകയും, സെലക്ട് കമ്മിറ്റി അവഗാഢമായി പരിശോധിച്ചതിനുശേഷം റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തതിനുശേഷം, സംസ്ഥാന മുഖ്യമന്ത്രി ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു് കഴിഞ്ഞ നിയമസഭയിൽ പറയുകയുണ്ടായി–ചോദ്യോത്തരവേളയിലാണെന്നാണെന്റെ ഓർമ്മ–ഈ ബില്ലിനെസംബന്ധിച്ചിടത്തോളം ഇതിന്റെ കാതലായിട്ടുള്ള ആശയങ്ങളെസംബന്ധിച്ചിടത്തോളം, അതിന്റെ സമീപനരീതിയെ സംബന്ധിച്ചിടത്തോളം കാബിനറ്റിൽ ചർച്ചചെയ്യുകയോ, ഈ ബിൽ കാബിനറ്റു അംഗീകരിക്കുകയോ ചെയ്തിട്ടില്ല എന്നു്. ഞാൻ ഇവിടെ എഴുന്നേറ്റു നിന്നു്, ഈ ബിൽ, നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്നതു്, കാബിനറ്റിന്റെയും ഭരണകക്ഷിയുടെയും അംഗീകാരത്തോടുകൂടിയല്ലേ എന്നു അദ്ദേഹത്തോടു ചോദിച്ചപ്പോൾ അദ്ദേഹം ഉത്തരം പറയാതെ ഒഴിഞ്ഞുമാറുകയാണുണ്ടായതു്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ ബില്ലിനകത്തു വിഭാവനം ചെയ്തിരിക്കുന്നതു് രണ്ടു തട്ടുകളായിട്ടാണു്. ശ്രീ. നമ്പൂതിരിപ്പാടു് കഴിഞ്ഞ നിയമസഭയിൽ പറയുകയുണ്ടായി രണ്ടു തട്ടായിട്ടുള്ള ഭരണക്രമമല്ല ക്യാബിനറ്റു അഭിപ്രായപ്പെട്ടതെന്നു്. മൂന്നുതട്ടകം വേണമെന്നുള്ളതാണു് അഭിപ്രായം എന്നു അദ്ദേഹം പറയുകയുണ്ടായി. ഇന്നും മാർക്സിസ്റ്റുപാർട്ടി ആ അഭിപ്രായത്തെ മുറുകെപിടിച്ചുകൊണ്ടു നിൽക്കുകയാണോ അല്ലയോ എന്ന അഭിപ്രായം ഇതിന്റെ രണ്ടാം വായന സമയത്തു ദേഭഗതിവരുമ്പോഴേ മാത്രമേ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. ഈ ബില്ലിന്റെ അലകും പിടിയും മാറണം എന്നുള്ള നിലപാടിൽ മാർക്സിസ്റ്റുപാർട്ടി ഉറച്ചുനിൽക്കുകയാണു്. അതാണു് ഞാൻ പറഞ്ഞതു് ഒരേ സ്വരത്തിൽ ഉറച്ചുനിൽക്കാൻ ഭരണകക്ഷിക്കു് കഴിഞ്ഞിട്ടില്ല എന്നു്. ഒരു പടിക്കുടെ കടന്നുപോയി; ശ്രീ. വാസുദേവമേനോനും ശ്രീ. ദക്ഷിണാമൂർത്തിയും പ്രസംഗിക്കുന്നതു ഞാൻ സശ്രദ്ധം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. മാർക്സിസ്റ്റുപാർട്ടിക്കുവേണ്ടി ശ്രീ. വാസുദേവമേനോൻ സംസാരിക്കുകയുണ്ടായി, വളരെയധികം ആശങ്ക അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. ജനാധിപത്യവൽക്കരണത്തിനും അധികാര വികേന്ദ്രീകരണത്തിനും കാലമായിട്ടുണ്ടോ, നാം അതിനു പകമായിട്ടുണ്ടോ എന്നു അദ്ദേഹം സംശയിക്കുകയുണ്ടായി. ഗവണ്മെൻറുതലത്തിലുള്ള അധികാരങ്ങളും വികേന്ദ്രീകരിച്ചുകൊടുത്താൽ തീർച്ചയായിട്ടും ജനപ്രതിനിധികൾക്കു അതു കൈകാര്യം ചെയ്യാൻ സാധിക്കുകയില്ല, അതുകൊണ്ടു പഞ്ചായത്തുകൾക്കും മറ്റും അമിതമായ നിലയിൽ ഇതുപോലുള്ള അധികാരങ്ങളും പകർന്നുകൊടുക്കുന്നതു തെറ്റാണെന്നു അദ്ദേഹം സമർത്ഥിക്കുകയുണ്ടായി. ഇതിലേയ്ക്കു അദ്ദേഹം മാർക്സിസം തന്നെ വ്യഖ്യാനിക്കുകയുണ്ടായി. മാർക്സിസത്തിന്റെ ഏറ്റവും വികൃതമായ വ്യാഖ്യാനമാണു് ഞാൻ കേട്ടതെന്നു വിനീതമായി പറയുവാൻ ഞാനാഗ്രഹിക്കുകയാണു്. ആ ഭാഗത്തുള്ള മാർക്സിസ്റ്റു മെമ്പറന്മാർ ഒരു കാര്യം വിസ്മരിക്കുകയില്ല എന്നു ഞാൻ വിചാരിക്കുകയാണു്. മാർക്സിസത്തിന്റെ അടിസ്ഥാന തത്വത്തെ സംബന്ധിച്ചിടത്തോളം ഗ്രാമനാഥനായിട്ടുള്ള കാറൽമാർക്സു് ഒരിക്കലും ഇതായിരുന്നില്ല ഉദ്ദേശിച്ചിരുന്നതെന്നു ഞാൻ കരുതുകയാണു്. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളിലേയ്ക്കു ജനാധിപത്യംകൊണ്ടു ലഭ്യമായിട്ടുള്ള അധികാരം പകർന്നുകൊടുത്താൽ ആ പരമാധികാരംമൂലം സോച്ഛാധിപത്യം സ്ഥാപിതമാകുന്നതോടുകൂടി അദ്ധ്വാനിക്കുന്ന വർഗ്ഗം തന്നെയില്ലാതെവരുമെന്നുള്ള വ്യാഖ്യാനം യഥാർത്ഥ മാർക്സിസവുമായി അകന്നനിൽക്കുന്നില്ലേ എന്നു ഞാൻ സംശയിക്കുകയാണു്. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ കരങ്ങളിലേയ്ക്കു ഉദ്യോഗസ്ഥന്മാരുടെ അധികാരം പകർന്നുകൊടുക്കുവാൻ ആഗ്രഹിച്ചുകൊണ്ടു കരുപ്പിടിപ്പിച്ചിട്ടുള്ളതാണു് ഈ ബിൽ. എതായാലും ബഹുമാനപ്പെട്ട മെമ്പറന്മാർ ഇതിനു നൽകിയ വ്യാഖ്യാനം ഒട്ടും ശരിയായിരുന്നില്ല. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ കൈകളിലേയ്ക്കു, ഗ്രാമീണ ജനതയുടെ കൈകളിലേയ്ക്കു, കർഷകജനതയുടെ കൈകളിലേയ്ക്കു ഇന്നു സെക്രട്ടറിയേറ്റിലും മറ്റു ഡയറക്ടർ ആഫീസുകളിലും ചടഞ്ഞുകൂടികിടക്കുന്ന അധികാരങ്ങൾ കൈമാറണമെന്നാണു് ഉദ്ദേശിച്ചിരിക്കുന്നതു്. ഇന്നത്തെ ഈ നിയമം നടപ്പിൽവരികയാണെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ വ്യാഖ്യാനിക്കുകയുണ്ടായി ശ്രീ. മാണിയെപോലുള്ളവർ പഞ്ചായത്തു മെമ്പറന്മാരായി വരുമെന്നു്. അതു യഥാർത്ഥ ജനപ്രതിനിധിയല്ലെന്നുള്ളതിനുതെയിരിക്കട്ടെ അദ്ദേഹത്തിന്റെ നിഗമനം. ഞാൻ മറ്റു ചോദ്യം ചോദിച്ചു, മാർക്സിസ്റ്റുകാർ ജയിച്ച സ്ഥലങ്ങളിലെങ്കിലും അധികാരം പകർന്നുകൊടുക്കുന്നതിനു എതിരാണോ എന്നു്. ഞങ്ങൾ പിന്തിരിപ്പന്മാരാണെന്നു പറഞ്ഞോട്ടെ. ഞാൻ ചോദിക്കുന്ന ഇതിനു് എന്തെങ്കിലും പ്രതിബന്ധമായി ഭരണഘടനയിലുണ്ടോ എന്നു്. ശ്രീ. ആർ. എസ്. ഉണ്ണി അഞ്ചു മിനിട്ടു മുമ്പു സംസാരിക്കുകയുണ്ടായി, ഈ രാജ്യത്തു മാർക്സിസ്റ്റു മേൽകോയ്മയാണു് ഭരണം നടത്തുന്നതു് എന്നു്. അങ്ങനെ മാർക്സിസ്റ്റു മേൽകോയ്മ ഭരിക്കുന്നതു അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കുവേണ്ടിയാണോ എന്നു ചോദിക്കുകയാണു്. സാമൂഹ്യശക്തികൾ ഒന്നുചേരുമെന്നും പഞ്ചായത്തു തെരഞ്ഞെടുപ്പു സംഘർഷത്തിലേക്കുമെന്നും ഇങ്ങനെ വരുന്നപക്ഷം ഇന്നു കൈയ്യിലിരിക്കുന്ന അധികാരങ്ങൾ ശരിക്കു വിനിയോഗിക്കുവാൻ സാധിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയില്ല എന്നുമാണു് ശ്രീ. വാസുദേവമേനോൻ ഉയർത്തിപ്പിടിച്ച വാദഗതി. കീഴെകിടയിലുള്ള പഞ്ചായത്തു മെമ്പറന്മാരെ സ്വാധീനിക്കാനല്ല, മേലെതട്ടിലുള്ള എം.എൽ.എ.മാരേയും മന്ത്രിമാരേയും സ്വാധീനിക്കുവാനാണു് അദ്ദേഹം ആഗ്രഹിക്കുന്നതു്. ഭരണഘടനയിൽ എന്തു തടസ്സമാണു് ഉണ്ടായിക്കുവാനുള്ളതു്? ഇന്നലെ ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സംസ്ഥാനപ്ലീനത്തിൽ ഒരു രാഷ്ട്രീയ പ്രമേയം പാസ്സാക്കുകയുണ്ടായി. പ്രമേയത്തിന്റെ അകത്തേയ്ക്കു കടക്കുവാൻ ഞാനാഗ്രഹിക്കുകയാണു്. എന്താണു് അതിൽ പറയുന്നതു്. ഈ ഗവണ്മെൻറു കള്ളഷാപ്പു കൺട്രാക്ടറന്മാർക്കു രണ്ടു കോടി രൂപ ഇളവു ചെയ്തുകൊടുത്തു. കുട്ടനാട്ടിലെ വൻകിട പത്തായപുരകളിലെ നെല്ലു സംഭരിക്കുവാൻ ഈ ഗവണ്മെൻറു യാതൊരു കാര്യവും ചെയ്തിട്ടില്ല. ലെവി സംഭരിക്കുവാൻ ഒന്നും ചെയ്തിട്ടില്ല. ഭക്ഷ്യവിതരണം ഫുഡ് കോർപ്പറേഷനു എൽപ്പിച്ചുകൊടുക്കാതെ കുറിഞ്ഞന്ത വ്യവസായികളെ പ്രോത്സാഹിപ്പിച്ചു. അതിനെതിരായി യാതൊന്നും ചെയ്തിട്ടില്ല. നമ്മുടെ രാജ്യത്തെ ഭരണത്തിൽ പങ്കാളിയായ വലതുപക്ഷ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ സംസ്ഥാന പ്ലീനത്തിൽ വച്ചു് തീരുമാനിച്ചുറപ്പിച്ച രാഷ്ട്രീയ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണു്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: സ്വതന്ത്രാപാർട്ടിയും ജനസംഘവും ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയും എല്ലാവരുംകൂടി കുട്ടനാട്ടിലെ കർഷകസമാജത്തിൽ പാസ്സാക്കിയ പ്രമേയം എന്താണെന്നുകൂടി പറയാമോ?

ശ്രീ. കെ. എം. മാണി: കർഷകസമാജത്തിൽ പലരും വ്യക്തിപരമായി സംബന്ധിച്ചിട്ടുണ്ടു്. ആ കർഷകസമാജത്തിൽ പാസ്സാക്കിയിട്ടുള്ള പ്രമേയം ഈ രാജ്യത്തെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഈ രംഗത്തു തൊഴിൽ സമാധാനം നിലനിറുത്തുന്നതിനും എന്തെല്ലാം ചെയ്യണമെന്നും ഈ രാജ്യത്തു നീതിവരുത്തുന്നതിനു എന്തെല്ലാം ചെയ്യണമെന്നുമുള്ളതിനുള്ള പ്രമേയമാണു് പാസ്സാക്കിയതു്. അതിൽ തെറ്റുണ്ടെന്നു ഞങ്ങൾക്കഭിപ്രായമില്ല. ബഹുമാനപ്പെട്ട മന്ത്രി നഹ ഇവിടെ ഇരുപ്പുണ്ടു്. ഞാൻ പോദിക്കുന്നു ഭരണഘടനയിലെ ഏതു വകുപ്പു ഇതിനു തടസ്സമായി നിൽക്കുന്നു? ലെവി ഇളവു ചെയ്യുന്നതിനും കള്ളഷാപ്പു കൺട്രാക്ടറന്മാർക്കു രണ്ടുകോടി രൂപ ഇളവു ചെയ്യുന്നതിനും തീരുമാനം എടുത്തതു് ഭരണഘടനപ്രതിബന്ധമായി വന്നിട്ടാണോ? കാലം പകുതിമാകാറായിട്ടില്ല. അധികാരത്തിലിരിക്കുന്ന ജനങ്ങളം അധികാരത്തിന്റെ പേരിൽ കള്ളപ്രമാണികളായിമാറിയിട്ടു അധികാരത്തെ വ്യഭിചരിപ്പിക്കുകയാണു് ചെയ്തിട്ടുള്ളതു്. അധികാരത്തിലെത്തികഴിഞ്ഞാൽ ഇവർക്കു ബൂർഷ്വാ മനഃസ്ഥിതിക്കാരേയും ഫ്യൂഡലിസ്റ്റു വ്യവസ്ഥിതിക്കാരേയും മാത്രമേ സ്വാധീനം ചെയ്യാൻ സാധിക്കുകയുള്ള. അതിനു ആരേയും കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ഭരണഘടനയെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ഭരണഘടനയിൽ യാതൊരു പ്രതിബന്ധവും വന്നിട്ടില്ല. അധികാരം പഞ്ചായത്തുകാർക്കു കൈമാറിയാൽ അതു രാജ്യതാല്പര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കേണ്ടിവരും. ആ നിലയ്ക്കു പ്രവർത്തിക്കുമ്പോൾ പല അധികാരങ്ങളും മാറിപ്പോകും. റവന്യൂ വകുപ്പു പഞ്ചായത്തുകാർക്കു വിട്ടുകൊടുത്താൽ റവന്യൂ വകുപ്പു കൈകാര്യം ചെയ്യുന്ന ശ്രീമതി കെ. ആർ. ഗൗരിക്കു കുറച്ചു വിഷമം തോന്നും. ജന്മികൾക്കു അനുകൂലമായി പാട്ടം കൊടുക്കുന്നതിനും അതുപോലെ മുതുക്കനെപോലുള്ളവർക്കു ലെവി ഇളവുചെയ്തുകൊടുക്കുന്നതിനും കുട്ടനാട്ടിലെ വൻകിട പത്തായപുരകൾക്കു സംരക്ഷണം നൽകുന്നതിനും താല്പര്യം കാണിക്കുന്നവർക്കും കള്ളഷാപ്പു കോൺട്രാക്ടറന്മാർക്കു ഇളവു കൊടുക്കുവാൻ താല്പര്യം കാണിക്കുന്നവർക്കും എല്ലാം അല്പം പ്രയാസം ഉണ്ടാകും.

ശ്രീ. എൻ. പ്രഭാകരതണ്ടാർ: കള്ളഷാപ്പു ലേലം വിളിച്ച അവസരത്തിൽ പരസ്യമായി ലേലത്തിൽ പങ്കുകൊള്ളാൻ ആൾക്കാർ ഇല്ലായിരുന്നവെന്ന കാര്യം അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ആരംക്കാർ ഹാളിൽചെന്ന ബഹളമുണ്ടാക്കി ലേലം നിറുത്തിവച്ചിട്ട നെഗോഷിയേറഡ് കോൺട്രാക്റ്റ് ബേസിസിൽ 30 ശതമാനം വെട്ടിക്കുറച്ചുകൊടുത്തതിനുള്ള ഉത്തരവാദിത്വം അവരുടേതു തന്നെയാണു്. അതുപോലെതന്നെ പോലീസിനെ ഉപയോഗിക്കുവാനുള്ള അധികാരം അതു പൂഞ്ഞാറിലുള്ള തൊഴിൽതർക്കത്തിലുള്ളതായാലും വൈക്കത്തുള്ളതായാലും താഴെകിടയിലുള്ളവർക്ക വിട്ടുകൊടുക്കുകയാണെങ്കിൽ അതു ശ്രീ. നമ്പൂതിരിപ്പാടിനു സഹിക്കാൻവയ്യാത്ത കാര്യങ്ങളാണു്. ട്രാൻസ്പോർട്ടിനെ സംബന്ധിച്ച കോൺട്രാക്റ്റു് മധുരയിലുള്ള ടി. വി. എസ്സ്-നു് നൽകണമെന്നു ആഗ്രഹിക്കുന്ന ശ്രീ. ഇമ്പിച്ചിബാവയ്ക്കു അധികാരം ജനങ്ങളിലേയ്ക്കു പകർന്നുകൊടുക്കുവാൻ പ്രയാസം കാണും. പാറുക്കുട്ടിയമ്മക്കും അതുപോലെ ആറു ജന്മികൾക്കും ഉത്തരവു കൊടുക്കുന്ന ശ്രീ. കൃഷ്ണന്റെ കൈയ്യിലുള്ള അധികാരങ്ങളും മറ്റാരെക്കെങ്കിലും വിട്ടുകൊടുക്കുന്നതു വളരെയധികം കയ്പ്പേറിയ സംഗതിയാണു്. പുരുക്കത്തിൽ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ പേരും പറഞ്ഞു അധികാരത്തിലിരിക്കുന്ന മാർക്സിസ്റ്റുപാർട്ടി ഈ രാജ്യത്തു ബൂർഷ്വായിസം നിലനിറുത്തുവാൻവേണ്ടി, വൻകിട പത്തായങ്ങളെ സംരക്ഷിക്കുവാൻവേണ്ടി, ഫ്യൂഡലിസം നിലനിറുത്തുവാൻവേണ്ടി നിലനിൽക്കുകയാണു്, നിഷേധിക്കാമെങ്കിൽ നിഷേധിക്കു. അതുകൊണ്ടാണു് അധികാരങ്ങളും പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കുവാൻ കാലമായിട്ടുണ്ടോ എന്ന ആശങ്കയുണ്ടാകുന്നതു്. ഏതായാലും എനിക്കു ഒരഭ്യർത്ഥനയേയുള്ളു. നിങ്ങളും കൊണ്ടുവന്ന ഒരു ബില്ലാണു്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഏകസ്വരത്തിലുള്ള അഭിപ്രായ പ്രകടനം നിങ്ങളുടെ ഭാഗത്തു നിന്നുമുണ്ടാകണം. മൈനൃട്ടായിട്ടുള്ളവയ്ക്കു ഭേദഗതികളും കൊണ്ടുവരാം. എന്നാലും അടിസ്ഥാനപരമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഏകസ്വരത്തിലുള്ള അഭിപ്രായ പ്രകടനം ആവശ്യമാണു്.

ശ്രീ എം. കെ. എ. ഹമീദ്: പോലീസ് അധികാരം വികേന്ദ്രീകരിക്കുന്നതിനെ സംബന്ധിച്ച ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണു്?

ശ്രീ. കെ. എം. മാണി പോലീസിന്റെ ചുമതല വിട്ടുകൊടുക്കുന്നതിനെ സംബന്ധിച്ച് എനിക്കഭിപ്രായവ്യത്യാസം ഉണ്ടു്. അതു ഈ കാരണങ്ങളാൽ കൊണ്ടല്ല. വേറെ കാരണമുണ്ടു്. ഡിസൻറിംഗ് നോട്ട എഴുതിയതു അതുകൊണ്ടാണു്.

ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ബില്ലിനകത്തേയ്ക്കു കടക്കുകയാണു്. ആദ്യമേതന്നെ ഇവിടെ ലോക്കൽസെൽഫ് ഗവണ്മെൻറ് ആക്റ്റു് എന്ന പേരിനെ സംബന്ധിച്ചിടത്തോളം വളരെയധികം വാദകോലാഹലങ്ങളും നടക്കുകയുണ്ടായി. പേരു തദ്ദേശസ്വയംഭരണ ആക്റ്റു്, പഞ്ചായത്തിരാജ്ബിൽ എന്നോ എന്തുതന്നെ ആയികൊള്ളട്ടെ, നിർബന്ധമായ കാര്യം കേന്ദ്രീകരിക്കപ്പെട്ട അധികാരങ്ങളും വികേന്ദ്രീകരിച്ചുകൊടുക്കണമെന്നുള്ളതാണു്. പേരു ഏതുതന്നെയായാലും അതിൽ വലിയ അർത്ഥമില്ല.

അടുത്തതായി ബില്ലിന്റെ ആരംഭത്തെ സംബന്ധിച്ചു ഒരുവാക്കു പറയുവാൻ ഞാനാഗ്രഹിക്കുകയാണു്.

In clause I sub-clause (3) it is stated that:

(3) It shall come into force on such date as the Government may, by notification in the Gazette, appoint:

Then in sub-clause (4) it is stated that:

(4) Notwithstanding anything contained in sub-section (3) or section 101, on the coming into force of section 101 in any area;

(a) Item 43 of the Fifth Schedule in so for as it relates to the insertion of new section 66A shall be deemed to have come into force in that area on the 1st day of January, 1962;

LIBRARY ARCHIVES Kerala Legislative Assembly

(b) The said item in so far as it relates to the insertion of new section 66B shall come into force at once; and

(c) The remaining items of the said schedule shall come into force in that area on such date as the Government may, by notification in the Gazette, appoint and different dates may be appointed for the different items.

എന്നാണു്. അതായതു് 5-ാമത്തെ ഷെഡ്യൂളിൽ 43-ാം പ്പെറ്റത്തിൽ പ്രതിപാദിക്കുന്ന 66 (a) യുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം അതു പൂവ്വകാല പ്രാബല്യത്തോടുകൂടി നടപ്പിലാക്കണമെന്നാണു്. അതായതു 1962 ജാനുവരി 1-ാം തീയതിയോടുകൂടി നടപ്പിലാക്കണമെന്നാണു്. 66 (എ) യിൽ പറയുന്നതു ലാൻഡ് സെസ്സിന്റെ കാര്യമാണു്.

Subject to the provisions of this Act, there shall be levied on every land in a Panchayat area, other than any land or class of lands which the Government may, in public interest, exempt by notification in the Gazette, a land cess at the rate of one-sixteenth percentum of the capital value of the land.

ചുരുക്കത്തിൽ പഞ്ചായത്തു പ്പരിയായിൽ നിലവിലുള്ള ഭൂമിയുടെ ക്യാപ്പിറ്റൽ വാല്യുവിന്റെ പതിനാറിലൊന്നു് ലാന്റു് സെസ്സായി ഈടാക്കാമെന്നാണു്, അതിനുള്ള അധികാരം പഞ്ചായത്തിനുണ്ടെന്നാണു് 66 (എ) യിൽ പറയുന്നതു്. അങ്ങനെ അധികാരപ്പെടുത്തിയിട്ടുള്ളതു് 1962 ജാനുവരി ഒന്നാം തീയതി മുതൽക്കു പൂവ്വകാല പ്രാബല്യത്തോടുകൂടി നടപ്പിലാക്കുകയാണെന്നുള്ളതാണു് ഒന്നാമത്തെ വകുപ്പിലെ നാലാമത്തെ ഉപവകുപ്പിൽ പ്രതിപാദിക്കുന്നതു്,

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ആ സെക്ഷൻ ഉൾപ്പെടുന്ന ഒരു നിയമം പാസ്സായി കഴിഞ്ഞിരിക്കുകയാണു്.

ശ്രീ. കെ. എം. മാണി: ഞാൻ സമ്മതിക്കുന്നു. അന്നു് അങ്ങനെ പാസ്സാക്കിയപ്പോഴും ഇതേസഭയിൽ ഞങ്ങൾ എതിർത്തതാണു്.

ഞാൻ പറയുന്നതു് ഇവിടെ പുതിയ നിയമനിർമ്മാണം കൊണ്ടുവരുമ്പോൾ, ആ നിയമനിർമ്മാണത്തിന്റെ ഫലമായി വളരെയധികം നികുതിഭാരം ഗ്രാമീണ ജനതയുടെ മുതുകിൽ കെട്ടിവെച്ചാൽ തീർച്ചയായും അവർ നൈരാശ്യരാകുമെന്നാണു്. മാത്രമല്ല നാം ഉദ്ദേശിക്കുന്ന ഫലം ഈ ബില്ലുകൊണ്ടു കിട്ടുകയുമില്ല. ഇന്നു് നികുതിഭാരം വളരെയധികം കൂടുതലാണെന്നുള്ളതു് എല്ലാവരും അംഗീകരിക്കുന്ന തത്വമാണു്. നികുതിഭാരം വളരെയധികം കൂടിയിരിക്കുന്ന ഇന്നത്തെ പരിതഃസ്ഥിതിയിൽ ഇത്തരം ഭാരിച്ച നികുതിനിർദ്ദേശം ഗ്രാമീണജനതയുടെ മുതുകിൽ കെട്ടിവയ്ക്കുകയാണെങ്കിൽ അതു് ഒട്ടകത്തിന്റെ മുതുക പൊളിക്കുന്ന അവസാനത്തെ സ്ട്രാ ആയിരിക്കും. ആ നിയമം പാസാക്കിയിട്ടു് ഇതുവരെയായിട്ടും ഇംപ്ലിമെന്റു് ചെയ്തിട്ടില്ല. ഗ്രാമപ്രദേശങ്ങളിൽ ഒരേക്കർ വസ്തുവിനു് പതിനായിരവും, പതിനയ്യായിരവും രൂപ വിലകിട്ടും. ഒരേക്കറിനു് പതിനായിരവും, പതിനയ്യായിരവും വിലകിട്ടുന്ന നാലോ അഞ്ചോ ഏക്കർ ഭൂമിയുടെ ഉടമസ്ഥനായ ഒരു വ്യക്തി അല്ലെങ്കിൽ ഒരു സ്വാംഹോംഡർ ഏഴു രൂപമുതൽ പത്തുരൂപവച്ചു് കൊടുക്കേണ്ടി വരുന്ന നികുതി നാല്പതു മുതൽ അറുപതു രൂപവരെയാണു്. ഇതുപോലും വമ്പിച്ച നികുതിഭാര നിർദ്ദേശത്തോടുകൂടിയ വ്യവസ്ഥകളും പഞ്ചായത്തു് ബില്ലിൽ കൊണ്ടുവരരുതെന്നു് ആണു് എനിക്കു് പറയുവാനുള്ളതു്. പഞ്ചായത്തുകൾക്കു് നികുതി പിരിക്കാനുള്ള അധികാരം വേണ്ടാ എന്നല്ല ഞാൻ പറയുന്നതു്. പഞ്ചായത്തുകളും ലാൻഡു് സെസ്സു് പിരിക്കുന്നതു് നിയമവിരുദ്ധമാണെന്നു് പറഞ്ഞു് ഹൈക്കോടതി ഓർഡർ പാസാക്കി വാലിഡേറ്റ് ചെയ്ത നിയമമാണുള്ളതു്. ഇതിനുമുമ്പു പഞ്ചായത്തുകൾ പിരിച്ചെടുത്ത നികുതി ഓവിയിലേക്കു് കൊടുക്കേണ്ടുന്ന പുതിയ നികുതി / സംഖ്യയുടെ സെക്യൂരി

LIBRARY ARCHIVES Kerala Legislative Assembly

റിയായി കണക്കാക്കാമെന്നാണ് 66 (ബി) യിൽ പറഞ്ഞിരിക്കുന്നത്. 62 മുതൽ 79 വരെയുള്ള കാലഘട്ടത്തിലേക്ക് ഓരോ നികുതിദായകനും എത്രമാത്രം ലാൻഡ് സെസ് കൊടുക്കണമെന്നു പഞ്ചായത്തു് അസസ് ചെയ്തു് ഡിമാൻഡ് നോട്ടീസു് അയക്കുന്നതുവരെ, ഓവിയിലേക്കു് നിണ്ണയിക്കപ്പെട്ടതുകയുടെ സെക്യൂരിറ്റിയായി പിരിച്ചെടുത്തു് പഞ്ചായത്തിൽ നിക്ഷേപിക്കും. അതിൽ പോരായ്മയുണ്ടെങ്കിൽ വീണ്ടും കൃഷിക്കാരായ ഗ്രാമീണജനങ്ങളും ഈ നികുതി കൊടുക്കണമെന്നാണ് 66 (ബി) യിൽ പറയുന്നതു്. 49-ാമത്തെ വകുപ്പിൽ ജില്ലാ പരിഷത്തുകളെ സംബന്ധിച്ചിടത്തോളം പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെയില്ല. അതു് നല്ല ഒരാശയം തന്നെയാണു്. ജില്ലാപരിഷത്തുകളുടെ വരുമാനത്തെസംബന്ധിച്ചിടത്തോളം പറഞ്ഞിരിക്കുന്നതു്, ഗവണ്മെൻറിൽനിന്നും ജില്ലാ പരിഷത്തുകൾക്കു് ആവശ്യമായ ഗ്രാൻറുകളും അതാതുകാലം നൽകുമെന്നാണു്. 49-ാമത്തെ ക്ലാസ്സിൽ ഗ്രാൻറുകളെ സംബന്ധിച്ചിടത്തോളം പറയുന്നതു് The Government shall subject to rules made in this behalf make such grants as are necessary to the district councils for the proper discharge of their functions under this Act. എന്നാണു്. എല്ലുകൊണ്ടു് തദനുസരണമായ ഒരു വ്യവസ്ഥ പഞ്ചായത്തുകളിലേക്കു് ഉണ്ടാക്കിക്കൊടുക്കുമായെന്നാണു് ഞാൻ ചോദിക്കുന്നതു്. ഞാൻ എന്റെ ഒരു അഭിപ്രായം പറയുകയാണു്. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ജില്ലാ പരിഷത്തുക്കൾക്കു് നൽകുന്ന രീതിയിലുള്ള ഗ്രാൻറുകളും നൽകേണ്ടതാണു്. പഞ്ചായത്തുകൾക്കു് എത്രമാത്രം ഗ്രാൻറുകളും കൊടുക്കണമെന്നുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം ജില്ലാ പരിഷത്തിനുവേണ്ടി നിയമിക്കുന്ന ഫൈനാൻസു് കമ്മിഷന്റെ ആലോചനയ്ക്കു് വിടേണ്ടതാണു്. ഫൈനാൻസു് കമ്മിഷൻ അക്കാര്യത്തെക്കുറിച്ചു് തീരുമാനം എടുക്കുമ്പോൾ അതനുസരിച്ചുള്ള ലംപ്സംഗ്രാൻറു നൽകേണ്ടതു് ഗവണ്മെൻറിന്റെ ചുമതലയാണു്.

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി : പഞ്ചായത്തുകൾക്കു് ഗ്രാൻറുകളും നല്കുന്നതിനുള്ള പ്രൊവിഷൻ ഇപ്പോഴും തന്നെയുണ്ടല്ലോ ?

ശ്രീ. കെ. എം. മാണി : ഇപ്പോഴുള്ള പ്രൊവിഷൻ പോരായെന്നാണു് ഞാൻ പറയുന്നതു്. ഗ്രാൻറു് എന്നുള്ള പേരിൽ അല്പസ്വല്പം വല്ലതും പഞ്ചായത്തുകൾക്കു് കൊടുത്താൽ പോരാ. ജില്ലാ പരിഷത്തുക്കളെ സംബന്ധിച്ചിടത്തോളം നാം വിഭാവനം ചെയ്യുന്ന ഫൈനാൻസു് കമ്മിഷൻ നിർണ്ണയിക്കുന്ന രീതിയിലുള്ള ഗ്രാൻറുകളും പഞ്ചായത്തുകൾക്കും അനുവദിച്ചുകൊടുക്കുന്നതായിരിക്കും, നല്ല സമീപനമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി : റവന്യൂ കളക്ഷൻ പഞ്ചായത്തുകളെ ഏല്പിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ടല്ലോ ?

ശ്രീ. കെ. എം. മാണി : ഇപ്പോഴത്തെ സമ്പ്രദായത്തെക്കുറിച്ചല്ല ഞാൻ പറയുന്നതു്. ഇപ്പോഴുള്ള സമ്പ്രദായം റദ്ദുചെയ്യുക. പുതിയ ക്രമീകരണമനുസരിച്ചുള്ള പഞ്ചായത്തുകൾ നടപ്പിൽ വരുമ്പോൾ അവയുടെ പുരോഗമനപരമായ പ്രവർത്തനങ്ങൾക്കു് കൂടുതൽ തുക ആവശ്യമാണു്. ജില്ലാ കൗൺസിലുകൾക്കു് ഒരു രീതിയിലും പഞ്ചായത്തുകൾക്കു് മറെറാരു രീതിയിലും ഗ്രാൻറുകൾ നൽകുന്നതു് ശരിയല്ല. ജില്ലാ പരിഷത്തും ഗവണ്മെൻറും പഞ്ചായത്തുകൾക്കു് ഗ്രാൻറു കൊടുക്കുന്നതിനുവേണ്ടി പര്യാലോചിക്കാമെന്നു് വളരെ അവ്യക്തമായിട്ടാണു് 57-ാമത്തെ ക്ലാസ്സിൽ പറഞ്ഞിരിക്കുന്നതു്. ഇങ്ങനെ പറഞ്ഞാൽ പോരാ, വളരെ വ്യക്തമായിട്ടും കമ്പൽസറിയായിട്ടും പഞ്ചായത്തുകൾക്കു് ഗ്രാൻറു കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു പ്രൊവിഷൻ എഴുതിച്ചേർക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം രേണാധികാരങ്ങളും ജില്ലകളിലേക്കും പഞ്ചായത്തുകളിലേക്കും പകർന്നുകൊടുക്കുമ്പോൾ ഉദ്യോഗസ്ഥന്മാരെയും ഈ തലങ്ങളിലേക്കു് അയയ്ക്കേണ്ടിവരും. അപ്പോൾ സംസ്ഥാനത്തിന്റെ ഭരണതലത്തിലുള്ള ചെലവുകളും കുറയും.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നു് സെക്രട്ടറിയേറ്റു ലവലിലുള്ള ചെലവുകൾ കുറഞ്ഞിട്ടു് അവയെല്ലാം ജില്ലാ കൗൺസിലുകളിലേക്കും പഞ്ചായത്തുകളിലേക്കും പോകുകയാണു്. ഞാൻ പറയാൻ ആഗ്രഹിക്കുന്നതു് പഞ്ചായത്തു് രാജു് ബിൽ പാസാക്കി നടപ്പിലാക്കിയാലും ഗവണ്മെൻറിനു് വലുതായ ചെലവുകൾ ഉണ്ടാകുമെന്നു് പറയുന്നതു് ശരിയല്ല എന്നാണു്. അതുകൊണ്ടതന്നെയാണു് പറയുന്നതു് ഗവണ്മെൻറിൽനിന്നും ജില്ലാപരിഷത്തുകൾക്കു് സ്പെഷ്യൽ ഗ്രാൻറുകൾ നല്കുന്നതുപോലെ പഞ്ചായത്തുകൾക്കും നൽകണമെന്നു്.

അടുത്തതായി എനിക്കു് പറയുവാനുള്ളതു് ഞാൻ കൊടുത്തിട്ടുള്ള ഡിസൻറിംഗ് നോട്ടിൽ പറഞ്ഞിട്ടുള്ള ഒരു കാര്യത്തെപ്പറ്റിയാണു്. പഞ്ചായത്തു് പ്രതിനിധികൾക്കു് ജില്ലാ പരിഷത്തിൽ പ്രാതിനിദ്ധ്യം നൽകണമെന്നുള്ളതിനെപ്പറ്റിയാണു്. ഈ ബില്ലിൻെറ സെലക്ട്കമ്മിറ്റി എല്ലാ ജില്ലാതലസ്ഥാനങ്ങളിലും വച്ചു് തെളിവുകൾ ശേഖരിക്കുകയുണ്ടായി. തെളിവുകൾ തന്നിട്ടുള്ള എല്ലാ ആളുകളും, എല്ലാ പഞ്ചായത്തു പ്രസിഡൻറന്മാരും, പഞ്ചായത്തു അസോസിയേഷൻ പ്രതിനിധികളും പറഞ്ഞിട്ടുള്ളതു് തിരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തു മെമ്പറന്മാർക്കു് അല്ലെങ്കിൽ പഞ്ചായത്തു പ്രസിഡൻറന്മാർക്കു് ജില്ലാ പരിഷത്തിൻെറ പ്രവർത്തനവുമായി നല്ല ഒരു ബന്ധം ഉണ്ടായിരിക്കണമെന്നതന്നെയാണു്. ആ ആശയത്തെ അടിസ്ഥാനമാക്കി തീർച്ചയായും ഒരു ശതമാനം പ്രാതിനിദ്ധ്യമെങ്കിലും പഞ്ചായത്തുകളിലുള്ള പ്രതിനിധികൾക്കു് ജില്ലാ കൗൺസിൽ നൽകണമെന്നതന്നെയാണു് എനിക്കും പറയുവാനുള്ളതു്. അതു് ഇൻഡയറക്ട് ഇലക്ഷൻ ആയതുകൊണ്ടു് വലിയ പോരായ്മയായിരിക്കുമെന്നു് ഞാൻ കരുതുന്നില്ല. അവരുടേതായ കേപാട്ടാ ഫില്ലപ്പു് ചെയ്യുന്നതിനു് ജില്ലാ പരിഷത്തുകൾക്കും പഞ്ചായത്തുകൾക്കും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനു് ഇതുകൊണ്ടു് മാത്രമേ സാധിക്കുകയുള്ള. അതിനാവശ്യമായ വ്യവസ്ഥകളും ഇതിലുൾക്കൊള്ളിക്കേണ്ടതാണു്.

ജില്ലാ കൗൺസിലിൽ എം. എൽ. എ. മാരുടെ പ്രാധിനിദ്ധ്യത്തെ സംബന്ധിച്ചിടത്തോളം പലവിധത്തിലുള്ള അഭിപ്രായങ്ങളും ഇവിടെ ഉയർന്നുവരികയുണ്ടായി. എം. എൽ. എ. മാർക്കു് എന്തു് ഒഫിഷ്യോ മെമ്പറന്മാരായി ജില്ലാ പരിഷത്തിൽ പങ്കെടുക്കാമെന്നാണു് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ആ വ്യവസ്ഥ പാടില്ലെന്നും അതെടുത്തുമാറ്റണമെന്നുമാണു് ഒരു കൂട്ടരുടെ അഭിപ്രായം. എം. എൽ. എ. മാർക്കു് ഫുൾ പ്ലെഡ്ജ്ഡ് (full fledged) മെമ്പറന്മാരായി വോട്ടവകാശത്തോടുകൂടി ഇരിക്കാനുള്ള അവകാശം ഉണ്ടായിരിക്കണമെന്നാണു് മറെറാരു കൂട്ടരുടെ അഭിപ്രായം. എം. എൽ. എ. മാർക്കു് ജില്ലാ പരിഷത്തിൽ പ്രാധിനിദ്ധ്യം നൽകുന്നതിൽ യാതൊരു തകരാറുമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. എം. എൽ. എ. മാർ നിയമസഭയിൽ ഇരിക്കുന്നതു് ലെജിസ്ലേഷനു് മാത്രമാണെന്നു വ്യാഖ്യാനിച്ചാൽ അതു് ശരിയാകുകയില്ല. ലെജിസ്ലേച്ചർ മാതിരി ഗവണ്മെൻറിൻെറ വിഭാഗമാണു് എക്സിക്യൂട്ടീവു്. നിയമസഭയിൽ ഭൂരിപക്ഷമുള്ള കക്ഷിയുടെ നേതാവായിരിക്കും മുഖ്യമന്ത്രി. ആ മുഖ്യമന്ത്രിക്കാണു് എക്സിക്യൂട്ടീവു് അധികാരം വിഭജിച്ചുകൊടുക്കേണ്ടതു്. ആ നേതാവു് രൂപീകരിക്കുന്ന ക്യാബിനറ്റിനു് എക്സിക്യൂട്ടീവു് അധികാരം കൊടുക്കുകയാണു്. അങ്ങനെ കൊടുക്കുന്ന എക്സിക്യൂട്ടീവു് അധികാരം വിനിയോഗിക്കുമ്പോൾ വരുന്ന തകരാറുകളെ സംബന്ധിച്ചിടത്തോളം സെൻസർ ചെയ്യാൻ ഈ നിയമസഭയിലുള്ളവർക്കു് അധികാരമുണ്ടു്. തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നതിനും അവ തിരുത്തുന്നതിനും നിയമസഭയ്ക്കു് അധികാരമുണ്ടു്. അതുകൊണ്ടു് ഒരു എം. എൽ. എ യ്ക്കു് എക്സിക്യൂട്ടീവു് വിംഗുമായിട്ടു് ബന്ധമുണ്ടെന്നു് പറയാനാണു് ഞാൻ ശ്രമിക്കുന്നതു്. ഈ സംസ്ഥാനത്തെ എക്സിക്യൂട്ടീവു് അധികാരം ജില്ലകളിലേക്കും പഞ്ചായത്തുകളിലേയ്ക്കും വികേന്ദ്രീകരിച്ചുകൊടുക്കുമ്പോൾ ആ എക്സിക്യൂട്ടീവു് അധികാരം ഉൾക്കൊള്ളുന്ന സമിതിയുമായി ഒരു എം. എൽ. എ. യ്ക്കു് ബന്ധമുണ്ടായിരിക്കണമെന്നു പറയുന്നതിൽ യുക്തിവിരുദ്ധമായ ഒന്നുംതന്നെയില്ലെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഒരു എം. എൽ. എ ഇലക്ഷനു് സ്ഥാനാർത്ഥിയായി ജില്ലാ പരിഷത്തിൽ നിൽക്കുകയാണെങ്കിൽ വോട്ടവകാശമുള്ള മറെറാരു മെമ്പർക്കു് തുല്യമാണെന്നും ഈ

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിന്റെ മറ്റൊരു ഭാഗത്തു പറയുന്നുണ്ട്. ഒരു കാര്യത്തിലാണ് എനിക്ക് തർക്കമുള്ളത്. അതായത് ജില്ലാ പരിഷത്തിൽ തിരഞ്ഞെടുക്കുകയാണെങ്കിൽ ഒരു പൂർണ്ണ അംഗത്തിനുള്ള വോട്ടവകാശം നൽകണം. അതല്ലെങ്കിൽ എം. എൽ. എ. മാർ അവിടെ ഇൻഡയറക്ടായി അല്ലെങ്കിൽ നോമിനേഷനിൽ കൂടി ചെല്ലുന്നതുകൊണ്ട് അപാകത ഉള്ളതായി ബില്ലിൽ സൂചനയുണ്ട്. ഇതു ശരിയല്ല. ഒരു ലക്ഷത്തിൽ ചിലപ്പോൾ ജനങ്ങളുടെ പ്രതിനിദ്ധ്യത്തോടുകൂടിയാണ് ഒരു എം. എൽ. എ. അസംബ്ലിയിൽ വരുന്നത്. അങ്ങനെ വരുന്ന എം. എൽ. എ മാർ പ്രതിനിധീകരിക്കുന്ന ഓരോ നിയോജകമണ്ഡലവും ഒന്നും രണ്ടുമായി പങ്കുവെച്ച് അൻപതിനായിരം ജനങ്ങളുടെ പ്രാതിനിദ്ധ്യത്തോടുകൂടിയാണ് ജില്ലാ പരിഷത്തിലേക്ക് തിരഞ്ഞെടുപ്പു നടത്തുന്നത്. ജില്ലാ പരിഷത്തിൽ തിരഞ്ഞെടുക്കുന്ന ഓരോ പ്രതിനിധിയും പ്രതിനിധീകരിക്കുന്ന ഏരിയായിൽനിന്നും എം. എൽ. എ. മാർ ഡയറക്ടായി പ്രതിനിധീകരിച്ചിട്ടുള്ളതാണ്. ആ നിലയ്ക്ക് തീർച്ചയായും എം. എൽ. എ. മാക്ക് ജില്ലാ പരിഷത്തിൽ പരിപൂർണ്ണമായ അംഗത്വം കൊടുക്കേണ്ടതാണ്. അതു അനാവശ്യമാണെന്നു പറയുന്ന ശ്രീ. കുഞ്ഞച്ചനും ശ്രീ. ദക്ഷിണാമൂർത്തിയും ഒരു കാര്യം ആലോചിക്കണം. ഞാൻ രാഷ്ട്രീയമായ ഉദ്ദേശത്തോടുകൂടി പറയുകയില്ല. ഈ രാജ്യത്തു ഭരണം നടത്തുന്നതു ഭൂരിപക്ഷമുള്ള പാർട്ടിയാണ്. ആ നിലയ്ക്ക് ഭൂരിപക്ഷമുള്ള പാർട്ടിയിൽ നിന്നുള്ള എം. എൽ. എ. മാരായിരിക്കും ജില്ലാ പരിഷത്തിലും കൂടുതലായി വരുന്നതു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ജനാധിപത്യ മര്യാദയനുസരിച്ച് തിരഞ്ഞെടുക്കുന്ന ആളുകളാണല്ലോ ജില്ലാ പരിഷത്തിലേക്കു വരുന്നത്. അങ്ങനെ വരുന്നവർക്ക് ജില്ലാ പരിഷത്തിലുള്ള അധികാരം വിട്ടുകൊടുത്താൽ എന്താണ് തകരാറ് ? എം. എൽ. എ. മാർ ജില്ലാ പരിഷത്തിൽ ഉണ്ടായിരിക്കണമെന്നു നിർബന്ധമായി പറയുന്നതു എന്തുകൊണ്ടാണ് ?

ശ്രീ. കെ. എം. മാണി : അതു ശ്രീ. കുഞ്ഞച്ചന്റെ അഭിപ്രായമാണ്. ഞാൻ എന്റെ അഭിപ്രായമാണ് പറഞ്ഞതു. ഭൂരിപക്ഷമുള്ള കക്ഷികളുടെ എം. എൽ. എ. മാക്കായിരിക്കും ജില്ലാ പരിഷത്തിലും ഭൂരിപക്ഷം കിട്ടുന്നതു. ഞങ്ങളും ഈ രീതിയിലുള്ള ഒരു നിർദ്ദേശം കൊണ്ടുവന്നാലും അതിന്റെ ഫലമായി ജില്ലാ പരിഷത്തിൽ നിറയ്ക്കാൻ പോകുന്നതു നിങ്ങളുടെ പാർട്ടിയിൽപ്പെട്ട എം. എൽ. എ. മാരെക്കൊണ്ടാണ്. പക്ഷെ അതുകൊണ്ട് ഞങ്ങൾക്ക് യാതൊരുവിധത്തിലുള്ള ഖേദവുമില്ല. എന്തെങ്കിലും നിക്ഷിപ്തമായ താല്പര്യംവച്ചുകൊണ്ടല്ല ഞാനിതു പറയുന്നതു. ബഹുമാനപ്പെട്ട മന്ത്രി എം. എൽ. എ മാക്ക് ജില്ലാ പരിഷത്തിൽ മതിയായ പ്രാതിനിധ്യവും മറ്റു സ്ഥാനങ്ങളും നൽകുന്നതിനാവശ്യമായ വ്യവസ്ഥകളും ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നു ഞാൻ അപേക്ഷിക്കുകയാണ്.

അതുപോലെതന്നെ ജില്ലാ പരിഷത്തിന്റെ മേൽ ഗവണ്മെന്റിന്റെ വളരെയധികം നിയന്ത്രണങ്ങളും ഉണ്ട്. ഗവണ്മെന്റിൽ കേന്ദ്രീകരിച്ചിരിക്കുന്ന അധികാരങ്ങളും ജില്ലാ പരിഷത്തുക്കളെ ഏല്പിച്ച ജനാധിപത്യവൽക്കരിക്കുന്നതിനും അധികാര വികേന്ദ്രീകരണം നടത്തുന്നതിനുംവേണ്ടിയാണ് നാം ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു. ഈ ബില്ലിലെ 73-ാംവകുപ്പ് പരിശോധിക്കുകയാണെങ്കിൽ ഈ ബില്ലിന്റെ അന്തസത്തയെതന്നെ നശിപ്പിക്കുന്ന വ്യവസ്ഥ ഈ ബില്ലിൽ കടന്നുകൂടിയിട്ടുണ്ടെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള പല വകുപ്പുകളും മുൻപുതന്നെ ഉണ്ടായിരുന്നു. ഗവണ്മെന്റിന്റെ ചില നിർദ്ദേശങ്ങളും പഞ്ചായത്തിനു നൽകാൻ അധികാരം നൽകുന്ന 63-ാമത്തെ വകുപ്പ്, അതു നിയന്ത്രിക്കാനുള്ള അവകാശമുള്ള 65-ാംവകുപ്പ്, ജില്ലാപരിഷത്തെടുക്കുന്ന ഏതു പ്രമേയത്തെയും ക്യാൻസൽ ചെയ്യുന്നതിനു അധികാരപ്പെടുത്തുന്ന 67-ാംവകുപ്പ്,

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാപരിഷത്തിന്റെ അധികാരങ്ങളെ വെട്ടിച്ചുരുക്കുന്ന 68-ാംവകുപ്പ്, പ്രസിഡന്റിനേയും വൈസ്പ്രസിഡന്റിനേയും മാറ്റുന്ന 69-ാംവകുപ്പ്, ഇങ്ങനെ ധാരാളം വകുപ്പുകൾ മുൻ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ കൂടുതൽ നിയന്ത്രണമാണ് ഇതെന്നുള്ള അഭിപ്രായം എനിക്കുണ്ട്. ജില്ലാപരിഷത്തിന്റെ പ്രവർത്തനങ്ങളുടെ ഓരോ ഘട്ടത്തിലും ഗവണ്മെന്റിന്റെ നിയന്ത്രണം ചെലുത്തുന്നതിനും ഗവണ്മെന്റിന്റെ നിയന്ത്രണത്തിൻ കീഴിൽ ജില്ലാപരിഷത്തിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിനും ഉപകരിക്കുന്ന വകുപ്പുകളാണ് ഞാൻ പ്രതിപാദിച്ചത്. പക്ഷേ ഗവണ്മെന്റിന് കൂടെ നിയന്ത്രണം ഉണ്ടായിരിക്കണം, നിയന്ത്രണം ഉണ്ടായിരിക്കരുതെന്ന ഞാൻ പറയുന്നില്ല. തെരഞ്ഞെടുക്കപ്പെട്ട ജില്ലാ കൗൺസിലുകൾ സിറ്റിസ്റ്റേറ്റായി മാറാൻ അനുവദിച്ചുകൂടാ. അതുകൊണ്ട് ഗവണ്മെന്റിന് കുറേയൊക്കെ നിയന്ത്രണം ഉണ്ടായിരിക്കണം. ഈ വകുപ്പുകളേക്കാൾ കുറേക്കൂടി അപ്പുറത്തേക്ക് കടക്കുന്നതാണ് 73-ാംവകുപ്പ്. 73-ാംവകുപ്പിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്.

73. Power of revision by Government or Commissioner for Local Government :—(1) The Government or the Commissioner for Local Government may either suo motu or on an application from any person interested, call for and examine the record of a district council in respect of any proceedings to satisfy themselves as to the regularity of such proceedings or the legality of any decision or order passed therein; if, in any case the Government or Commissioner for Local Government be satisfied that any such decision or order should be modified, annulled or reversed or remitted for reconsideration on the ground of procedural irregularity or illegality they or he may pass orders accordingly. ചുരുക്കത്തിൽ പറഞ്ഞാൽ ഇതു് ഒരു അപ്പീലിനു അധികാരം ഗവണ്മെന്റിനു് നൽകുന്ന വകുപ്പാണു്. 'suo motu or on an application from any person interested' അതായതു് ജില്ലാപരിഷത്തുകൾ എടുത്ത തീരുമാനമെടുത്താലും, ജില്ലാ പരിഷത്തിന്റെ പ്രമേയത്തെ സംബന്ധിച്ചിടത്തോളമല്ല, അതിന്റെ സമീപനത്തെ സംബന്ധിച്ചിടത്തോളം മാത്രമല്ല, ഗവണ്മെന്റു് കൊടുക്കുന്ന നിർദ്ദേശം സ്വീകരിച്ചോ ഇല്ലയോ എന്നുള്ള പ്രശ്നം മാത്രമല്ല, ഏതെങ്കിലും വ്യക്തിക്കെതിരായി ജില്ലാപരിഷത്തെടുക്കുന്ന തീരുമാനത്തെ സംബന്ധിച്ചിടത്തോളം ആ വ്യക്തിക്കു് ആവശ്യമുണ്ടെന്നു കണ്ടാൽ ഗവണ്മെന്റിനു് അപ്പീൽ കൊടുക്കാമെന്നാണു് ഇതിൽ പറയുന്നതു്.

LIBRARY ARCHIVES, Kerala Legislative Assembly

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള: നിയമവിരുദ്ധമായ തീരുമാനങ്ങളിലല്ലാത്തുള്ള കാര്യങ്ങളിൽ അപ്പീലിനു് സാദ്ധ്യതയില്ലല്ലോ?

Shri K. M. Mani : There are irregularities which are vitiated and which are not vitiated. All such irregularities should not be brought under the purview of this section. അതാണു് ഞാൻ പറഞ്ഞതു്, ഇറ്റ്ഗുലാരിറ്റി എന്നു പറഞ്ഞാൽ, എഗ്രീയബിളായിട്ടുള്ള വ്യക്തിയെ സംബന്ധിച്ചിടത്തോളം വിഷിയേറസ് ഉണ്ടാകുമെന്നുള്ള പേർ പറഞ്ഞുകൊണ്ടായാലും, അതു് ദുരുപയോഗപ്പെടുത്തുന്നതിനും ജില്ലാ കൗൺസിലുകളുടെ പ്രവർത്തനങ്ങളിൽ തടസ്സം സൃഷ്ടിക്കുന്നതിനും ഇടയാക്കും. ഏതെങ്കിലും ഒരു കാര്യത്തെ സംബന്ധിച്ചിടത്തോളം, അതു് ലിസ്റ്റിൽ ഒന്നാമത്തെ ഷെഡ്യൂളിൽ പെടുത്തുകയാണെങ്കിൽ ജില്ലാപരിഷത്തിൽപ്പെടുന്ന കാര്യമാണെങ്കിൽ, അതിൽ സ്റ്റേറ്റിനു് അധികാരമില്ല. ഇൻഡ്യൻ ഭരണഘടനയനുസരിച്ച് യൂണിയൻ ലിസ്റ്റും സ്റ്റേറ്റ് ലിസ്റ്റും എന്നിങ്ങനെ രണ്ടു ലിസ്റ്റുകളുണ്ടു്. സ്റ്റേറ്റ് ലിസ്റ്റിൽപെടുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സംസ്ഥാന ഗവണ്മെന്റു് തീരുമാനം ചെയ്താൽ ആ തീരുമാനത്തിനു മുകളിൽ കേന്ദ്ര ഗവണ്മെന്റിനു് അപ്പീൽ ബോധിപ്പിക്കാമെന്നു പറയുന്നതിനു് തുല്യമാണു് സംസ്ഥാന ഗവണ്മെന്റിനും ജില്ലാ പരിഷത്തിനും പ്രത്യേകമായ ലിസ്റ്റു്

രൂപീകരിച്ചതിനുശേഷം ആ ലിസ്റ്റിൽപ്പെട്ടന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ജില്ലാപരിഷത്തു് തീരുമാനമെടുക്കുമ്പോഴും ആ തീരുമാനത്തിന്റെ സാധുതക്കെതിരായി ഗവണ്മെന്റിനു് അപ്പീൽ പോകുന്നതു്. അങ്ങനെ അപ്പീൽ പോകുന്ന സമ്പ്രദായം പിശകാണു്. അതു് തിരുത്തേണ്ടതാണു്. അല്ലെങ്കിൽ അതു് പഞ്ചായത്തുകളുടേയും പ്രവർത്തനങ്ങളെ ബാധിക്കും. മറ്റേതെങ്കിലും കൺട്രോൾ ഏർപ്പെടുത്തിക്കൊള്ളട്ടെ. മുൻപുതന്നെ വന്നിട്ടുള്ള വകുപ്പുകളും അധികപ്പറ്റാണു്. ഏതായാലും നിയന്ത്രണം ആവശ്യമാണെന്നുള്ളതു് ഞാൻ സമ്മതിക്കുന്നു. ഏതെങ്കിലും നിർദ്ദേശമോ പ്രമേയമോ ആക്റ്റിലെ വ്യവസ്ഥകൾക്കു് വിരുദ്ധമാണെങ്കിൽ ക്യാൻസൽ ചെയ്യണം. പക്ഷേ അതിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ എടുക്കുന്ന തീരുമാനത്തിനെയൊക്കെ ചോദ്യം ചെയ്യാൻ തുടങ്ങിയാൽ കാര്യങ്ങളൊന്നും നടക്കുകയില്ല. ഈ ചോദ്യം ചെയ്യുന്നതിന്റെ അതോറിട്ടി ആരാണെന്നറിയാമോ? A person may appeal to the Government or to the Commissioner for the Local Government. വീണ്ടും ഐ. എ. എസ്. ഉദ്യോഗസ്ഥന്റെ, കമ്മിഷണറായി വരുന്നതു് ഏതെങ്കിലും ഐ. എ. എസ്. ഉദ്യോഗസ്ഥനായിരിക്കും. ഉത്തരവിനുവേണ്ടി ജില്ലാപരിഷത്തു കാത്തുനിൽക്കേണ്ടിവരും. ജില്ലാപരിഷത്തു് എടുക്കുന്ന ഓരോ തീരുമാനത്തിനും അപ്പീൽ കൊടുക്കാമെന്നു വരികയാണെങ്കിൽ വീണ്ടും അതു് ഐ. എ. എസ് ഉദ്യോഗസ്ഥന്റെ അടുക്കൽത്തന്നെ വരും. ഇതു് അത്രത്തോളം ശരിയാണെന്നു തോന്നുന്നില്ല. ഞാൻ പറയുന്നതു്, ജില്ലാപരിഷത്തുകൾക്കു് കുറേയൊക്കെ സ്വാതന്ത്ര്യം നൽകണം എന്നാണു്. അവരുടെ പ്രവർത്തനങ്ങളെ എല്ലാ സമയത്തും വരിഞ്ഞുകെട്ടുന്നതു് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി ആ കാര്യത്തിൽ ഭേദഗതി സ്വീകരിക്കുമെന്നു് ഞാൻ വിശ്വസിക്കുകയാണു്. ഈ വിഷയത്തിൽ ഗവണ്മെന്റിന്റെ നിയന്ത്രണം ഈ രീതിയിൽ ഉണ്ടായിരിക്കണമെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്.

അതുപോലെതന്നെ പഞ്ചായത്താക്റ്റിലെ 46-ാം സെക്ഷനിൽ പഞ്ചായത്തിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിനെ സംബന്ധിച്ചു് ഇങ്ങനെ പറയുന്നുണ്ടു്.

46. Administration reports of Panchayat (1) Every Panchayat shall submit to the district council a report on its administration for each year as soon as may be, after the close of such year and not later than the prescribed date, in such form with such details as may be prescribed. ഇതിന്റെ സമീപനരീതിയെ സംബന്ധിച്ചിടത്തോളമുള്ള ഒരു വ്യത്യാസമാണു് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നതു്. ഇന്നു ഭരണാധികാരം രണ്ടു് ആളുകളിലേക്കു് വീതിച്ചുകൊടുക്കുമെന്നാണു് വിഭാവനം ചെയ്യുന്നതു്. ജില്ലകളിലും പഞ്ചായത്തുകളിലും ജില്ലാപരിഷത്തിന്റെ കീഴിൽ കൊണ്ടുവരുന്ന കീഴ്ഘടകമായി പഞ്ചായത്തുകളെ വീണ്ടും നിലനിറുത്തണമോ എന്നുള്ള പ്രശ്നം ചിന്തിക്കേണ്ടതായിട്ടുണ്ടു്. ഗവണ്മെന്റു് കൈകാര്യം ചെയ്തുകൊണ്ടിരുന്ന കുറേ അധികാരം കുറേ ഏജൻസികളെ ഏല്പിച്ചു. പഞ്ചായത്തിനും ജില്ലാപരിഷത്തിനുമായി. അപ്പോൾ പഞ്ചായത്തും ജില്ലാപരിഷത്തും ഒന്നും മറ്റൊന്നിന്റെയും കീഴിലല്ല. ഒന്നും മറ്റൊന്നിനേയും കീഴിലുള്ള ഭരണപരമായ വിധേയത്വമുള്ള ഘടകമായി രൂപാന്തരപ്പെടുത്തു്. അതു് മൗലികമായ ആശയഗതിക്കു് എതിരാകും. ഇതിൽ പറയുന്നതു് പഞ്ചായത്തിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു് ജില്ലാ കൗൺസിലിനു സമർപ്പിക്കണമെന്നാണു്. അതേസമയം ജില്ലാപരിഷത്തിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു് ഗവണ്മെന്റിനു് സമർപ്പിക്കണമെന്നു് മറ്റൊരു വകുപ്പിൽ പറയുന്നുണ്ടു്. ജില്ലാപരിഷത്തിന്റെ റിപ്പോർട്ടു് ഗവണ്മെന്റിനു് സമർപ്പിക്കണമെന്നു പറയുന്നതുപോലെ, പഞ്ചായത്തിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടും, ജില്ലാപരിഷത്തു ചെയ്യുന്നതുപോലെ, ഗവണ്മെന്റിലേക്കു് സമർപ്പിച്ചുകൊണ്ടു് ഗവണ്മെന്റു് സംക്ഷിപ്തമായി ചെയ്യുകയല്ലേ നല്ലതെന്നുള്ള അഭിപ്രായം ഞാൻ വയ്ക്കുകയാണു്. അങ്ങനെ വരിക

LIBRARY ARCHIVES Kerala Legislative Assembly

യാണെങ്കിൽ ജില്ലാപരിഷത്തിന്റെ വിധേയത്വം പഞ്ചായത്തുകൾക്കു് ഉണ്ടായിരിക്കുകയില്ല. അല്ലെങ്കിൽ ജില്ലാപരിഷത്തിന്റെ ഒരു ഘടകമായി വീണ്ടും പഞ്ചായത്തുകൾ അധഃപതിക്കും. അതു് ശരിയല്ല. ഓരോ എജൻസികളും അവരുടെ രംഗത്തു് അധിപന്മാരാണു്. ജില്ലാപരിഷത്തുകൾക്കു്, അവക്കു് വീതിച്ചുകിട്ടിയിരിക്കുന്ന ഷെഡ്യൂളിനെ സംബന്ധിച്ചിടത്തോളം പരമാധികാരമുണ്ടു്. അതുപോലെതന്നെ പഞ്ചായത്താക്ടറിൽ പറയുന്ന ഷെഡ്യൂളിനെ സംബന്ധിച്ചിടത്തോളം പഞ്ചായത്തുകൾ പരമാധികാരികളാണു്. ഇതേ സംബന്ധിച്ചിടത്തോളം ജില്ലാപരിഷത്തുകൾക്കു് യാതൊരു അധികാരമോ നിയന്ത്രണമോ ഉണ്ടാകാൻ പാടില്ല. ഗവണ്മെന്റിനു് മൊത്തത്തിൽ ഒരു സൂപ്പർ വൈസറി സാംഗ്ഷനുള്ള അധികാരമേ ജില്ലാപരിഷത്തുകളുടേയും പഞ്ചായത്തുകളുടേയും പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ഉണ്ടാകാൻ പാടുള്ളു. അതുകൊണ്ടു് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം എന്താണു് വേണ്ടതെന്നു പരിശോധിക്കേണ്ടതാണു്.

അടുത്തതായി ശ്രീ. ഹമീദു് ചൂണ്ടിക്കാണിച്ച സിവിൽ ഡിഫൻസു്, പോലീസു് അഡ്മിനിസ്ട്രേഷൻ ഇവ സംബന്ധിച്ചാണു് എനിക്കു് പറയാനുള്ളതു്. ഇതിനെ സംബന്ധിച്ചു് ഞങ്ങൾക്കു് വ്യക്തമായ അഭിപ്രായമുണ്ടു്. ആ കാര്യം ഡിസൻറിംഗ് നോട്ടിൽ പറഞ്ഞിട്ടുണ്ടു്. ഞങ്ങളുടെ അഭിപ്രായത്തിൽ സിവിൽ ഡിഫൻസും, പോലീസു് അധികാരവും സംസ്ഥാന ഗവണ്മെന്റിന്റെ കയ്യിലിരിക്കേണ്ട ഒരു വിഷയമാണു്. സംസ്ഥാന ഗവണ്മെന്റു് കൈകാര്യം ചെയ്യേണ്ട വിഷയങ്ങളാണു് അവ. പോലീസു് അഡ്മിനിസ്ട്രേഷൻ ഓരോ ജില്ലകളിലേക്കും ഡിവൈഡു് ചെയ്തു കൊടുക്കാവുന്ന ഒരു ഫംഗ്ഷനല്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ വൈവൽറീയും, ഡിസ്ഒബേയും ചെയ്യുന്ന പ്രവണതയുണ്ടാകും. അതുമാത്രമല്ല ചില ഘട്ടങ്ങളിൽ ചില പ്രത്യേക വിഷമതകളും ഉണ്ടാകും. കേന്ദ്രവും സംസ്ഥാനവും തമ്മിൽ ഗ്രസ്പി നടക്കുന്ന കാലമാണല്ലോ ഇതു്. കേന്ദ്രഗവണ്മെന്റിന്റെ ഡയറക്ഷൻസിനെ സംസ്ഥാന ഗവണ്മെന്റിനു് എതിർക്കേണ്ടിവരുന്ന പ്രവണത ഇന്നു വളർന്നുവന്നിരിക്കുകയാണു്. ഈ പ്രവണത മുന്നോട്ടുപോകുകയും ചെയ്യും. ഈ പ്രവണത മുന്നോട്ടു പോകുമ്പോൾ, ഓരോ ജില്ലയേയും സംബന്ധിച്ചിടത്തോളം പോലീസു് അധികാരം അവക്കു് കൊടുത്താൽ, ഗവണ്മെന്റിന്റെ നിർദ്ദേശമനുസരിച്ചു് ക്രമസമാധാന നില സ്ഥാപിക്കാൻ ചിലപ്പോൾ വിഷമമായിത്തീർന്നേക്കും. അതുകൊണ്ടു് പോലീസു് അധികാരം സംസ്ഥാന ഗവണ്മെന്റിന്റെ കൈവശമിരിക്കേണ്ടതാണു്. രാജ്യത്തിന്റെ മൊത്തത്തിലുള്ള ക്രമസമാധാന നിലയെ സംബന്ധിച്ചിടത്തോളം, രാജ്യത്തിന്റെ മൊത്തമായ കാര്യങ്ങളും കണക്കിലെടുത്തുകൊണ്ടുള്ള ഒരു പോലീസു് നയം ഗവണ്മെന്റിനുണ്ടായിരിക്കണം. ആ വിശാലമായ പോലീസു് നയത്തിന്റെ അടിസ്ഥാനത്തിൽ ഭരണം മുന്നോട്ടുകൊണ്ടുപോകണം. പക്ഷേ ഓരോ ജില്ലയിലേക്കും പോലീസു് അധികാരം കൈമാറിയാൽ വിശാലമായ ഒരു പോലീസു് സംസ്ഥാനത്തിന്റെ പൊതുവായ താല്പര്യത്തിനു വേണ്ടി ആവിഷ്കരിക്കാൻ ആർക്കും സാദ്ധ്യമല്ല. ഓരോ ജില്ലയിലേയും പ്രത്യേകതകളായ താല്പര്യങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ള പോലീസു് നയം ആവിഷ്കരിക്കുകയും അതനുസരിച്ചു് പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ വഴക്കും വാശിയും ഉണ്ടാകുന്ന പരിതഃസ്ഥിതിവരും. പല ജില്ലകളിലും മാത്സര്യങ്ങളും വളരും. ഗവണ്മെന്റു് കൊടുക്കുന്ന ഡയറക്ഷൻസു് അനുസരിച്ചില്ലെന്നുവരും. ഇതു് ഞാൻ പറയുന്നതു്, പഴയ ഗ്രീസിലെ 'സിറ്റിസ്റ്റേറ്റ്സ്' പോലെ വരുകയില്ലേ എന്ന സംശയം മനസ്സിൽ വച്ചുകൊണ്ടാണു്. പോലീസു് അധികാരം സംസ്ഥാന ഗവണ്മെന്റിന്റെ കൈവശംതന്നെയായിരിക്കണമെന്നു ഞങ്ങളും പറയാൻ കാരണം ഇതാണു്. അതല്ലാതെ മാർക്സിസ്റ്റുപാർട്ടി പ്രകടിപ്പിച്ച അഭിപ്രായങ്ങളൊന്നുമല്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ കെ കുമാരപിള്ള : പോലീസ് അധികാരം കൊടുക്കാൻ പാടില്ലെന്നു പറയുന്നതു നമ്മുടെ നാട്ടിലെ പ്രത്യേകത കൊണ്ടാണോ, അതോ ലോകത്തിൽ ബാധിക്കുക ഈ അധികാരം കൊടുക്കാൻ പാടില്ലാത്തതുകൊണ്ടാണോ? അതേക്കുറിച്ചുള്ള അങ്ങയുടെ വിലയേറിയ അഭിപ്രായം എന്താണു? മറ്റു പല സ്ഥലങ്ങളിലും ലോകത്തിൽ ബാധിക്കുക പോലീസ് അധികാരം നൽകുകയും, അവർ അതു ഫലപ്രദമായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നതായി അറിയുമോ ?

ശ്രീ കെ. എം. മാണി: നമ്മുടെ രാജ്യത്തിലെ പ്രത്യേക പരിതഃസ്ഥിതികളെ കണക്കിലെടുത്തുകൊണ്ടു ജില്ലകൾക്കു പോലീസ് അധികാരം പകർന്നുകൊടുക്കുന്നതു തെറ്റാണെന്നു ഞാൻ അഭിപ്രായപ്പെടുകയണു. ഓരോ ജില്ലയിലേയും ജില്ലാ പരിഷത്തിൽ അധികാരത്തിൽവരുന്ന രാഷ്ട്രീയപാർട്ടികളുടെ നയമനുസരിച്ചു പോലീസ് നയം ആവിഷ്ക്കരിക്കുകയാണെങ്കിൽ അതു പല കുഴപ്പങ്ങൾക്കും ഇടയാക്കും.

ഓരോ ജില്ലകളിലും മാറിമാറിവരുന്ന രാഷ്ട്രീയപാർട്ടികളുടെ അഭിലാഷമനുസരിച്ചു ഓരോ ജില്ലകൾക്കും പ്രത്യേകമായ ഒരു പോലീസ്നയം ഒരു സംസ്ഥാനത്തിനകത്തുണ്ടായാൽ ആ സംസ്ഥാനത്തു ക്രമസമാധാനനില ശരിയായിട്ടു പരിപാലിക്കാൻ സാധിക്കുകയില്ല എന്നുള്ള അഭിപ്രായമാണു എനിക്കുള്ളതു.

അടുത്തതായിട്ടു എനിക്കു പറയാനുള്ളതു എഡ്യൂക്കേഷനെ സംബന്ധിച്ചാണു. എഡ്യൂക്കേഷനെ സംബന്ധിച്ചു പറയുമ്പോൾ എഡ്യൂക്കേഷൻ ജില്ലാ പരിഷത്തിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തി ജില്ലാ പരിഷത്തിനു അധികാരം കൊടുത്തിരിക്കുകയണു. എഡ്യൂക്കേഷനെ സംബന്ധിച്ചിടത്തോളം പൊതുവായി വിട്ടുകൊടുത്തിട്ടുള്ളതല്ലാതെ വിദ്യാഭ്യാസത്തിന്റെ ഏതൊക്കെ ഭാഗങ്ങളാണു അല്ലെങ്കിൽ എത്രമാത്രമാണു എന്നൊന്നും വിശദീകരിച്ചു പറഞ്ഞിട്ടില്ല. വിദ്യാഭ്യാസത്തെ സംബന്ധിച്ചു പറയുമ്പോൾ സിലബസ്സു നിർണ്ണായകമായ ഒരു ഘടകമാണു. ഇതൊക്കെ ജില്ലാ പരിഷത്തു കൈകാര്യം ചെയ്യേണ്ടിവരും.

Shri N. K. Seshan: 'except Collegiate education and Technical education' എന്നാണു.

ശ്രീ. കെ. എം. മാണി: ഞാൻ സമ്മതിക്കുന്നു. കോളേജിയറ്റു എഡ്യൂക്കേഷനെയും ടെക്നിക്കൽ എഡ്യൂക്കേഷനെയും മാറ്റിവച്ചാൽത്തന്നെ പൊതുവിദ്യാഭ്യാസമുണ്ടു. സ്കൂളുകളുടെ കാര്യത്തിൽ, സെക്കണ്ടറി സ്കൂളുകളെ സംബന്ധിച്ചിടത്തോളം പൊതുവിദ്യാഭ്യാസം ബാലികാബാലന്മാരുടെ മനസ്സിനെ ബാല്യദശയിൽത്തന്നെ സ്വാധീനിക്കുന്ന രംഗങ്ങളും കാലഘട്ടവുമായിട്ടാണു കരുതുന്നതു. ജില്ലാ പരിഷത്തിനു പൊതുവിദ്യാഭ്യാസത്തിന്റെ മുഴുവൻ ചുമതലയും വിട്ടുകൊടുത്താൽ വിദ്യാഭ്യാസനയം രൂപീകരിക്കുന്നതിനും സിലബസ്സു നിർണ്ണയിക്കുന്നതിനുമൊക്കെയുള്ള പരമാധികാരം വിട്ടുകൊടുത്താൽ അതു പലരീതിയിലുള്ള വിദ്യാഭ്യാസനയങ്ങളും പല രീതിയിലുള്ള വിദ്യാഭ്യാസ മേഖലകളും നമ്മുടെ സംസ്ഥാനത്തു സൃഷ്ടിക്കുന്നതിനു പര്യാപ്തമായിത്തീരും. അതു അപകടകരമല്ലേ എന്നു ഞാൻ സംശയിക്കുകയാണു. അതുകൊണ്ടു വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഒരു പൊതുനയമെന്നുള്ള നിലയിൽ അതു സംസ്ഥാന ഗവണ്മെന്റിന്റെ കൈയിൽത്തന്നെ ഇരിക്കേണ്ടതാണു.

അടുത്തതായി കാർപ്പറേഷനുകളേയും മുനിസിപ്പാലിറ്റികളേയും സംബന്ധിച്ചു ഒരുവാക്കു പറയാനുണ്ടു. കാർപ്പറേഷനുകളേയും മുനിസിപ്പാലിറ്റികളേയും ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിച്ചു നിറുത്തിയിരിക്കുകയാണു. അങ്ങനെ ഒഴിച്ചു നിറുത്തുന്നതു ശരിയല്ലെന്നുള്ള അഭിപ്രായമാണു എനിക്കുള്ളതു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: ഏതു വകുപ്പിലാണ് ഒഴിച്ചുനിറുത്തിയിരിക്കുന്നതു്?

ശ്രീ. കെ. എം. മാണി: കാർപ്പറേഷനെ ഉൾപ്പെടുത്തിയിട്ടില്ല എന്നാണു് എന്റെ ധാരണ. എന്റെ അഭിപ്രായത്തിൽ കാർപ്പറേഷനുകളേയും മുനിസിപ്പാലിറ്റികളേയും ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം. തിരുവനന്തപുരം കാർപ്പറേഷനേയും, എറണാകുളം കാർപ്പറേഷനേയും കൊച്ചിൻ കാർപ്പറേഷനേയും വേണമെങ്കിൽ ഒഴിച്ചുനിറുത്തിക്കൊള്ളുക. മറ്റു മുനിസിപ്പാലിറ്റികളെ ഇതിന്റെ വ്യാപ്തിയിൽ വരുത്തിക്കൊണ്ടു് ഈ ബില്ലു് പരിഷ്ക്കരിക്കണമെന്നാണു് എന്റെ അഭിപ്രായം. ഞാൻ ഇനിയും കൂടുതൽ വിഷയത്തിലേക്കു കടന്നു് സംസാരിക്കണമെന്നു് ആഗ്രഹിക്കുന്നില്ല. അതിനുള്ള സന്ദർഭം വരും. ഇങ്ങനെ ബില്ലിനെപ്പറ്റി ചർച്ചചെയ്യാൻ അവസരം ലഭിച്ചതു് ഞാൻ അഭിമാനകരമായി വിചാരിക്കുകയാണു്. ഇതിനുമുമ്പു് 1962-ൽ പഞ്ചായത്താക്ടു് പാസ്സാക്കി നടപ്പിൽ വന്നിട്ടുണ്ടു്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ വളരെയധികം ചുമതലകൾ പഞ്ചായത്തുകൾക്കു് നൽകിയിരുന്നു. പക്ഷേ അതിനു് യാതൊരധികാരവും ഉണ്ടായിരുന്നില്ല. അവരുടെ അധികാരം പരിമിതവും ചുമതലകൾ വർദ്ധിച്ചതുമായിരുന്നു. യാതൊരു സാമ്പത്തിക ശക്തിയും പഞ്ചായത്തുകൾക്കു് ഇല്ലായിരുന്നു. സാമ്പത്തികശേഷിയില്ലാത്ത അധികാരമില്ലാത്ത പഞ്ചായത്തുകൾക്കു് വളരെയധികം ചുമതലകൾ കൊടുത്തുകൊണ്ടുള്ള ഒരു പഞ്ചായത്തു നിയമമാണു് നമ്മുടെ രാജ്യത്തു് ഇന്നും നിലനിൽക്കുന്നതു്. ഈ നിയമത്തിന്റെ കീഴിൽ നിന്നുകൊണ്ടു് പഞ്ചായത്തുകൾക്കു് ഫലപ്രദമായി നമ്മുടെ രാജ്യത്തിന്റെ വികസനത്തിനുവേണ്ടി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു് ഒരു പരമാർത്ഥമാണു്. അതു തിരുത്തുന്നതിനുവേണ്ടി കൂടുതൽ അധികാരത്തോടുകൂടിയും കൂടുതൽ വരുമാനം നൽകിയും കൂടുതൽ വ്യാപ്തികൊടുത്തും ഇങ്ങനെ ഒരു ബില്ലു് കൊണ്ടുവന്നതിനെ ഞാൻ സ്വാഗതം ചെയ്യുകയാണു്. ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടെ ലൈൻ ശരിപ്പെടുത്താൻവേണ്ടി ഈ ബില്ലു് ഉപയോഗിക്കരുതെന്നു് അപ്പുറത്തിരിക്കുന്നവരോടു് എനിക്കു പറയാനുണ്ടു്. ശരിയായ ജനാധിപത്യവല്ക്കരണത്തെയും വികേന്ദ്രീകരണത്തെയും കണക്കിലെടുത്തുകൊണ്ടു് കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിൽ പാകപ്പിഴകൾ വല്ലതുമുണ്ടോ എന്നു പരിശോധിക്കേണ്ടതാണു്. ജനാധിപത്യവൽക്കരണമാണു് ആശയമെന്നുള്ള നിലയിൽ അതിനെ ലക്ഷ്യമാക്കിയുള്ള ഈ വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു് പാർട്ടിയുടെയും നിർല്ലോഭമായ സഹകരണം ഇതിനുണ്ടാവുമെന്നു് ഞാൻ പ്രത്യാശിക്കുകയാണു്. ഈ നിയമസഭയിലെ മറ്റു പാർട്ടികളിലുള്ള എല്ലാ അംഗങ്ങളും ഒരുറച്ച മനസ്സോടുകൂടി ഒന്നിച്ചിരുന്നു പര്യാലോചിച്ചു് ആവശ്യമായ ഭേദഗതികളും സ്വീകരിച്ചുകൊണ്ടു് വളരെ മാതൃകാപരമായി ഒരു നിയമനിർമ്മാണമുണ്ടാക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. എസ്. പുരുഷോത്തമൻ: സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. ആദ്യമായി ഈ ബില്ലു് കൊണ്ടുവരുന്നതിനു പ്രവർത്തിച്ച ഗവണ്മെന്റിനെയും, ഇതു് ജനങ്ങൾക്കു കൂടുതൽ സൗകര്യവും അധികാരവും നൽകിക്കൊണ്ടുള്ള തരത്തിൽ തീർത്ത സെലക്ടു കമ്മിറ്റി അംഗങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു. ഈ നിയമസഭയിൽ വന്ന ചർച്ചകളുടെ വെളിച്ചത്തിൽ കുറെക്കൂടി നല്ലരീതിയിൽ രൂപം കൊടുക്കാൻ കഴിയുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ ബില്ലു് അവതരിപ്പിച്ചപ്പോൾ ഇതുപോലെ ആയിരുന്നില്ല. വളരെ വ്യത്യസ്തമായ രീതിയിലായിരുന്നു. സെലക്ടു കമ്മിറ്റിയുടെ ചർച്ചകൾക്കുശേഷമാണു് പല അധികാരങ്ങളും നൽകിക്കൊണ്ടുള്ള ഒരു ബില്ലായി പുറത്തുവന്നതു്. ഇന്നു് ഈ ബില്ലിൽ പറഞ്ഞിട്ടുള്ള പല കാര്യങ്ങളെക്കുറിച്ചും ഒരുപക്ഷേ അവഗാഢമായി ആലോചിക്കേണ്ടിവരും. ആ ആലോചന ഇവിടെ പലരും പറഞ്ഞ കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. അതായതു് എല്ലാ ജനങ്ങൾക്കും കൂടുതൽ സൗകര്യങ്ങളും ലഭിക്കത്തക്കവിധത്തിൽ അധികാരം കൂടുതൽ വികേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു നടപടിയെ ആശ്രയിച്ചായിരിക്കണം. ഇതിനെപ്പറ്റി പരിശോധിക്കുമ്പോൾ ഇതു് പ്രായോഗികമാക്കുന്നതിനുള്ള സാദ്ധ്യത

യെക്കുറിച്ചുകൂടി നാം ആലോചിക്കണമെന്നു് ഞാൻ സഭയോടു് അഭ്യർത്ഥിക്കുകയാണു്. പഞ്ചായത്തുകൾക്കു് അധികാരം നൽകിക്കൊണ്ടുള്ള നിയമനിർമ്മാണം ഇതിനുമുമ്പും നടന്നിട്ടുണ്ടു്. 1960-ലെ പഞ്ചായത്താക്ടിൽ കുറെ അധികാരങ്ങളെല്ലാം പഞ്ചായത്തുകൾക്കു കൊടുക്കുന്നതിനു് ചുമതലപ്പെടുത്തിയിരുന്നു. ഈ കാര്യങ്ങളും പലതും ചെയ്യുന്നതിനു് പഞ്ചായത്തുകൾക്കു് കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസം, ചികിത്സാ സഹകര്യങ്ങളും മുതലായ പല കാര്യങ്ങൾക്കും അന്നു് പഞ്ചായത്തുകൾക്കു് അധികാരം നൽകിയിരുന്നു. 1964-ലെ ആക്ടു് പരിശോധിച്ചു നോക്കിയാൽ ആദ്യത്തേതിനെക്കാൾ കൂടുതൽ അധികാരം നൽകിയിരുന്നതായി കാണാം. പക്ഷേ ഈ ആക്ടു പ്രകാരം പഞ്ചായത്തുകൾക്കു് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു് ഒരു യാഥാർത്ഥ്യമാണു്. എന്തുകൊണ്ടു് ഇതു സംഭവിച്ചു എന്നുള്ളതിനെക്കുറിച്ചു് നാം ആലോചിക്കണം. നാം ഇങ്ങനെ ഒരു നിയമം പാസ്സാക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിനു് ആവശ്യമായ നിയമനിർമ്മാണം നടത്തുമ്പോൾ അതു പ്രായോഗികമാക്കുന്നതിനാവശ്യമായ സാമ്പത്തികമായ ഒരു സ്ഥിതികൂടി ഉണ്ടായിട്ടില്ലെങ്കിൽ തീർച്ചയായും അതിനു പ്രവർത്തിക്കാൻ കഴിയുകയില്ല എന്നുള്ളതാണു് മുൻകാലങ്ങളിൽ ഉണ്ടായിട്ടുള്ള അനുഭവം. ഈ വസ്തുത വച്ചുകൊണ്ടു നോക്കുമ്പോൾ ഇന്നു് ജില്ലാ കൗൺസിലുകൾക്കും പ്രധാനമായും പഞ്ചായത്തുകൾക്കും നൽകിയിട്ടുള്ള അധികാരങ്ങളെല്ലാം വച്ചുനോക്കുമ്പോൾ ഇതെല്ലാം എത്രത്തോളം പ്രായോഗികമായി നടത്താൻ കഴിയുമെന്നുള്ളതിനെക്കുറിച്ചുകൂടി ഈ അവസരത്തിൽ ചിന്തിക്കേണ്ടതുണ്ടു്. ഞാൻ ഇതു പറയുമ്പോൾ നമ്മുടെ സംസ്ഥാന ഗവണ്മെൻറിനെ തന്നെ ഇന്നു് ഗവണ്മെൻറിന്റെ വിവിധ ഡിപ്പാർട്ടുമെൻറുകൾവഴി ചെയ്യേണ്ടതായിട്ടുള്ള പല കാര്യങ്ങളും ചെയ്യാൻ സാദ്ധ്യമല്ലാത്ത ഒരു സാഹചര്യമുള്ളതു് എല്ലാവർക്കും അറിയാം. ചില പ്രശ്നങ്ങൾ ചോദ്യോത്തര വേളയിൽത്തന്നെ പൊന്തിവരാറുണ്ടു്. വാട്ടർ സപ്ലൈയുടെ കാര്യം വരുമ്പോൾ നമ്മുടെ സ്റ്റോറിന്റെ പല ഭാഗത്തും ഇതു് ലഭിക്കാത്തതിനെപ്പറ്റി വാദപ്രതിവാദം ഉണ്ടാകാറുണ്ടു്. പബ്ലിക്കു് റോഡുകളുടെ കാര്യമെടുത്തു നോക്കിയാലും പാലത്തിന്റെ കാര്യമെടുത്തു നോക്കിയാലും ഇതുതന്നെയാണു് സ്ഥിതി. ഇന്നത്തെ നമ്മുടെ സംസ്ഥാന ഗവണ്മെൻറിന്റെ സാമ്പത്തികനിലവച്ചു പോവുകയാണെങ്കിൽ ഒരു പതിനഞ്ചു് ഇരുപത്തഞ്ചു് വർഷംകൊണ്ടു് നമുക്കാവശ്യമുള്ള കാര്യങ്ങളൊന്നും നടത്തിത്തീർക്കാൻ സാദ്ധ്യമല്ലാതെവരും. ഇന്നു് നമ്മുടെ ആവശ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഒരംശംപോലും കാര്യങ്ങൾ സാധിക്കാത്ത നിലയാണു് ഗവണ്മെൻറിന്റെ വിവിധ ഡിപ്പാർട്ടുമെൻറുകളിലുള്ള പ്രൊപ്പോസൽസ് എടുത്തു നോക്കിയാൽ കാണാൻ കഴിയുന്നതു്. സംസ്ഥാനത്തിനാവശ്യമായ സാമ്പത്തിക സഹകര്യങ്ങൾ ഇല്ലെന്നുള്ളതാണു് പ്രധാന കാരണം. അതുകൊണ്ടു് ജില്ലാ കൗൺസിലിനു് കൂടുതൽ അധികാരങ്ങൾ നൽകുമ്പോൾ പഞ്ചായത്തുകൾക്കു് അധികാരങ്ങൾ നൽകുമ്പോൾ ആ അധികാരങ്ങളെല്ലാം ഉപയോഗിക്കുന്നതിനാവശ്യമായ സാമ്പത്തികസഹായം ചെയ്തുകൊടുക്കാൻ കഴിയുന്നില്ലെങ്കിൽ ജനപ്രതിനിധികളായ മന്ത്രിമാർ ചെല്ലുമ്പോൾ നിവേദനങ്ങളും പരിവേദനങ്ങളുമായി കാത്തുനില്ക്കുകയായിരിക്കും ഉണ്ടാകാൻ പോകുന്നതു്. ഇന്നു് ഈ ബില്ലിൽ പറയുന്ന വ്യവസ്ഥകൾ നടപ്പിലാക്കാനുള്ള സാമ്പത്തികസഹായം ഇല്ലായ്തിരിക്കുകയാണു്. അതുകൊണ്ടു് കൂടുതൽ അധികാരങ്ങൾ നൽകുമ്പോൾത്തന്നെ അതിനാവശ്യമായ സാമ്പത്തിക സഹകര്യംകൂടി ചെയ്തുകൊടുക്കണം. പഞ്ചസാര എന്നെഴുതിയിട്ടു് മധുരിച്ചുനോക്കിയാൽ മധുരിക്കുകയില്ല. ഇവിടെ പ്രതിപക്ഷത്തുനിന്നും അധികാരവികേന്ദ്രീകരണം നടത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചു് വളരെ ശക്തിയായി ധാർമ്മികരോഷത്തോടുകൂടിതന്നെ പറയുകയുണ്ടായി. ആരാണു് അധികാരവികേന്ദ്രീകരണത്തിനു് എതിരു് ? കഴിഞ്ഞകാലങ്ങളിലെ അനുഭവങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ തീർച്ചയായും ഞങ്ങൾക്കു് അധികാരവികേന്ദ്രീകരണം നടത്താൻ യാതൊരു എതിർപ്പുമില്ലെന്നു് മനസ്സിലാക്കാൻ സാധിക്കും.

അധികാരവികേന്ദ്രീകരണം ഏറ്റവും ആവശ്യമായ ഒരാശയമാണു്. അതു് നടത്തേണ്ടതാണു്. ഇന്നല്ലെങ്കിൽ നാളെ അതു ഫലപ്രദമായി നടക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ഈ അധികാരവികേന്ദ്രീകരണം എവിടംതൊട്ടു് തുടങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ണമെന്നുള്ളതിനെ സംബന്ധിച്ച് നാം ആദ്യമായി ആലോചിക്കണം. നമ്മുടെ സംസ്ഥാന ഗവണ്മെൻറിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് നാമെല്ലാം ബോധവാന്മാരാണ്. കൂടാതെ ഗവണ്മെൻറിനെ അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളുമുണ്ട്. അതിനെല്ലാം പരിഹാരം കാണാൻ സാദ്ധ്യമല്ലാത്ത ഒരു സാഹചര്യമാണ് ഗവണ്മെൻറിനുള്ളത്. ഈ സാഹചര്യത്തിൽ അധികാരവികേന്ദ്രീകരണം ഫലപ്രദമാകണമെങ്കിൽ, അത് ജനങ്ങൾക്ക് പ്രയോജനകരമാകണമെങ്കിൽ എവിടെയാണോ അധികാരം കേന്ദ്രീകരിച്ചിരിക്കുന്നത് അവിടെനിന്നും അധികാരങ്ങൾ വികേന്ദ്രീകരിച്ചാലല്ലാതെ സാധ്യമല്ല. അതുകൊണ്ട് അപ്പുറത്തിരിക്കുന്ന, പ്രത്യേകിച്ചും കോൺഗ്രസ്സ് സ്നേഹിതന്മാരോട് എനിക്കൊരു കാര്യം ചോദിക്കുവാനുണ്ട്. നമ്മുടെ ഇൻഡ്യാ ഗവണ്മെൻറ് ഈ അധികാരവികേന്ദ്രീകരണം ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുവാൻ തയ്യാറാകുമോ എന്നാണ് ഞാൻ ചോദിക്കുന്നത്. സംസ്ഥാന ഗവണ്മെൻറുകൾക്ക് അധികാര വികേന്ദ്രീകരണത്തിനു സഹായകമായ നിലയിൽ വേണ്ടത്ര സാമ്പത്തിക സൗകര്യങ്ങൾ സാധിച്ചുകൊടുക്കുവാൻ കേന്ദ്ര ഗവണ്മെൻറ് തയ്യാറുണ്ടോ എന്നുള്ളതാണ് എൻറെ ചോദ്യം. അതിനവർ അവരുടെ അധികാരങ്ങൾ പ്രയോഗിക്കുവാൻ തയ്യാറാകുകയാണെങ്കിൽ ഏറെക്കുറെ അധികാരങ്ങൾ വികേന്ദ്രീകരിക്കുവാൻ കഴിയും. നമ്മുടെ സംസ്ഥാന ഗവണ്മെൻറുകൾക്കുള്ളതു പോലെയുള്ള പരാധീനതകൾ കേന്ദ്ര ഗവണ്മെൻറിനും ഇല്ലേ എന്നു ചോദിക്കാം.

എന്നാൽ അതിനുള്ള പല നിർദ്ദേശങ്ങളുമുണ്ട്, അതു് അവർ സ്വീകരിക്കുമോ എന്നുള്ളതാണ് പ്രശ്നം. നമ്മുടെ നാട്ടിലെ സമ്പത്തു് കേന്ദ്രീകരിച്ചിരിക്കുന്നതിനെ സംബന്ധിച്ച് എല്ലാ രാഷ്ട്രീയകക്ഷി നേതാക്കന്മാരും ജനങ്ങളോട് വളരെ സങ്കടത്തോടുകൂടി പറയാറുണ്ട്. സമ്പത്തിൻറെ കേന്ദ്രീകരണം നമ്മുടെ രാജ്യത്തിനു് ആപത്താണെന്നും സമ്മതിക്കാറുണ്ട്. നിർഭാഗ്യവശാൽ ആ സമ്പത്തു് എടുക്കാനുള്ള നടപടികളും എടുക്കുന്നില്ല. ആ സമ്പത്തു് വികേന്ദ്രീകരിച്ചുകൊണ്ട് നമ്മുടെ രാജ്യത്തിനു് പ്രയോജനകരമായ രീതിയിൽ പ്രവർത്തിക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് നമ്മുടെ ഇൻഡ്യാ ഗവണ്മെൻറിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് സമ്പത്തു് വികേന്ദ്രീകരിക്കുന്ന ഒരു നടപടി ഉണ്ടാകണം. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽമാത്രമെ അധികാരവികേന്ദ്രീകരണം ശരിക്കും നടക്കുകയുള്ളുവെന്നു് ഓർമ്മപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. ഏതാണ്ടു് ആ അടിസ്ഥാനത്തിൽ എത്രത്തോളം അധികാരങ്ങളും സാമ്പത്തിക സൗകര്യങ്ങളും ജില്ലാ കൗൺസിലുകൾക്കും പഞ്ചായത്തുകൾക്കും വിട്ടുകൊടുക്കാൻ കഴിയുമോ അത്രയും വിട്ടുകൊടുക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടി വേണം ഇതു് ചർച്ച ചെയ്യേണ്ടതും പാസ്സാക്കേണ്ടതും എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. വളരെ വ്യക്തമായും എന്തെല്ലാം നികുതിയിനങ്ങളാണ് ജില്ലാ കൗൺസിലുകൾക്കും പഞ്ചായത്തുകൾക്കും വിട്ടുകൊടുക്കാൻ കഴിയുമോ അത്രയും വിട്ടുകൊടുക്കണം. അതിനാവശ്യമായ നടപടികളും സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. എന്നാൽ അങ്ങനെ വിട്ടുകൊടുക്കുന്ന നികുതികളും മാത്രംകൊണ്ട് അവയുടെ പ്രവർത്തനങ്ങളും നടക്കുന്നില്ലെങ്കിൽ കുറെക്കൂടി സഹായങ്ങളും ചെയ്തുകൊടുക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കണം.

എം. എൽ. എ. മാർക്ക് വോട്ടവകാശത്തോടുകൂടിയ പ്രാതിനിധ്യം ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നു് ചില മെമ്പറന്മാർ ഇവിടെ ശക്തിയായി വാദിക്കുകയുണ്ടായി. അതിനോടു് എനിക്കു് യോജിക്കാൻ നിവൃത്തിയില്ല. അതാവശ്യമില്ല എന്നുള്ള അഭിപ്രായത്തിനെ അടിസ്ഥാനപ്പെടുത്തി ബഹുമാനപ്പെട്ട മെമ്പറന്മാർ ഇവിടെ സംസാരിച്ചിട്ടുള്ളതുകൊണ്ട് അതിനെ സംബന്ധിച്ച് കൂടുതലൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല.

പിന്നെ പഞ്ചായത്തുകൾക്ക് പ്രാതിനിധ്യം കൊടുക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. എന്നാൽ കേവലം പേരിനുമാത്രം പഞ്ചായത്തുകൾക്ക് പ്രാതിനിധ്യം കൊടുക്കുന്നതായാൽ നാം ഉദ്ദേശിക്കുന്ന ഫലം ഉണ്ടാകുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതുകൊണ്ട് നേരിട്ട തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾക്ക് 50 ശതമാനം പ്രാതിനിധ്യം കൊടുക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. അങ്ങനെ പഞ്ചായത്തുകൾക്ക് പ്രാതിനിധ്യം കൊടുക്കുമ്പോൾ അതിന് പ്രത്യേകമായ മണ്ഡലങ്ങൾ ഉണ്ടാക്കിക്കൊണ്ട് ആ മണ്ഡലങ്ങളിൽനിന്നും പ്രതിനിധികൾ തിരഞ്ഞെടുക്കപ്പെടാൻ അവസരം ചെയ്തുകൊടുത്തില്ലെങ്കിൽ പഞ്ചായത്തിന്റെ പ്രതിനിധിയായി ആരെ തിരഞ്ഞെടുത്താലും യഥാർത്ഥത്തിൽ പ്രതിനിധീകരിക്കുന്നത് സ്ഥലത്തിന്റെ വികസനപ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് സാദ്ധ്യമല്ല. അതുകൊണ്ട് യഥാർത്ഥത്തിൽ പഞ്ചായത്തു് ഏതിയായിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന 50 ശതമാനം ഉറപ്പുള്ളതായിരിക്കണം കൗൺസിൽ. അതുപോലെതന്നെ സംസ്ഥാന മന്ത്രിസഭയെപ്പോലെ, അതു വലിയ നയപരമായ കാര്യങ്ങളെ സംബന്ധിച്ച് തീരുമാനിക്കാനില്ലെങ്കിലും, നിക്ഷിപ്തമായ അധികാരങ്ങൾ കൂട്ടായി നടത്തുന്നതിനുവേണ്ടി പ്രസിഡന്റും വൈസ് പ്രസിഡന്റും ചെയർമാനും എല്ലാം അടങ്ങുന്ന ഒരു ഭരണസമിതിയായിരിക്കണം ഭരണത്തിന്റെ നേതൃത്വം കൊടുക്കേണ്ടതെന്നും എനിക്കഭിപ്രായമുണ്ട്.

അതുപോലെ ഈ ബില്ലിന്റെ പേരിനെ സംബന്ധിച്ചും ഇവിടെ വാദപ്രതിവാദങ്ങളുണ്ടായി. പഞ്ചായത്തിരാജ് എന്ന പേരു മാറ്റിയതിൽ പലരും ഖേദം പ്രകടിപ്പിക്കുകയുണ്ടായി. ഈ ബില്ലിന്റെ പേരു് എന്തുതന്നെ ആയിരുന്നാലും ജില്ലാ കൗൺസിലുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതിനുള്ള ഒരു ബില്ലാണിതു്. മാത്രമല്ല പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്ന യാതൊരു വ്യവസ്ഥയും ഇതിലില്ല. ഏതായാലും അധികാരം വികേന്ദ്രീകരിക്കുക എന്നുള്ള ലക്ഷ്യം നാം സ്വീകരിച്ചുകൊണ്ട് പ്രവർത്തിക്കുമ്പോൾ ഏറ്റവും അടിയിലുള്ള ഘടകമായ പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നൽകുകയെന്നുള്ള ലക്ഷ്യം വച്ചുകൊണ്ട് അതിനാവശ്യമായ ചില നടപടികൾകൂടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എന്നാൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പഞ്ചായത്തുകൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ചെയ്തുകൊടുക്കണം.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : പഞ്ചായത്തുകൾക്ക് ജില്ലാ കൗൺസിലിൽ പ്രാതിനിധ്യം വേണമെന്നുള്ളതിനെ സംബന്ധിച്ച് എന്താണഭിപ്രായം ?

ശ്രീ. എ. എസ്. പുരുഷോത്തമൻ : പഞ്ചായത്തുകൾക്ക് യൂണിവേഴ്സിറ്റിയിലും മറ്റും പ്രാതിനിധ്യമുള്ളതുപോലെ കേവലമായ പ്രാതിനിധ്യം പോരാ എന്നുള്ളതാണ് എന്റെ അഭിപ്രായം. അങ്ങനെയായാൽ ശരിക്കും ഉത്തരവാദിത്വം ഉണ്ടായിരിക്കുകയില്ല. അവരുടെ ഇഷ്ടാനിഷ്ടങ്ങളനുസരിച്ച് പ്രവർത്തിക്കും. അതുകൊണ്ട് പ്രദേശത്തെ ജനങ്ങളോട് ഉത്തരവാദിത്വമുള്ള നിലയിൽ പഞ്ചായത്തുകൾക്ക് കഴിയുന്നിടത്തോളം കൂടുതൽ പ്രാതിനിധ്യം നൽകണം. പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുക എന്ന നിലയിൽ കൂടുതൽ സാമ്പത്തിക സഹകര്യങ്ങളും ചെയ്തുകൊടുക്കുന്ന കാര്യംകൂടി ആലോചിക്കണമെന്ന് എനിക്കഭ്യർത്ഥനയുണ്ട്. ഇന്നു പഞ്ചായത്തുകൾക്കുള്ള സാമ്പത്തിക സഹകര്യങ്ങൾക്ക് വിഘാതമുണ്ടാകുന്നതെന്നു മാത്രമല്ല കൂടുതൽ സഹകര്യമുണ്ടാക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ ഇന്നു ഈ ബിൽ മുഖേന നൽകാനുദ്ദേശിക്കുന്ന അധികാരങ്ങളും അവകാശങ്ങളും എല്ലാംതന്നെ നടപ്പിലാക്കുന്നതിനും അതനുസരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുന്നതിനുമുള്ള അധികാരത്തോടൊപ്പം ആവശ്യമുണ്ടെങ്കിൽ അവരുടെമേൽ അച്ചടക്ക നടപടിയെടുക്കുന്നതിനുവരെയുള്ള അധികാരങ്ങൾ ജില്ലാ കൗൺസിലിനും പഞ്ചായത്തുകൾക്കും ഉണ്ടായിരിക്കണം. അതില്ലെങ്കിൽ നാം ഉദ്ദേശിക്കുന്ന ലക്ഷ്യത്തിൽകൂടി പ്രവർത്തിക്കുവാൻ നമുക്കു സാധിക്കുകയില്ല. കാരണം, വളരെ ശക്തിയായ രാഷ്ട്രീയത്തിൽ ഈ സഭയിലും പുറത്തും ഉദ്യോഗസ്ഥന്മാരുടെ ഉദ്യോഗസ്ഥമേധാവിത്വത്തെപ്പറ്റി ആക്ഷേപിക്കുകയുണ്ടായിട്ടുണ്ട്.

LIBRARY.ARCHIVES Kerala Legislative Assembly

ആ നിലയിൽ ഇത്തരം ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുവാനുള്ള അവകാശവും അധികാരവും ജില്ലാ കൗൺസിലിനും പഞ്ചായത്തുകൾക്കും കൊടുത്താലല്ലാതെ സാദ്ധ്യമല്ല. ഉദ്യോഗസ്ഥന്മാരുടെ പേരിൽ അച്ചടക്കനടപടി എടുക്കുന്നതിനു കഴിഞ്ഞെങ്കിൽ മാത്രമേ ഈ ബില്ലിൽ പറയുന്ന കാര്യങ്ങളും നമുക്ക് പ്രയോഗത്തിൽ വരുത്താൻ കഴിയുകയുള്ളൂ.

പഞ്ചായത്തുകൾക്ക് ഇന്നുള്ള അധികാരങ്ങൾതന്നെ പ്രയോഗിക്കുവാൻ എത്രത്തോളം ബുദ്ധിമുട്ടുകളുണ്ടെന്നുള്ളതിനെ സംബന്ധിച്ച് ബോധവാന്മാരാണ് ഇന്നു പഞ്ചായത്തുകളിൽ ഉള്ളവരെല്ലാംതന്നെ. ഈ ബില്ലിന്റെ സെലക്ട് കമ്മിറ്റി തെളിവെടുക്കാൻപോയ സന്ദർഭത്തിലും പഞ്ചായത്തുകൾക്ക് കൂടുതൽ അവകാശാധികാരങ്ങൾ നൽകേണ്ടതിനെ സംബന്ധിച്ച് വളരെ ശക്തിയായി അവരെല്ലാം നിവേദനങ്ങൾ സമർപ്പിച്ചെങ്കിലും നിർഭാഗ്യവശാൽ സെലക്ട് കമ്മിറ്റി അതിനു വേണ്ടത്ര പ്രാധാന്യം കൽപ്പിച്ചില്ലെന്ന കാര്യം ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷത്തുള്ള ചില ബഹുമാനപ്പെട്ട മെമ്പറന്മാർ അധികാരം വികേന്ദ്രീകരിക്കുന്ന കാര്യത്തിൽ 'ഞങ്ങൾ അതിനുവേണ്ടി നിലനിൽക്കുകയാണ്' എന്ന് വളരെ ആവേശത്തോടുകൂടി പറയുകയുണ്ടായി.

ചെയർമാൻ (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : ബഹുമാനപ്പെട്ട മെമ്പർ നാളെ തുടരാം. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8 മണിക്ക് വീണ്ടും കൂടുന്നതുമാണ്.

The Assemby adjourned at 1 p. m. to meet again at 8 a.m. on Tuesday the 12th August, 1969.

LIBRARY ARCHIVES Kerala Legislative Assembly